


# അറിയപ്പെടാത്ത താരങ്ങൾ

പ്രാർത്ഥനാ സമയ സഹായി

ജനുവരി 2016

ദിനം 1

## ബെസലേൽ

പുറപ്പാട് 35:30 – 36:5

**ദൈവമഹത്വത്തിനായി തിരഞ്ഞെടുക്കപ്പെട്ടവൻ**
ഈ മനുഷ്യനെ ദൈവം തിരഞ്ഞെടുത്ത് ദൈവാത്മാവിനാലും കഴിവുകളാലും ഭാവനയാലും ജ്ഞാനത്താലും നിറച്ചു എന്നു നാം ഇവിടെ വായിക്കുന്നു (വാ 30–33).
ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർതന്നെയാണ് നാമോരുത്തരും, ലോകസൃഷ്ടിക്കുമുന്നേതന്നെ (എഫേസ്യർ 1:4), നമുക്കോരോരുത്തർക്കുമായി ദൈവം മുൻകൂട്ടിനിശ്ചയിച്ചിരിക്കുന്ന കാര്യങ്ങൾ നിറവേറ്റാനായി (എഫേസ്യർ 2:10).
ഇക്കാര്യത്തിൽ നിങ്ങൾക്കു സംശയമുണ്ടോ? തീർച്ചയായും ചില സമയങ്ങളിൽ കഴിവില്ലാത്തവരെന്നും ഉപയോഗശൂന്യരെന്നും യോഗ്യരല്ലാത്തവരെന്നുമുള്ള തോന്നലുകൾ നമുക്കുണ്ടാകാം. എന്നാൽ വചനങ്ങൾ പറയുന്നത് നമ്മുടെ തോന്നലുകൾക്കു വിരുദ്ധമായാണ്.

ഇന്നു നിങ്ങൾ ദൈവരാജ്യത്തിലായിരിക്കുന്നത്, ദൈവം നിങ്ങളെ വിശേഷപ്പെട്ടരീതിയിൽ തിരഞ്ഞെടുത്തതുകൊണ്ടാണ്. ക്രിസ്തുവിനാൽ ശുദ്ധിയാക്കപ്പെട്ടനിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും ചെയ്തിരിക്കുന്നു. ദൈവസഭയെ പടുത്തുയർത്താനായി നമ്മുടെ കഴിവുകളെ ഉപയോഗിക്കാനും ദൈവത്തിനു മഹത്വം കരേറ്റാനുമായി പരിശുദ്ധാത്മാവു നമ്മെ പര്യാപ്തമാക്കുന്നു (1 കൊരിന്ത്യർ 2:7–11, റോമർ 12:6–8, 1 പത്രോസ് 4:10–11).

### മറ്റുള്ളവർക്കു കഴിവു പകരുക
മറ്റുള്ളവരെ പ്രാപ്തരാക്കാനുള്ള കഴിവു ദൈവം ബെസലേലിനും ഓഹോലിയാബിനും നൽകിയെന്ന് മുപ്പത്തിനാലാം വാക്യം പറയുന്നു. അവർക്കു ദൈവം കൊടുത്ത കഴിവുകൾ മറ്റുള്ളവരിലേക്കു പകർന്നു കൊടുത്ത് മറ്റുള്ളവരെയും ദൈവശുശ്രൂഷയ്ക്കായി പര്യാപ്തരാക്കണമെന്നതായിരുന്നു ദൈവഹിതം.

ഇന്നു നമ്മോടു ദൈവം ആവശ്യപ്പെടുന്നതും ഇതുതന്നെയല്ലേ?
എന്തൊക്കെ കഴിവുകളാണ് ദൈവം സഭയിലുടനീളമായി നൽകിയിരിക്കുന്നത്? പാടാനും, ശുശ്രൂഷിക്കാനും, കെ കെ സി യിലും പ്രീ-ടീൻസിനെയും ടീൻസിനെയും കാംപസുകാരെയുമൊക്കെ പഠിപ്പിക്കുവാനും, പ്രസംഗിക്കുവാനും, ബൈബിൾ പഠിപ്പിക്കുവാനും, ക്ലാസ്സുകളും പാഠങ്ങളും മറ്റും ഒരുക്കുവാനും, പരിഭാഷപ്പെടുത്തുവാനും, കലാപരമായ കാര്യങ്ങൾ ചെയ്യാനും, ഭക്ഷണം പാകം ചെയ്യാനും, പ്രോത്സാഹിപ്പിക്കാനും, കണക്കുകാര്യങ്ങൾ നോക്കാനും, വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനും... ഇതെല്ലാം നിങ്ങൾ ദൈവരാജ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ? ഈ കഴിവുകൾ പകർന്നുകൊടുക്കാനായി മറ്റുള്ളവരെ തിരഞ്ഞെടുക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ടോ?

### വിശ്വസ്തരും ഉത്തരവാദിത്വമുള്ളവരുമായ സേവകർ
ദൈവം കല്പ്പിച്ചതുപോലെതന്നെ ബെസലേലും ഓഹോലിയാബും പ്രവർത്തിച്ചെന്ന് പുറപ്പാട് 38:22-23 വാക്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. തങ്ങളുടെ ജോലി വിശ്വസ്തതയോടെ ചെയ്യുന്നതിൽ മാത്രമല്ല, അതിന്റെ പുരോഗതിയെക്കുറിച്ചു മോശയോടു വിവരങ്ങൾ അതാതു സമയത്തു ധരിപ്പിക്കാനും അവർ ആർജ്ജവം കാണിച്ചു. കർത്താവിന്റെ വേലയിൽ നിങ്ങളും ഇതുപോലെ വിശ്വസ്തരായവരാണോ? ജോലികൾ ഏറ്റെടുക്കാനും, നിർദ്ദേശങ്ങൾ പാലിച്ച് അതിന്റെ പുരോഗതികളെക്കുറിച്ചു നേരാംവണ്ണം ധരിപ്പിച്ച് കർത്താവിന്റെ വേല ഭംഗിയാക്കാനുമൊക്കെ?

### പ്രായോഗികമായി:
1. ദൈവം നിങ്ങളെ തിരഞ്ഞെടുത്തതിനെ ഓർത്തു നന്ദികരേറ്റുക - നിങ്ങളുടെ സ്നാന സമയവും, ദൈവം അതൊരുക്കിയ അത്ഭുതവഴികളുമോർത്ത്.
2. ആത്മാവു നിങ്ങൾക്കു നൽകിയിട്ടുള്ള വരങ്ങളെക്കുറിച്ച് ചിന്തിക്കുക, അവയെ കൂടുതൽ ദൈവമഹത്വത്തിനായി എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്ന് എഴുതുക. കൂടുതൽ വിശ്വസ്തനാകുവാൻ എപ്രകാരം കഴിയും?
3. നിങ്ങൾക്കുള്ള കഴിവുകളും, നിങ്ങൾ പഠിച്ച കാര്യങ്ങളും പങ്കുവയ്ക്കാനും പരിശീലിപ്പിക്കാനുമായി ആരെയെങ്കിലും കണ്ടെത്തി സഹായിക്കുക.

ദിനം 2

# ഫിനേഹാസ്

## സംഖ്യാപുസ്തകം, അദ്ധ്യായം 25

ചരിത്രം: അഹരോന്റെ കൊച്ചുമകനും, എലെയാസാറിന്റെ മകനുമാണ് ഫിനെഹാസ്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നും വിമോചിതരായ ഇസ്രായേൽ മക്കൾ തങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലേക്കുള്ള പ്രയാണത്തിലാണ്. ദൈവകരം അവരുടെ കൂടെയുണ്ടായിരുന്നതിനാൽ, അവർ കടന്നുപോകുന്ന ദേശത്തെവിടെയും അവരെക്കുറിച്ചുള്ള ഭയം വലുതായുണ്ടായിരുന്നു. അത്തരമൊരു ദേശമായിരുന്ന മോവാബ്യയിലെ രാജാവ് ബാലാക്ക്, ഇസ്രായേൽ മക്കളെ ശപിക്കുവാനായി ബിലെയാമിനെ ശരണം പ്രാപിച്ചു. എന്നാൽ ശപിക്കുവാനായി വായ് തുറക്കുമ്പോഴെല്ലാം ബിലെയാമിന്റെ നാവിൽ അനുഗ്രഹവാക്കുകളാണു വന്നത്. അതിനാൽ ഇസ്രായേൽ മക്കളുടെ അടുത്തേക്ക് തങ്ങളുടെകൂട്ടത്തിലുള്ള ഏറ്റവും മോഹിനികളായ സ്ത്രീകളെ പറഞ്ഞയച്ച് ബാൽ ദേവനെ ആരാധിക്കുന്നതിലേക്ക് അവരെ വശീകരിക്കാനായി ബിലെയാം ഉപദേശിച്ചു (31:16). ഈ പദ്ധതി വിജയം കാണുന്നതായി നമുക്കു മനസ്സിലാക്കാൻ കഴിയും.

മൊവാബ്യസ്ത്രീകളുടെ പ്രലോഭനത്തിൽ വീണ ഇസ്രയേൽ മക്കൾ വിവിധപാപങ്ങളിൽ നിപതിച്ചു: അവിഹിതവേഴ്ച, വിഗ്രഹാരാധനയിലും അതിനോടനുബന്ധിച്ചുള്ള യാഗാർപ്പണത്തിലും പങ്കുകാരാകൽ, വിഗ്രഹാർപ്പിത ഭക്ഷണത്തിൽ പങ്കുചേരൽ, അവയെ ആരാധിക്കൽ, പേയോരിലെ ബാൽ ദേവനോടൊപ്പം കൂട്ടുകൂടിയ അവരുടെമേൽ ദൈവം കോപാകുലനായി.

അനന്തരഫലമോ? കഠിനമായ ഒരു വ്യാധി പൊട്ടിപ്പുറപ്പെട്ടു, 24000 ഇസ്രായേൽ മക്കൾ അന്നേദിവസം കൊല്ലപ്പെട്ടു.

ദയാനിധിയായ ദൈവം ഇതുപോലെ ക്രോധിച്ച് ആളുകളെ വധിക്കുമോ എന്ന ചോദ്യം നമ്മിൽ ചിലരുടെയെങ്കിലും ഉള്ളിൽ തോന്നാം. പ്രത്യേകമായി പഠിക്കേണ്ട ഒരു വിഷയമാണിതെന്നാകിലും, തിന്മയെ വെറുക്കാത്ത ഒരു ദൈവസ്നേഹത്തെക്കുറിച്ചല്ല വേദപുസ്തകം പരാമർശിക്കുന്നത്. ദൈവസ്നേഹത്തെക്കുറിച്ച് ഒരു ലേഖനമെഴുതുമ്പോൾ അതിലൊരുനല്ലപങ്ക് ദൈവക്രോധത്തെക്കുറിച്ച് ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ഈ പാപം ചെയ്ത ഇസ്രായേൽ മക്കളുടെ നായകരെ ഉന്മൂലനം ചെയ്ത് അവരുടെ പാപത്തെ വെളിച്ചത്ത്കൊണ്ടുവരാൻ ദൈവം മോശയോടു കൽപ്പിച്ചു. എന്നാൽ ദൈവത്തിനുമുന്നിൽ കരഞ്ഞുകൊണ്ടിരുന്ന ഇസ്രായേലിന്റെ സർവ്വ സഭകളുടെയും മോശയുടെയും മുമ്പാകെ, ശിമയോൻ ഗോത്രത്തിലെ ഒരു പ്രഭുവായ സാലുവിന്റെ മകനായ സിമ്രി എന്ന ഒരുവൻ മിദ്യാൻ ഗോത്രാധിപനായിരുന്ന സൂരിന്റ മകളായ കൊസ്ബി എന്നുപേരായ ഒരു സ്ത്രീയെ അവന്റെ കൂടാരത്തിലേക്കു കൂട്ടിക്കൊണ്ടു

പോയി. ഇതുകണ്ട ഫിനേഹാസ് സഭാമദ്ധ്യേ എഴുന്നേറ്റുചെന്ന് ഒരു കുന്തം രണ്ടു പേരുടെയും ഉദരം തുളക്കുമാറു കുത്തിയിറക്കി അവരെ രണ്ടുപേരേയും വധിച്ചു കളഞ്ഞു - അവർ രണ്ടുപേരും പ്രമാണിമാരുടെ മക്കളായിരുന്നിട്ടു കൂടി. ഇസ്രായേലിനെതിരായി ഉയർന്ന വലിയ ബാധ അപ്പോഴാണ് നിലച്ചത്.
ഇത്രയും വലിയ ഒരു ശിക്ഷ കിട്ടുവാൻതക്കവിധം സിമ്രി ചെയ്ത കുറ്റത്തിന്റെ ആഴമെന്തായിരുന്നു?
അവൻ ദൈവത്തിന്റെയോ ദൈവജനത്തിന്റെയോ കൂടെയായിരുന്നില്ല, 24000 പേർ അപ്പോൾത്തന്നെ ആ ദിവസം ബാധയേറ്റു മരിച്ചുകഴിഞ്ഞിരുന്നു. മോശയും സർവ്വമൂപ്പന്മാരും ഇസ്രായേൽ സഭകളും സമാഗമകൂടാരത്തിനുമുന്നിൽ വിലപിക്കുകയായിരുന്നു. എന്നാൽ ഇതൊന്നും വകവയ്ക്കാതെ മോശയെയും സകല നായകഗണത്തെയും അവഹേളിച്ച് തന്റെ മാംസേച്ഛയെ അവിഹിതമായി പ്രീതിപ്പെടുത്താനായി അവൻ ഒരു വിജാതീയ സ്ത്രീയെയും കൊണ്ട് പരസ്യമായി അവന്റെ കൂടാരത്തിൽ പ്രവേശിക്കുകയായിരുന്നു.

പാപം നമ്മിൽ പ്രവർത്തിക്കുന്നതും ഇപ്രകാരമാണ്. ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളെ കാണാൻ സാധിക്കാത്തവിധം ഏതെങ്കിലും പാപങ്ങളിൽ നിങ്ങൾ മുഴുകിയിരിക്കുന്നുണ്ടോ?

ഫിനേഹാസിനെ ഇന്നു നമ്മുടെ മുന്നിൽ താരമാക്കുന്നതെന്താണ്?
അവൻ സാഹചര്യത്തെ ശരിയായി വിലയിരുത്തി, ദൈവത്തിന്റെ ഹൃദയം കണ്ടു. ദൈവം മോശയോട് ഫിനേഹാസിനെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയതു നോക്കുക: ഞാൻ എന്റെ തീക്ഷ്ണതയിൽ യിസ്രായേൽ മക്കളെ സംഹരിക്കാതിരിക്കേണ്ടതിനു പുരോഹിതനായ അഹരോന്റെ മകനായ എലെയാസാരിന്റെ മകൻ ഫിനേഹാസ് അവരുടെയിടയിൽ എനിക്കുവേണ്ടി തീക്ഷ്ണതയുള്ളവനായി എന്റെ ക്രോധത്തെ യിസ്രായേൽ മക്കളിൽ നിന്നു നീക്കിക്കളഞ്ഞിരിക്കുന്നു (വാക്യം 11).

ആരുടെ മാനത്തെക്കുറിച്ചാണ് നാം തീക്ഷ്ണതയുള്ളവരായിരിക്കുന്നത്? ചിലപ്പോഴൊക്കെ നാം നമ്മുടെ മാനം ദൈവത്തിന്റെ മാനത്തെക്കാൾ വിലയുള്ളതായി കണക്കാക്കുന്നു. ലോകത്തിനുമുന്നിൽ നമ്മുടെ മാനം ആകാശംമുട്ടെയുയരുമ്പോൾ ദൈവത്തിനുമുന്നിൽ നമ്മുടെ മാനം ശൂന്യമായിരിക്കുകയാണ്.

സ്വന്തം സൗകര്യത്തേക്കാൾ ഉപരിയായി ഫിനേഹാസിനു ദൈവത്തിന്റെ മാനത്തെക്കുറിച്ചുണ്ടായിരുന്ന തീക്ഷ്ണതയാണ് അവനെ ദൈവത്തിനുമുന്നിൽ മാനിയാക്കിയത്. തനിക്കും തന്റെ തലമുറകൾക്കും എന്നന്നേയ്ക്കുമായി പുരോഹിതശുശ്രൂഷയ്ക്കുള്ള അർഹതനൽകി ദൈവം അവനെ അനുഗ്രഹിച്ചു.
നമ്മുടെ മാനത്തേക്കാൾ ഉപരിയായി കർത്താവിന്റെ മാനം നാം പരിഗണിക്കുമ്പോൾ ഈ അനുഗ്രഹം നമുക്കും സ്വന്തമായതാകും.
1. ദൈവത്തെക്കുറിച്ചു നിങ്ങളുടെ മനസ്സിൽ ഉടലെടുത്തിട്ടുള്ള നിരൂപണങ്ങൾ എന്തൊക്കെയാണ്?
2. ദൈവത്തിനു അപമാനം വരുത്തിവയ്ക്കുന്ന കാര്യങ്ങൾക്കെതിരെ കണ്ണടയ്ക്കത്തക്കവണ്ണം നിങ്ങൾ വ്യാപൃതരായിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
3. നിങ്ങളുടെ മാനത്തേക്കാൾ ഉപരിയായി ദൈവത്തിനു മാനം നൽകണമെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ ഉടൻതന്നെ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയാണ്?

ദിനം 3

# യായേൽ

## ന്യായാധിപർ 4:17-24

ശക്തമായ പോരാട്ടം നടക്കുന്ന ഒരു യുദ്ധക്കളമാണ് ഇവിടത്തെ രംഗം. പരാജയപ്പെട്ട സൈന്യവും സേനാധിപൻ സീസെരായും പാലായനം ചെയ്തുകൊണ്ടിരിക്കുന്നു. കേന്യനായ ഹേബെരിന്റെ ഭാര്യ യായേലിന്റെ കൂടാരത്തിലേക്ക് സീസെരാ അഭയം തേടിയെത്തി, ശത്രുവിന്റെ കയ്യിൽപ്പെടാതെ സുരക്ഷിതമായിരിക്കാൻ പറ്റിയ ഒരു സ്ഥലമാണതെന്ന് അവൻ കരുതി.

കേന്യർ ഇസ്രായേൽ മക്കളുടെ പക്ഷത്തായിരുന്നെങ്കിലും, ഹേബെരിന്റെ വംശം ശത്രുവായ ഹാസോർ ദേശത്തെ രാജാവായ യാബീനുമായി അടുപ്പത്തിലായിരുന്നു. തന്റെ ഭർത്താവിന്റെ നിലപാടിനു വിരുദ്ധമായി ഇസ്രായേൽ ദേശത്തോടു വിശ്വസ്തത കാത്തുസൂക്ഷിച്ചിരുന്നു യായേൽ - രഹസ്യമായി.

യായേലിനെ സംശയിക്കാൻ സീസെരാവിന് യാതൊരു കാരണങ്ങളുമില്ലായിരുന്നു. തന്റെ വിശ്വസ്തനായ ഹേബെരിന്റെ ഭാര്യയുടെ അടുത്ത് യാതൊരു സംശയവുമില്ലാതെ നിന്ന സീസെരാ, സുരക്ഷാകവചങ്ങളില്ലാത്തവനായി. യുദ്ധത്തിൽ പരാജിതനായി ക്ഷീണിച്ച് ജീവനും കൊണ്ട് ഓടിയ അവന് വിശ്വസ്തമായ ഒരിടത്ത് വിശ്രമമായിരുന്നു ആവശ്യം.

കാര്യപ്രാപ്തയും നല്ല ആതിഥേയയും മാന്യയും കാര്യങ്ങൾ മനസ്സിലാക്കിപ്രവർത്തിക്കുന്നവളുമായ ഒരു നല്ല ഭാര്യയായിരുന്നു യായേൽ. എന്നിരുന്നാലും തന്റെ ജനത്തെ വിജയത്തിലേക്ക് നയിക്കുന്ന ദൈവത്തിന്റെ വലിയ പദ്ധതിയിലേക്ക് അവളെ വിളിക്കപ്പെട്ടപ്പോൾ, സമർപ്പണത്തോടും വിശ്വസ്തതയോടുംകൂടി, മറുചോദ്യങ്ങൾ ഉന്നയിക്കാതെതന്നെ അവൾ അനുസരണം കാണിച്ചു.

അവളുടെ ജോലിയിൽ തികഞ്ഞ ഉത്തരവാദിത്വവും ശ്രദ്ധയും കാണിച്ച അവൾ ഇസ്രായേലിന്റെ ദുർഘടഘട്ടത്തിൽ ഇടറിപ്പോകാതെ ധീരതയും നിശ്ചയദാർഢ്യവും കാണിച്ചു.

തന്റെ കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റി സാധാരണകുടുംബിനിയായി ജീവിച്ച അവൾക്കു വേണ്ടി ദൈവം ഒരു ചരിത്ര നിയോഗമാണ് ഒരുക്കിവച്ചത്, അതവൾ ഹൃദയം കൊടുത്തു പൂർത്തീകരിച്ചു. ദൈവം നമുക്കായി ഒരുക്കിവച്ചിട്ടുള്ള പ്രവർത്തികൾ നിറവേറ്റാനായി ഒരു പദവിയുടെയോ, സ്ഥാനത്തിന്റെയോ ആവശ്യം നമുക്കുവേണ്ട. ദൈവത്തിനായി ഉപയോഗിക്കാനുള്ള കഴിവുകളും കരുത്തും നമുക്കെല്ലാവർക്കുമുണ്ട്. കൂടാരമുണ്ടാക്കുന്നതിൽ അക്കാലത്തു സ്ത്രീകൾക്കു നിപുണതയുണ്ടായിരുന്നു, യായേലിനും കൂടാരക്കുറ്റിതറയ്ക്കുന്നതിൽ നല്ല പരിശീലനമുണ്ടായിരുന്നു. തന്റെ ജനത്തിനു വിജയമുണ്ടാകേണ്ടതിന്, തനിക്കറിയാവുന്ന കാര്യം അവൾ മികവോടെചെയ്തു. ചെറിയ ഒരു കൂടാരത്തിലാണെങ്കിലും തക്കസമയത്തു കാണിച്ച വിവേകം വലിയ ഒരു വിജയം ദൈവജനത്തിനു നൽകി. പടനായകനായ ബാരാക്കിനെ വിളിച്ചുവരുത്തി ചെയ്യാനൊന്നും മിനക്കെടാതെ, തനിക്കു കിട്ടിയ അവസരം അവൾ ശരിയായി വിനിയോഗിച്ചു.

## ന്യായാധിപർ 5:24-27

ദൈവത്തെ മഹത്വപ്പെടുത്തി ദെബോര പാടിയ പാട്ടിൽ, യായേലിന്റെ അനുസരണയെപ്രതി അവളെ അനുഗൃഹീതയെന്നു പുകഴ്ത്തുന്നു.

- യായേലിന്റെ സാഹചര്യം പോലെ, നിങ്ങളുടെ വീട്ടിൽ നിങ്ങളെ താങ്ങാൻ ആരുമില്ലെങ്കിലും നിങ്ങൾ ശരിയായതു ചെയ്യുമോ അതോ സമ്മർദ്ദത്തിനും ജനപ്രീതിക്കും വഴങ്ങുമോ?
- നിങ്ങളോട് ഏറ്റവും അടുപ്പമുള്ള ഒരാൾ - ജീവിത പങ്കാളിയോ, സുഹൃത്തോ, സഹോദരനോ/സഹോദരിയോ, ശിഷ്യത്വപങ്കാളിയോ മറ്റോ - ദൈവീകമല്ലാത്ത ഒരു തീരുമാനമെടുക്കാനൊരുമ്പെട്ടപ്പോൾ നിങ്ങൾ എങ്ങിനെയാണു പ്രതികരിച്ചത്? ദൈവത്തിനനുകൂലമായ ഒരു നിലപാടെടുക്കാൻ നിങ്ങൾക്കു കഴിഞ്ഞിരുന്നോ? ഇല്ലെങ്കിൽ, എന്തായിരുന്നു കാരണം?
- അസാധാരണമായ രീതിയിൽ എന്തെങ്കിലും ചെയ്യേണ്ടിവരുന്ന സാഹചര്യമുണ്ടാകുമ്പോൾ - നിങ്ങൾക്കു സൗകര്യപ്രദമല്ലാത്തതോ, അപകടമായേക്കും എന്നു തോന്നുന്നതോ, നിങ്ങളുടെ കഴിവിനപ്പുറത്തുള്ളതോ ആയവ - നിങ്ങൾ എങ്ങിനെയാണു പെരുമാറാറുള്ളത്? ദൈവഹിതത്തോട് അനുസരണകാണിക്കുമോ അതോ ദൈവത്തിന്റെ ജ്ഞാനത്തെ ചോദ്യം ചെയ്യുമോ?
- നിങ്ങളുടെ മുന്നിൽ അവസരങ്ങൾ കാണുമ്പോൾ നിങ്ങൾ ഉണർന്നു പ്രവർത്തിക്കുമോ അതോ മറ്റുള്ളവർക്കു പിന്നിലായി നിങ്ങളെ ഒരു സുരക്ഷിത സ്ഥാനത്തു സ്ഥാപിക്കുമോ?
- ദൈവമഹത്വത്തിനായി നിങ്ങളുടെ കഴിവുകളെ ഉപയോഗിക്കുന്നുണ്ടോ?

സാധാരണസ്ത്രീകൾക്കു പ്രവർത്തിക്കാൻ കഴിയുന്നതിലും വലിയ വിപ്ലവകരമായ ഒരു പ്രവർത്തിയാണ് യായേൽ ചെയ്തത്, അവൾ അനുഗൃഹീതയെന്നു വിളിക്കപ്പെടുകയും ചെയ്തു. ദൈവവിളി കേൾക്കുന്നതിനായി നമുക്കും ഒരുങ്ങാം - എപ്പോഴും എവിടെവച്ചും ഏതു രീതിയിലും - കാരണം മഹത്വപ്പെടുന്നത് കർത്താവിന്റെ നാമമാണ്.

ദിനം 4

# ബോവസ്

പ്രായക്കൂടുതലുള്ള സ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയ സ്ത്രീകളെ പൂർണ്ണ നിർമ്മലതയോടെ സഹോദരീമാരെപ്പോലെയും തന്നെ. (1 തിമോത്തി 5:2)

ഈ വചനം എഴുതപ്പെടുന്നതിനുമെത്രയോ മുന്നേതന്നെ ഇതു ജീവിതത്തിൽ പകർത്തിയവനാണ് ബോവസ്. നവോമിയെ അമ്മയെപ്പോലെയും രൂത്തിനെ നിർമ്മലതയോടെയും അവൻ കരുതി. നിസ്സഹായരായ സ്ത്രീകൾക്കുപോലും ആശ്രയമർപ്പിക്കാവുന്ന ഒരുവനായിരുന്നു ബോവസ്. പരിരക്ഷിക്കാൻ ആരുമില്ലാത്ത സ്ത്രീയെ മുതലെടുക്കാനുള്ള അവസരമായിക്കാണുന്ന ഈ ലോകത്ത് അങ്ങനെയുള്ളവരോടു മാന്യതയോടും ബഹുമാനത്തോടും കൂടെ പെരുമാറി ബോവസ് വ്യത്യസ്തനായി.

### 1. ബോവസ് - അനുകരണീയനായ വ്യക്തി

നമ്മുടെ പെൺമക്കൾ ബോവാസിനെ പ്പോലുള്ളവരെ വിവാഹം കഴിക്കണമെന്നും, നമ്മുടെ മരുമകൻ അദ്ദേഹത്തെ അനുകരിക്കണമെന്നും നമ്മൾ ആഗ്രഹിക്കും.

## രൂത്ത് 2:8-9

രൂത്തിനെക്കുറിച്ച് അന്വഷിപ്പിച്ച ബോവസ് അവൾ കഠിനാധ്വാനിയാണെന്നും ഏകയായ തന്റെ ഭർതൃമാതാവിനെ വിട്ടുമാറാതിരിക്കുന്നവളാണെന്നും മനസ്സിലാക്കി. അവൾ ഭയന്നേക്കുമെന്നുവിചാരിച്ചിട്ട് അവളെ മകളേയെന്ന് അഭിസംബോധന ചെയ്തു - അവർ തമ്മിലുള്ള ബന്ധത്തിന്റെ അതിർവരമ്പുകൾ ആ വിളിയിൽത്തന്നെ സ്ഥാപിതമാക്കി. അവന്റെ വാക്കുകൾ അവൾക്കു:
- സുരക്ഷിതത്വബോധം നൽകി - ഇവിടെ താമസിച്ച്, തന്റെ ജോലിക്കാരോടുകൂടി ജോലിചെയ്തോളൂ.
- സംരക്ഷണം നൽകി - മറ്റു പുരുഷന്മാരിൽനിന്നുമുണ്ടാകുവാൻ സാദ്ധ്യതയുള്ള ശല്യമൊഴിവാക്കി.
- മാന്യതനൽകി - അവളുടെ ശാരീരികാവശ്യങ്ങളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി.

### രൂത്ത് 2:22-23
ബോവസിലെ ഉത്തരവാദിത്വമുള്ള മാന്യവ്യക്തിയെ നവോമി നന്ദിപൂർവ്വം മനസ്സിലാക്കി. ബോവസിന്റെ വേലക്കാരികളോടു കൂടിത്തന്നെയിരിക്കാൻ അവൾ രൂത്തിനെ പ്രബോധിപ്പിച്ചു.
ആത്മപരിശോധന: ബോവസിന്റെ ഹൃദയവും മനോഭാവവും അനുകരിക്കാൻ എനിക്കെങ്ങനെ കഴിയും?

## 2. ബോവസ് - തന്റെ ജീവിതം തന്റെ വിശ്വാസത്തോടു പൊരുത്തമുള്ളതാക്കി

### രൂത്ത് 3:7-13
രാത്രിയാമത്തിൽ രൂത്ത് തന്റെ കാൽചുവട്ടിൽ ഉറങ്ങുന്നത് അയാൾ മനസ്സിലാക്കി. മറ്റു ചെറുപ്പക്കാരുടെ പിന്നാലെ പായാതെ തന്റെയടുക്കൽ ശരണം പ്രാപിച്ച അവളെ ഉത്തമ സ്ത്രീയായി പ്രശംസിച്ചു. ഈ വാക്കുകൾ പറയുമ്പോഴും താൻ ചമച്ച അതിർവരമ്പുകൾ കാത്തു സൂക്ഷിച്ച ബോവസിനെക്കുറിച്ചു നമുക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും:
- സ്ഥിരതയോടെ നിലനിർത്തിയിരുന്ന ബോധ്യം
- സാഹചര്യങ്ങളെ തന്റെ ഇഷ്ടം നിറവേറ്റാനുള്ള ഒഴികഴിവുകളാക്കാതിരിക്കാനുള്ള മനസ്സ്
- ദാരിദ്ര്യത്തിൽ കഴിയുന്നുവെന്നു തോന്നിയ നവോമിയോടും രൂത്തിനോടും കാണിച്ച ഉദാരമനസ്കത.

ബോവാസിന്റെ നീതിപ്രവൃത്തികൾ, വിധവകളെ കരുതുന്ന നമ്മുടെ ദൈവത്തിലുള്ള അവരുടെ വിശ്വാസത്തെ ഉറപ്പിച്ചുകാണണം.

### രൂത്ത് 4:13-16
കഥയുടെ തുടക്കത്തിൽ അനാഥയായ ഒരു നവോമിയെയാണു നാം കാണുന്നത്, എന്നാൽ അവസാനമടുക്കുമ്പോഴേക്ക് അനുഗൃഹീതയായ അവളുടെ കയ്യിൽ ഒരു ശിശുവിനെ നാം കാണുന്നു - ഓബേദ്. ഈ കുട്ടി അസാധാരണക്കാരനായിരുന്നു, അവന്റെ വംശപരമ്പരയിലൂടെയാണ് യേശു ഭൂമിയിലേക്കു വന്നത്.

ആത്മപരിശോധന: എന്റെ ജീവിതമാതൃക മറ്റുള്ളവരിൽ ചെലുത്തുന്ന സ്വാധീനവും പ്രചോദനവും എന്തൊക്കെയാണ്?

ദിനം 5

# ഹന്നാ

### 1 ശമുവേൽ 1:1 - 2:21

ന്യായാധിപർ ഭരണത്തിലായിരുന്ന കാലഘട്ടത്തിലാണ് ഹന്നായുടെ ജീവിത കഥ അരങ്ങേറുന്നത് - ഓരോരുത്തരും അവരവർക്കു തോന്നുന്ന വിധത്തിൽ പെരുമാറിയിരുന്ന ഒരു കാലഘട്ടത്തിൽ (ന്യായാധിപർ 21:25). ലേവ്യനായ എൽക്കാന (1 ദിനവൃത്താന്തം 6:27) കുടുംബത്തോടു ചേർന്ന് എല്ലാവർഷവും യഹോവയുടെ കൂടാരത്തിൽ അവനു യാഗം അർപ്പിക്കുവാനും ആരാധിക്കാനുമായി രാമായിൽ നിന്നും തങ്ങളുടെ ആരാധനാകേന്ദ്രമായ ശിലോവിലേക്കു യാത്ര പോകുമായിരുന്നു. എല്ക്കാനായുടെ ഭാര്യമാരിൽ ഒരാളായ ഹന്നായ്ക്ക് സന്താനഭാഗ്യമുണ്ടായിരുന്നില്ല, അതിനാൽ മറ്റേ ഭാര്യയായ പെനിന്ന അവൾക്കു ഭക്ഷണംപോലും കഴിക്കാൻ പറ്റാത്തവിധത്തിലുള്ള മനോവിഷമമുണ്ടാക്കുമാറ് അവഹേളിച്ചിരുന്നു. മറ്റുള്ളവർ നമ്മിലേൽപ്പിക്കുന്ന വേദനകൾ നമുടെ നിയന്ത്രണത്തിലുള്ള ഒരു കാര്യമല്ലെങ്കിലും, അവയോട് എങ്ങിനെ പ്രതികരിക്കണമെന്നത് നമ്മുടെ നിയന്ത്രണത്തിലുള്ള ഒരു കാര്യമാണ്.

യഹോവ അവളുടെ ഗർഭാശയം അടച്ചിരുന്നെങ്കിലും, അവളുടെ ഹൃദയം യഹോവയുടെ നേർക്ക് തുറന്നതായിത്തന്നെയിരുന്നു. പത്താം വാക്യത്തിൽ അവൾ മദ്യപിച്ചിരിക്കുന്നു എന്നു പുരോഹിതനായ ഏലിക്കു തോന്നുമാറ് മനോവ്യസനത്തോടെ അവൾ കരഞ്ഞു പ്രാർത്ഥിച്ചിരുന്നു. സ്വരം വെളിയിൽ കേൾക്കാതെ പ്രാർത്ഥിച്ച അവളുടെ ചുണ്ടുകൾ ചലിക്കുന്നതു കണ്ടിട്ടാണ് അവന് അപ്രകാരം തോന്നിയത്. ഹൃദയത്തിൽ കയ്പു നിറയുവാനും നിരുത്സാഹവതിയായിരിക്കുവാനും മതിയായ കാരണങ്ങൾ ഹന്നായ്ക്കുണ്ടെന്ന് നമുക്കു കാണാം, എങ്കിലും പ്രത്യാശ കൈവിടാതെ അവൾ പ്രാർത്ഥനയിൽ മുഴുകി. അവനിൽ ആശ്രയിച്ചുകൊണ്ട്, തന്റെ മനോവ്യഥമുഴുവൻ ആത്മാർത്ഥതയോടെ അവൾ യഹോവയിങ്കലേക്ക് ഒഴുക്കി. അതിനുശേഷം അവളിൽ വ്യക്തമായ ഒരു മാറ്റം നമുക്കു കാണാൻ കഴിയും (വാ 1:18). അടിയന് തൃക്കണ്ണിൽ നിന്നും കൃപലഭിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുപോയ അവൾ, ഭക്ഷണം കഴിക്കുകയും മുഖപ്രസാദത്തോടെ കഴിയുകയും ചെയ്തു.

പലവർഷങ്ങളോളം ഫലം കാണാതിരുന്നിട്ടും പ്രത്യാശ കൈവിടാതെ പ്രാർത്ഥിക്കാൻ അവൾക്കെങ്ങനെ കഴിഞ്ഞു? ദൈവത്തോടു കോപിക്കാതെയും ഹൃദയത്തിൽ കയ്പു നിറയ്ക്കാതെയും ക്ഷമയോടെയിരിക്കുവനും? ഭർത്താവിനെ കുറ്റപ്പെടുത്താതെയും പെനിന്നായുമായി കലഹിക്കാതെയും കഴിയാൻ അവൾക്കെങ്ങിനെ കഴിഞ്ഞു? പുരോഹിതനായ ഏലിയുടെപരിഹാസത്തിനാൽ കയ്പുനിറയാതിരിക്കാൻ അവൾക്കു കഴിഞ്ഞതെങ്ങനെ? അവസാനം ദൈവം അവളുടെ ഹൃദയാഭിലാഷം നിറവേറ്റിയപ്പോൾ അവനെ യഹോവയുടെ ആലയത്തിൽ അവിടത്തെ ശുശ്രൂഷയ്ക്കായി വളർത്താൻ ഏലിയെ ഏൽപ്പിക്കാൻ അവൾക്കെങ്ങനെ കഴിഞ്ഞു?

അവളുടെ പ്രാർത്ഥനയിലേക്കു നോക്കുമ്പോൾ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളെല്ലാം മറഞ്ഞിരിക്കുന്നതായി നമുക്കു മനസ്സിലാക്കാൻ സാധിക്കും. അവളുടെ ദൈവത്തെ അവൾക്കറിയാമായിരുന്നു, ദൈവത്തെക്കുറിച്ചുള്ള അവളുടെ കാഴ്ചപ്പാടുകൾ വ്യക്തമായതായിരുന്നു. രണ്ടാം അദ്ധ്യായത്തിലെ അവളുടെ പ്രാർത്ഥനയിൽ:
അവനെപ്പോലെ വിശുദ്ധനായ ആരുമില്ല, ഉറപ്പുള്ളവനും (വാ 2), ജ്ഞാനമുള്ളവനും പ്രവർത്തികൾ തൂക്കിനോക്കുന്നവനും അവൻ തന്നെ (വാ 3), കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നതും അവൻതന്നെ (വാ 6), ഉയർത്തുന്നതും താഴ്ത്തുന്നതും അവൻ (വാ 7), ഭൂമിയുടെ അടിസ്ഥാനങ്ങൾ അവന്റേതു തന്നെ (വാ 8). തന്റെ വിശുദ്ധരുടെ കാലുകളെ കാക്കുന്നത് യഹോവയാണ് (വാ 9), ഭൂസീമവാസികളെ വിധിക്കുന്നതും അവൻ തന്നെയാണ് (വാ 10).

ഏലിയുടെ പുത്രന്മാർ ദുഷ്ടത പെരുക്കുന്നവരായിരുന്നുവെങ്കിലും ബാലനായ ശമുവേൽ യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു (വാ 26). പിന്നീട് അവൻ മഹാനായ ന്യായാധിപനും, പ്രവാചകനും പുരോഹിതനുമായി വളർന്നുവന്നു.

**പ്രായോഗിക തലത്തിൽ:**

1. പ്രത്യാശ കൈവിട്ട് പ്രാർത്ഥിക്കാൻ മടുപ്പുകാണിക്കുന്ന മേഖലകളിൽ വിശ്വാസം പുനഃരുജ്ജീവിപ്പിക്കുക.
2. ദൈവവചനവുമായി ശ്രേഷ്ഠമായ സമയങ്ങൾ ചിലവഴിച്ച് ദൈവത്തെക്കുറിച്ച് കൂടുതൽ ബോധ്യങ്ങൾ വളർത്തുക.

ദിനം 6

# ഊരിയാവ്

## ബത്-ശേബയുടെ ഭർത്താവ്

### 2 ശമുവേൽ, അദ്ധ്യായം 11

അയോഗ്യതയും അവിഹിതവേഴ്ചയും കുറ്റകൃത്യങ്ങളുമെല്ലാം മറച്ചുവയ്ക്കാനുള്ള ശ്രമം ചരിത്രത്തിലുടനീളം നാം കണ്ടുവരുന്ന ഒരു കാഴ്ചയാണ്. ബൈബിളിലാകട്ടെ ഈ ശ്രമം വളരെ ആദ്യം തന്നെ നടക്കുന്ന ഒന്നാണ്. ആദാമും ഹവ്വായുമാകട്ടെ മറച്ചുവയ്ക്കാനുള്ള ശ്രമം, തങ്ങളുടെ പാപത്തെ കൂടുതലായി തുറന്നുകാട്ടുകയായിരുന്നെന്നകാര്യം മനസ്സിലാക്കാതെ അതിനു തുനിഞ്ഞു. എക്കാലത്തെയും വലിയ ഒരു മൂടിവയ്ക്കലിനുള്ള ശ്രമമാണ് മുകളിൽ സൂചിപ്പിച്ച അദ്ധ്യായത്തിലേത്, മറ്റുള്ളവയെന്നതുപോലെ അതും ദാരുണമായി പരാജയപ്പെട്ടു.

ഇവിടത്തെ കഥാപാത്രങ്ങളായ ദാവീദും ഊരിയാവും ബത്ശേബായുമെല്ലാം തികച്ചും അപരിചിതരായ ആളുകളല്ല, കുറച്ചെങ്കിലും പരസ്പരം അറിയാവുന്നവരാണ്. ബത്ശേബാ, ദാവീദിന്റെ ശക്തന്മാരിൽ ഒരാളായ ഏലിയാമിന്റെ മകളാണ്, അഹിതോഫെലിന്റെ കൊച്ചുമകളും (2 ശമുവേൽ 23:34).

ദാവീദിന്റെ ശക്തന്മാരിൽ ഒരുവൻതന്നെയാണ് ഊരിയാവും (2 ശമുവേൽ 23:39, 1 ദിനവൃത്താന്തം 11:41), ദാവീദിന്റെ മല്ലന്മാരിൽ ചിലർ താൻ അദുല്ലാം ഗുഹയിൽ ആയിരുന്ന കാലഘട്ടത്തിൽത്തന്നെ അവനോടു ചേർന്നവരാണ് (1 ശമുവേൽ 22:1-2), സഹോദരങ്ങളായ യോവാബും അബിശായും അസാഹേലുമെല്ലാം ഇക്കൂട്ടത്തിൽപ്പെട്ടവരാണെന്നു നമുക്കു കരുതാം (2 ശമുവേൽ 23:18, 24, 1 ദിനവൃത്താന്തം 11:26). കുറച്ചുപേർ സിക്ലാഗിൽ വച്ച് ദാവീദിനോടു ചേർന്നു (1 ദിനവൃത്താന്തം 12:1മുതൽ), മറ്റുള്ളവരാകട്ടെ ഹെബ്രോനിൽ വച്ചും ( 1 ദിനവൃത്താന്തം 12:38-40). ഇതിൽ എവിടെവച്ചാണ് ഊരിയാവ് ദാവീദിനോടു ചേർന്നതെന്ന് നമുക്കറിയില്ല, എങ്കിലും അവർ ഒന്നിച്ചു യുദ്ധംചെയ്യുകയും ശൗലിന്റെ കുന്തമുനയിൽനിന്നും ഒരുമിച്ച് ഒളിച്ചോടുകയും ചെയ്തവരാണ് എന്നു നമുക്കു കരുതാൻ സാധിക്കും.

താൻ ചെയ്തത് തെറ്റാണെന്നകാര്യം ദാവീദിന് നന്നായറിയാമായിരിന്നു, എന്നാലും അവനതു ചെയ്തു. നമ്മുടെ പാപം മറ്റാരെയും ബാധിക്കില്ല എന്നു സംശയിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്ന സാത്താനു നാം പലപ്പോഴും ചെവികൊടുക്കുന്നു, എന്നാൽ എല്ലായ്പോഴും അതു മറ്റുള്ളവരെ ബാധിക്കുന്നുവെന്നതാണു സത്യം. ദാവീദിന്റെ ഈ അവിഹിതസുഖം തേടൽ, നേരിട്ടോ അല്ലാതേയോ താഴെപ്പറയുന്ന കാര്യങ്ങളിലേക്കെത്തിച്ചേർക്കുമെന്ന് അവനറിഞ്ഞിരുന്നുവെങ്കിൽ:
- അവിഹിത ഗർഭം
- തന്റെ വിശ്വസ്തന്റെ ജീവനെടുക്കൽ
- ഒരു ശിശുവിന്റെ മരണം
- സ്വന്തം മകളെ അവളുടെ കൂടപ്പിറപ്പിനാൽ ബലാൽസംഗം ചെയ്യപ്പെടൽ
- അവളുടെ സഹോദരനാലുള്ള പകപോക്കൽ കൊലപാതകം
- മറ്റൊരുമകനാൽ വിനാശകരമായ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെടൽ
- ദാവീദിന്റെ ആത്മനിയന്ത്രണമില്ലായ്മ ഒരു മാതൃകയാക്കിയെടുത്ത മറ്റൊരുമകനാൽ ഇസ്രായേൽ രാജ്യം തന്നെ ദൈവത്തിൽ നിന്നുമകന്നുപോകൽ.

ചോദ്യം: നാം ചെയ്യുന്ന വഴിവിട്ടപ്രവൃത്തികളും നമ്മുടെ പാപങ്ങളും നിമിത്തം വിനാശകരമായ അനന്തരഫലങ്ങൾ പിന്നീടുണ്ടാകുമെന്നകാര്യം നാം മനസ്സിലാക്കുന്നുണ്ടോ?

ബേത്ശേബായുടെ ഗർഭധാരണത്തെക്കുറിച്ചുള്ള വാർത്തകേട്ടതുതന്നെ ദാവീദിനു മാനസാന്തരപ്പെടാനുള്ള ഒരു പ്രചോദനമാകാമായിരുന്നു – എന്നാൽ മാനസാന്തരോദ്ദേശ്യമില്ലാത്ത മറ്റേതൊരു പാപിയെയും പോലെ ദാവീദും തന്റെ പാപം മറച്ചുവയ്ക്കാനാണു ശ്രമിച്ചത്.

ഊരിയാവിനെ യുദ്ധക്കളത്തിൽ നിന്നും പിൻവലിച്ച് വീട്ടിലേക്കയച്ച് ഗർഭത്തിന് ഒരു കാരണം ഉണ്ടാക്കാൻ അവൻ ശ്രമിച്ചു, അതു നടപ്പിലാകാതെവന്നപ്പോൾ സ്വന്തം വധശിക്ഷാവിധിയും കയ്യിൽകൊടുത്ത് അവനെ യുദ്ധത്തിന്റെ മുൻനിരയിലേക്കയച്ചു.

പാപം മറച്ചുവയ്ക്കുക എന്നത് വഞ്ചനാപരമായ കാര്യമാണ്. ദൈവത്തിന്റെമുന്നിൽ നമ്മുടെ പാപം മറഞ്ഞിരിക്കുന്നില്ല, നമ്മുടെ മനഃസാക്ഷിയുടെ മുന്നിൽ പാപത്തെ മറയ്ക്കുന്നതും വിഷമകരമായ ഒന്നാണ്. മറച്ചുവച്ച നമ്മുടെ പാപങ്ങൾ ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയെ അവതാളത്തിലാക്കുകയും ആത്മീയ ജീവിതത്തിന്റെ ശക്തിയെ ചോർത്തിക്കളയുകയും ചെയ്യും. നാം പാപം ഏറ്റുപറയുമ്പോൾ, നമ്മുടെ അതിക്രമങ്ങൾ ക്ഷമിക്കാൻ തക്കവണ്ണം ദൈവം വിശ്വസ്തനാണെന്നുള്ളതും സഹായിക്കത്തക്കവണ്ണം കൃപാലുവാണെന്നുള്ളതും മറന്ന് ആത്മവിശ്വാസം നഷ്ടമാകാൻ നമുക്കിടയാകുന്നു. (1 യോഹന്നാൻ 1, 2 അദ്ധ്യായങ്ങൾ).

യഥാർത്ഥ ചോദ്യമെന്താണെന്നുവച്ചാൽ: പാപങ്ങളെ നേരിടുവാൻ നാം ഒരുക്കമുള്ളവരാണോ? മറ്റുള്ളവരുടെ പാപങ്ങളെക്കുറിച്ചു ചർച്ച ചെയ്യാനല്ല, നമ്മുടെ തന്നെ പാപങ്ങളെക്കുറിച്ച് തുറന്നുപറയാൻ.

സ്പർജൻ എഴുതിയ ഈ വാക്കുകൾ എനിക്ക് എപ്പോഴും പ്രചോദനം നൽകുന്നതാണ്: പാപത്തെക്കുറിച്ചു നമ്മുടെ മനസ്സാക്ഷി നമ്മെ ധരിപ്പിക്കുമ്പോൾ ഉടൻതന്നെ നാം, നമ്മുടെ പാപത്തിന്റെ കാര്യകാരണങ്ങൾ നമ്മെ ധരിപ്പിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഏറ്റുപറയത്തക്കവിധത്തിലുള്ള ഒരു തോന്നൽ നമ്മുടെ ഹൃദയത്തിൽ ഉണ്ടാകാനായി കാത്തുനിൽക്കുകയോ ചെയ്യാതെ, അപ്പോൾ അവിടെവച്ച് നമ്മുടെ പാപം കർത്താവിന്റെ സന്നിധിയിൽ ഏറ്റുപറയുകയാണുവേണ്ടത്.

**പ്രായോഗികമായി:**
- നിങ്ങളുടെ പ്രലോഭനങ്ങളെ/മൃദുസമീപനങ്ങളെക്കുറിച്ചു ചിന്തിക്കുക, അവയ്ക്കുണ്ടാകാവുന്ന അനന്തരഫലങ്ങളുടെ ഒരു പട്ടികയെഴുതുക.
- നിങ്ങളുടെ പാപങ്ങൾ മറച്ചുവയ്ക്കാതെ ഏറ്റുപറയാനും മാനസാന്തരപ്പെടാനുമുള്ള ധീരതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

ദിനം 7

# മെഫിബോശെത്ത്

## ദൈവം നമ്മിലേക്കിറങ്ങിവരുന്ന വഴികൾ

### 2 ശമുവേൽ 4:4, 2 ശമുവേൽ 9:1–8, എഫേസ്യർ 2:1–6

കർത്താവു നമ്മെ തേടിവന്നതിനെയും രക്ഷിച്ചതിനെയും ഓർമ്മപ്പെടുത്തുന്ന ഒരു മഹത്തായ ജീവിതമാണ് മെഫിബോശെത്തിന്റേത്. പാപത്തിൽ നിപതിച്ച നമ്മുടെ നിസ്സഹായാവസ്ഥയും പാപത്തിന്റെ അനന്തരഫലങ്ങളും അതു നമ്മെ ഓർമ്മപ്പെടുത്തുന്നു. നാം ദൈവത്തിന്റെ ശത്രുവും ക്രോധപാത്രവുമായിരുന്നപ്പോൾത്തന്നെ അവൻ നമ്മോടു കാണിച്ച അതിശയകരമായ സ്നേഹത്തെയും മഹാമനസ്കതയെയും കുറിച്ച് ഈ കഥ നമ്മോടു സംസാരിക്കുന്നു. കഠിനസമയങ്ങളിലൂടെ കടന്നുപോകുമ്പോൾ ദൈവത്തിന്റെ സ്നേഹവും നന്മയും മറക്കാനും ദൈവവുമായി സമയം ചിലവഴിക്കുന്നതിൽ വിട്ടു വീഴ്ച വരുത്താനും വളരെ എളുപ്പമാണ്. അത്തരം സമയങ്ങളിലൂടെ നാം കടന്നുപോകുമ്പോഴും ദൈവം നമുക്കായി എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നു നമുക്കു കാണാൻ കഴിയുന്ന ഒരു കഥകൂടിയാണ് മെഫിബോശെത്തിന്റേത്.

ചോദ്യം: 2 ശമുവേൽ 4:4 അനുസരിച്ച്, മെഫിബോശെത്ത് ആരാണ്?
ചോദ്യം: തന്റെ പിതാവ് യോനാഥാനും മുത്തച്ഛനായ ശൗൽ രാജാവും വധിക്കപ്പെട്ട സമയത്ത് തന്റെ ദാസൻ ചുമന്നുകൊണ്ടു ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ മെഫിബൊശെത്തിന് എന്തു സംഭവിച്ചു?
ചോദ്യം: ഇതു സംഭവിക്കുമ്പോൾ അവന് എത്ര പ്രായമുണ്ടായിരുന്നു?
ചോദ്യം: ദൈവവാഗ്ദാനമനുസരിച്ച് ദാവീദ് ഉയർന്നു ഇസ്രായേലിന്റെ പുതിയ രാജാവായി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ, അവന്റെ മനസ്സിലേക്ക് ആദ്യം വന്ന കാര്യങ്ങളിൽ ഇവിടെ പരാമർശിക്കുന്ന കാര്യമെന്താണ്? (2 ശമുവേൽ 9:1–5)
ചോദ്യം: മുൻരാജാവിന്റെ പൗത്രനായ മെഫിബോശെത്ത് സിംഹാസത്തിന് ഭീഷണിയായിത്തീർന്നേക്കാവുന്ന ഒരുവനാകാമായിരുന്നെങ്കിലും ദാവീദ് അവനോട് എപ്രകാരം പെരുമാറാനാണ് തയ്യാറായത്? (2 ശമുവേൽ 9:6–11)
ചോദ്യം: 2 ശമുവേൽ 9:8 പ്രകാരം മെഫിബോശെത്തിന് തന്നെക്കുറിച്ചു തോന്നിയത് എപ്രകാരമാണ്? എന്തുകൊണ്ടായിരിക്കാമിത്?
ചോദ്യം: 2 ശമുവേൽ 9:11 പ്രകാരം ദാവീദ് മെഫിബോശെത്തിനെ പരിഗണിച്ചത് എപ്രകാരമാണ്?

എഫേസ്യർ 2:1–6 വരെ വായിച്ചിട്ട് ഈ കഥയ്ക്ക് ദൈവം നിസ്സഹായനും പാപിയുമായ നിങ്ങളിലേക്ക് എപ്രകാരം ഇറങ്ങിവന്നു എന്നു താരതമ്യം ചെയ്യുക.

ചോദ്യം: 1-3 വാക്യങ്ങളിൽ നമ്മുടെ അവസ്ഥയെക്കുറിച്ച് എന്താണു പറയുന്നത്? നിങ്ങൾക്കും ഇപ്രകാരമാണോ തോന്നുന്നത്? ഇതു മനസ്സിലാക്കുന്നതിന്റെ പ്രാധാന്യമെന്താണ്?
ചോദ്യം: നാലാം വാക്യത്തിൽ ദൈവത്തെ വിവരിച്ചിരിക്കുന്നത് എപ്രകാരമാണ്?
ചോദ്യം: ആറാം വാക്യപ്രകാരം ദൈവം നമുക്കായി ചെയ്തത് എന്തൊക്കെയാണ്? നാം ഇതൊക്കെ ഓർക്കുകയും ദൈവത്തിനു നന്ദിപ്രകാശിപ്പിക്കുകയും ചെയ്യാറുണ്ടോ?

ഞൊടിനേരത്തേക്കുള്ള നമ്മുടെ പ്രയാസങ്ങളും പ്രതിസന്ധികളും നിമിത്തം നാം ദൈവത്തെയും അവൻ നമുക്കുവേണ്ടി ചെയ്തതിനെയും എളുപ്പത്തിൽ മറന്നുകളയാറുണ്ട്. മെഫിബോശെത്തിന്റെ കഥയിൽക്കൂടി ദൈവം അയോഗ്യരായ നമ്മെ അവന്റെ പുത്രനും പുത്രിയുമാക്കിയെന്നുള്ള കാര്യം നമുക്കോർക്കാം, അതിനു നന്ദിയുള്ളവരായിരിക്കാം. ദൈവാരാധനയുടെ അടിസ്ഥാനവും ദൈവശുശ്രൂഷയുടെ അന്തഃസത്തയും ഈ നന്ദിപ്രകാശനമാണ്.

ദിനം 8

# പുരോഹിതനായ യെഹോയാദാ

## 2 ദിനവൃത്താന്തം 22:10-12, 23:1-21

മുൻരാജാവായ അഹസ്യാവിന്റെ സഹോദരിയുടെ ഭർത്താവാണ് യഹോയാദാ, അതിനുമുമ്പുണ്ടായിരുന്ന യെഹോരാം രാജാവിന്റെ മരുമകനും. ഈ സന്ദർഭത്തിൽ ഒരു ദുർഘടഘട്ടത്തെ അദ്ദേഹം നേരിടുന്നു. യോവാശിന് ഒളിത്താവളമൊരുക്കുകയെന്നത് രാജ്യദ്രോഹക്കുറ്റത്തിൽ കുറഞ്ഞതൊന്നുമല്ല എന്നകാര്യം അദ്ദേഹത്തിനറിയാമായിരുന്നു. എന്നിരുന്നാലും ദൈവീകമായ നിയമങ്ങൾക്കും ഹിതത്തിനും കീഴടങ്ങാനുള്ള ഒരു പുരോഹിതന്റെ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തു എന്നു നമുക്കു മനസ്സിലാക്കാം.

മറ്റാരുടെയും കണ്ണിൽപ്പെടാതെ ദേവാലയത്തിൽ അവൻ യോവാശിനെ സംരക്ഷിച്ചു പോറ്റി. യെഹോയാദായുടെ പ്രായമനുസരിച്ച് ഒരു കുട്ടിയെ വളർത്തുകയെന്നത് വിഷമമേറിയ ഒന്നല്ല, എന്നിരുന്നാലും ഈ കുട്ടി വിഷമം പിടിച്ച ഒരു കാര്യം തന്നെയാണ്. രാജ്യത്തിന്റെ പരിപൂർണ്ണ നിയന്ത്രണം അഥല്യായുടെ കയ്യിലാണ്, ഇക്കാര്യം അവൾ അറിഞ്ഞാൽ, യോവാശ് മാത്രമല്ല യെഹോയാദായും കൊല്ലപ്പെടും.

**1. അപകടം കയ്യിലെടുക്കുക**

## 2 ദിനവൃത്താന്തം 22:10-12

ജീവൻ അപകടത്തിലായിരുന്നിട്ടുകൂടി ശരിയായ കാര്യം ചെയ്യുന്നതിനു യെഹോയാദാ തയ്യാറായി.
- വ്യക്തിപരമായ നേട്ടം നമ്മുടെ മുന്നിലുള്ളപ്പോൾ അപകടത്തെ കയ്യിലെടുക്കാൻ നാം തയ്യാറായേക്കും. എന്നാൽ നീതിപ്രവർത്തിക്കാനായി അത്തരമൊരു റിസ്ക് എടുക്കുന്നതിനു നാം തയ്യാറാകുമോ?
- ദൈവവചനം പ്രാവർത്തികമാക്കാനായി അവസാനമായി ഞാൻ രണ്ടും കൽപ്പിച്ചു മുന്നോട്ടുപോയത് എന്നാണ്?
- പാപത്തിലുള്ള ഒരാളെ നേടിയെടുക്കുന്നതിനായി അയാളുമായുള്ള ബന്ധത്തെ അപകടപ്പെടുത്തുന്ന രീതിയിൽ അയാളെ നേരിട്ടത് എന്നാണ്?
- നിങ്ങളുടെ ജോലിയിലോ, ബന്ധങ്ങളിലോ, ഭാവിസുരക്ഷിതത്വത്തിലോ, കുട്ടികളുടെ ഭാവിയിലോ ഒക്കെ കോട്ടങ്ങൾ ഉണ്ടായേക്കുമെന്ന് അറിഞ്ഞുകൊണ്ടു തന്നെ ദൈവത്തിന്റെ നിലവാരത്തിൽ വിട്ടുവീഴ്ചചെയ്യാതിരുന്നിട്ടുണ്ടോ?
- യേശുവിന്റെ ശിഷ്യനാകാനുള്ള തീരുമാനമെടുത്തപ്പോൾ നിങ്ങൾ ഈ സാദ്ധ്യതകൾ ഏറ്റെടുത്തിരുന്നു, ഇപ്പോഴും അങ്ങനെ തന്നെയാണോ? അല്ലെങ്കിൽ എന്തുപറ്റി?
- പരാജയഭീതിമൂലമാണ് പലരും തീരുമാനങ്ങളെടുക്കാൻ തയ്യാറാകാത്തത്. ഇന്ത്യൻ സൈന്യത്തിന്റെ ഭാഗമായ ഗൂർഖാ റൈഫിൾസിലെ ഒരു പട്ടാളക്കാരന്റെ വാക്കുകൾ എന്നെ പ്രചോദനം കൊള്ളിക്കുന്ന ഒന്നാണ്: ചില ലക്ഷ്യങ്ങൾ അങ്ങേയറ്റം ശ്രേഷ്ടമായതാണ്, അവയിൽ പരാജയപ്പെടുന്നതുപോലും മഹനീയമാണ്.

വെല്ലുവിളികൾ ഏറ്റെടുക്കുക. വിഷമകരമായ എന്തെങ്കിലും കാര്യം ചെയ്യുക. ഒരു ബൈബിൾ ടോക് നയിക്കുക, പുതിയ ഒരു സ്ഥലത്ത് ഫാമിലി ഗ്രൂപ്പ് ആരംഭിക്കുക, നിങ്ങളിൽ സംഭ്രമം ജനിപ്പിക്കുന്ന ഒരാളോടു വിശ്വാസം പങ്കുവയ്ക്കുക, മിഷൻ ടീമിൽ പോകുക, മുഴുവൻ സമയപ്രവർത്തനത്തിനായി ഒരു വർഷം മാറ്റി വയ്ക്കുക. നിങ്ങളുടെ മനോഭാവത്തിനനുസരിച്ച്, എന്തെങ്കിലും ചെയ്യുക. നിങ്ങളുടെ ചുറ്റും എന്തെങ്കിലുമൊക്കെ സംഭവിക്കുന്നതു കയ്യും കെട്ടി നോക്കി നിൽക്കുന്ന ഒരാളാകാതിരിക്കുക.

**2. ഒരു കൂട്ടത്തെ പടുത്തുയർത്തുക.**

## 2 ദിനവൃത്താന്തം 23:1-5

- യോവാശിനെ രാജാവാക്കാനുള്ള തന്റെ പദ്ധതി വിജയം കാണേണ്ടതിന് യെഹോയാദാവിന് ഒരു ടീം വേണമായിരുന്നു.
- ആറു വർഷം അവൻ അതിനായി കാത്തിരുന്നു. കുറച്ചുപേർക്കൊഴികെ മറ്റാർക്കും അറിയപ്പെടാത്ത രീതിയിൽ കുട്ടിയെ അവൻ മറച്ചു സംരക്ഷിച്ചു.

- ദുഷ്ടയായ റാണിയിൽ നിന്നും തന്റെ രാജ്യത്തെ വിമോചിക്കുന്നതിനാവശ്യമായ ബന്ധങ്ങൾ പടുത്തുയർത്തുകയായിരുന്നു ഇക്കാലമൊക്കെയും യെഹോയാദാ.
- സമയമടുത്തു വന്നപ്പോൾ പുരോഹിതരെയും നായകരെയും മുൻനിശ്ചയിച്ച പ്രകാരം യെരുശലേമിലേക്കു കൂട്ടിക്കൊണ്ടു വരികയായിരുന്നു ആദ്യപടിയായി ചെയ്തത്. തനിക്ക് ഏറ്റവും പരിചയമുള്ളവരായ ലേവ്യരിൽനിന്നും അതാരംഭിച്ചു (വാ 2).
- അവർ യെരുശലേമിൽ സംഗമിച്ചപ്പോൾ യെഹോയാദാ തന്റെ വലിയ പദ്ധതികളുടെ തിരശ്ശീലനീക്കി.
- യോവാശിനെ അവതരിപ്പിച്ച് അവരുടെ സമ്മതിദാനം നേടുകയൊന്നുമായിരുന്നില്ല അവന്റെ പദ്ധതി. ദൈവവാഗ്ദാനപ്രകാരമുള്ള ഒരു ഉടമ്പടി ജനങ്ങളുമായി ഉണ്ടാക്കിയതിനുശേഷം, അവരുടെ പ്രശ്നപരിഹാരമായ ഏഴുവയസ്സുകാരനെ അവരുടെ മുന്നിൽ അവതരിപ്പിക്കുകയായിരുന്നു യെഹോയാദാ ചെയ്തത്.
- ഒത്തിണക്കുള്ള ഒരു കൂട്ടുപ്രയത്നമില്ലാതെ ദൈവരാജ്യം വളരുകയില്ല. നാമോരുത്തരും ഒരു കൂട്ടുജോലിക്കാരനാകണമെന്നതാണ് ദൈവഹിതം (1 കൊരിന്ത്യർ 12)
- ഞാനിന്ന് മറ്റുള്ളവരോടു കൂട്ടുചേർന്ന പ്രവർത്തിക്കുന്നതിൽ ഉത്സാഹമുള്ളവനാണോ? അതോ വെറും കാഴ്ചക്കാരനായി നോക്കിനിൽക്കുന്നയാളാണോ?
- കൈകളിൽ ചെളിപുരണ്ടു ശുശ്രൂഷചെയ്യാൻ ഒരുക്കമുള്ളവനാണോ ഞാൻ അതോ വിമർശനവും തെറ്റുചൂണ്ടിക്കാണിക്കലും മാത്രമായി നടക്കുന്നവനാണോ?

### 3. ദൈവത്തിലേക്കു തിരിയാനുള്ള ഒരു വിളി

### 2 ദിനവൃത്താന്തം 23:16 – 21

- താനും ജനവും രാജാവുമടക്കമുള്ള ഏവനും ദൈവത്തിന്റേതായിരിക്കുമെന്ന ഒരു ഉടമ്പടി യെഹോയാദാ നിർമ്മിച്ചു.
- നമ്മെത്തന്നെ ആദ്യം ദൈവത്തിലേക്കു സമർപ്പിതമാക്കുകയാണ്, യെഹോയാദായെപ്പോലെ, നാം ആദ്യം ചെയ്യേണ്ടത്.
- നാമെല്ലാവരും തുടങ്ങിയതും ഇപ്രകാരം തന്നെയാണ്, യേശു കർത്താവാണ് എന്ന് ഏറ്റുപറഞ്ഞു സ്നാനം സ്വീകരിച്ചപ്പോൾ – എന്നാൽ ഇപ്പോൾ ബോധ്യമെന്താണ്? യേശുവാണോ നമ്മുടെ ജീവിതത്തിന്റെയും സമയത്തിന്റെയും, കഴിവുകളുടെയും പണത്തിന്റെയുമൊക്കെ കർത്താവ്?
- മറ്റുള്ളവരോടു വിളിച്ചുപറയാൻ ഉത്സാഹം തോന്നിയിരുന്ന ആ കർത്താവ് ഇപ്പോഴും അവൻതന്നെയാണോ?
- വേറൊരാളെ യേശുവിന്റെ ശിഷ്യനാക്കുവാൻ ഞാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ട് എത്രകാലമായി?

**പ്രായോഗിക വെല്ലുവിളി:** അനുദിനം യേശുവിനെക്കുറിച്ചു പങ്കുവയ്ക്കുമെന്ന ഒരു തീരുമാനമെടുക്കുക.

ദിനം 9

# സാരെഫാത്തിലെ വിധവ

രാജാവായ ആഹാബിനും ഭാര്യ ഈസബെലിനും പ്രീതിവരാത്ത ഒരു സന്ദേശം കൈവശം കൊടുത്താണ് ദൈവം ഏലിയാവിനെ അവരുടെയടുത്തേക്കയച്ചത്. അവരാകട്ടെ അവനെ നശിപ്പിക്കാൻ വേണ്ടി ആദ്യകാഴ്ചയിൽത്തന്നെ ഒരുങ്ങിയിരിക്കുന്നവരും. ദൈവം നൽകിയ അധികാരം വ്യക്തമാക്കാൻവേണ്ടി ഏലിയാ ദേശത്തു മൂന്നുവർഷത്തെ വറുതി പ്രഖ്യാപിച്ചു, തന്റെ വാക്കിനാൽ മാത്രം മഴയെന്ന ഉറപ്പോടെ.

### 1 രാജാക്കന്മാർ 17:7–24

ഒരു വിധവയായി ജീവിക്കുന്നതു തന്നെ കഷ്ടമായിരിക്കുമ്പോൾ, ക്ഷാമവും വരൾച്ചയും വറുതിയും നിറഞ്ഞ ഒരു ദേശത്തുള്ള ജീവിതം അവളെ സംബന്ധിച്ചു നരകതുല്യമായിരിക്കണം – പ്രത്യേകിച്ച് തന്റെ സംരക്ഷണത്തിൽ ഒരു കുട്ടിയുമുള്ളപ്പോൾ.

### 1 രാജാക്കന്മാർ 17:7–9

- നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനായി നർമ്മരസമുള്ളതെങ്കിലും നിഗൂഢമായ വഴികൾ ദൈവത്തിന്റെ കൈവശമുണ്ട്.
- ഏലിയാവിന്റെ ആവശ്യങ്ങൾ നിറവേറ്റാനായി ഒരു വിധവയെ ഒരുക്കിയിട്ടുണ്ടെന്ന് ദൈവം അറിയിച്ചു. ദൈവത്തിന്റെ ഉപയോഗപാത്രമാവാൻ ആർക്കും കഴിയും.
- അവന്റെ ഹിതം നിറവേറ്റാനായി ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?
- നിങ്ങളുടെ വിഷമഘട്ടങ്ങളിൽ അപ്രധാനിയും ഉപയോഗയോഗ്യമല്ലെന്നും തോന്നുന്ന ആളുകളിലൂടെ സഹായമെത്തിക്കാൻ ദൈവത്തിനു കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

### 1 രാജാക്കന്മാർ 17:10–14

അവസാന അപ്പം ചുട്ടെടുത്തു ഭക്ഷിച്ചു മരണത്തെക്കാത്തു കഴിയാമെന്നു വിചാരിച്ചിരുന്ന ഈ വിധവയ്ക്ക് മറ്റു യാതൊരു പ്രത്യാശയുമുണ്ടായിരുന്നില്ല.
എന്നാൽ അവളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കാൻ ദൈവം ഏലിയാവിനെ അവളുടെ അടുത്തേക്കയച്ചു. അവളുടെ അവസാന അപ്പത്തിന്റെ ഭാഗം ചോദിച്ചു വന്ന ഒരുവൻ അവളുടെയും പുത്രന്റെയും രക്ഷകനായി പരിണമിച്ചു. അവൾക്കു ഭാരമായി വന്ന ഒരുവൻ അവളുടെ അത്താണിയായി. അവളുടെ അനുസരണം അവൾക്കും മകനും രക്ഷക്കു കാരണമായിത്തീർന്നു.

അനുസരണം അസാദ്ധ്യമെന്നു തോന്നിയ സമയത്തുപോലും അനുസരിക്കാൻ മനസ്സുകാണിച്ച അവൾ അനുഗൃഹീതയായി. ദുഷ്കരമെന്നു തോന്നുന്ന സമയങ്ങളിൽ പോലും ദൈവവചനത്തെ അനുസരിക്കാൻ നാം തയ്യാറാണോ?
നമുക്കുള്ള നിസ്സാരത്തിൽപോലും വിശാലമനസ്കരായിത്തന്നെ നാം തുടരുന്നുവോ, ദൈവത്തിനു നമ്മുടെ ആവശ്യങ്ങൾ ഭംഗിയാക്കാൻ അവസരം നല്കാനായി?

### 1 രാജാക്കന്മാർ 17:15-16

തന്റെ പക്കലുണ്ടായിരുന്ന നാമമാത്രമായതിന്റെ കാര്യത്തിൽ പ്രവാചകനെ അനുസരിക്കാൻ തയ്യാറായപ്പോൾ അവളുടെ ജീവിതകാലംമുഴുവൻ അനുദിനവൃത്തിക്കുള്ള വക അവൾക്കു ലഭിക്കാൻ ഇടയായി.
ദൈവം നമ്മുടെ ദാതാവാണ്. അവൻ നമുക്കുവേണ്ടി കരുതുന്നു, ചിലപ്പോൾ നിഗൂഢമായ വഴികളിൽ, ചിലപ്പോൾ ദുരൂഹമായ സാഹചര്യങ്ങളിൽ അപരിചിതരായ വ്യക്തികളിലൂടെ.

### 1 രാജാക്കന്മാർ 17:17-24

നാം എല്ലാം നമ്മുടെ മക്കളെ സ്നേഹിക്കുന്നു. അവർക്ക് യാതൊന്നും മോശമായി സംഭവിക്കാൻ നാം ആഗ്രഹിക്കുന്നില്ല. മാത്രമല്ല അവർക്ക് ഏറ്റവും മികച്ചതു ചെയ്തു കൊടുക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.
ക്ഷാമകാലത്തെ അതിജീവിച്ച വിധവയുടെ മകൻ ദുരൂഹമായ ഒരു സാഹചര്യത്തിൽ മരിക്കാനിടയായി, അവളുടെ ഹൃദയം തകർക്കാൻവേണ്ടിമാത്രം.
അനർത്ഥങ്ങൾ ജീവിതത്തിലേക്കു കടന്നു വരുമ്പോൾ നമ്മുടെ പ്രതികരണമെന്താണ്? ദൈവത്തെ കുറ്റം പറയുമോ? ചുറ്റുമുള്ളവരിൽ പഴിചാരുമോ? അതോ ഈ വിധവയെപ്പോലെ പ്രതികരിക്കുമോ?
അവൾ അവളുടെ ജീവിതത്തിലേക്കുനോക്കി ആത്മശോധനചെയ്യുകയാണ് ചെയ്തത്. ദൈവം അവളുടെ മകനെ തിരികെ നൽകി. എല്ലാ ദൈവത്തിന്റേതാണ്, ദൈവത്തിന്റെ സമയത്തു നൽകാനും അവനു ശരിയെന്നു തോന്നുന്ന സമയത്തു തിരികെയെടുക്കാനും വേണ്ടിയാണ് എല്ലാമെന്ന വാസ്തവം ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.
ഇയ്യോബിന്റെ പ്രതികരണമാണ് നമുക്ക് അഭികാമ്യമായത്: യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടട്ടെ (ഇയ്യോബ് 1:21)

**പ്രായോഗികത:**

ഇപ്പോഴത്തെ സാഹചര്യത്തിൽ അനുസരിക്കാൻ പ്രയാസമായിത്തോന്നുന്ന ദൈവേഷ്ടങ്ങൾ ഏതൊക്കെയാണ് എന്ന് എഴുതിവയ്ക്കുക, അക്കാര്യത്തിൽ മാറ്റം വരുത്താനായി പ്രാർത്ഥിച്ച് ഒരുങ്ങുക. ബുദ്ധിമുട്ടായ സാഹചര്യങ്ങളിലും ദൈവത്തെഅനുസരിക്കാനുള്ള ഹൃദയം നൽകാനായി പ്രാർത്ഥിക്കുക.

ദിനം 10

# ഓബദ്യാ

### അസാധാരണധൈര്യം പ്രകടിപ്പിച്ച ഒരു സാധാരണക്കാരൻ

### 1 രാജാക്കന്മാർ 18:1-16

മൂന്നരവർഷക്കാലം നീണ്ടുനിന്ന കഠിനമായ ഒരു ക്ഷാമകാലത്തിലൂടെ കടന്നുപോവുകയായിരുന്നു ശമരിയാദേശം. ഇക്കാലയളവിനുശേഷം ദൈവം അവരോടു കരുണ കാണിച്ചു ദേശത്തു മഴപെയ്യിച്ചു.

അക്കാലത്തു ദേശം വാണിരുന്ന ആഹാബ് രാജാവ് ദുഷ്ടനായിരുന്നെങ്കിലും, യഹോവഭക്തനായ തന്റെ കൊട്ടാരവിചാരകൻ ഓബദ്യാവിനെ വിശ്വസിച്ചിരുന്നതായാണ് കാണപ്പെടുന്നത്. ദൈവത്തിന്റെ ദാസനെന്നാണ് ഓബദ്യാ എന്ന പേരിനർത്ഥം. ഭക്തനായ ഓബദ്യാവ് ദൈവത്തെ ഭയപ്പെടുന്ന ഒരു മനുഷ്യനിൽ കാണപ്പെടുന്ന ധൈര്യം കാണിച്ചു.

കൊട്ടാരവിചാരകനായിരിക്കുന്ന ഒരാൾ രാജ്ഞിയുടെ കൽപ്പനയ്ക്കെതിരെ പോകുന്നത് തലപോകാൻ മതിയായ ഒരു കാരണമാണ്. എന്നാൽ ഈസബെലിന്റെ വാൾത്തലയിൽ നിന്നും നൂറു പ്രവാചകരെ അവൻ രക്ഷിച്ചു പോറ്റിപ്പോന്നു. അവരോടു കരുണ കാണിച്ചുകൊണ്ട്. നാം ദൈവത്തെ ഭയപ്പെടുന്ന ഒരു വ്യക്തിയാകുമ്പോൾ, ദൈവവും മനുഷ്യരും നമ്മിൽ വിശ്വാസമർപ്പിക്കുന്നതു കാണാൻ കഴിയും.

**വാ 5-6:** അവന്റെ കാര്യപ്രാപ്തിയിൽ വിശ്വാസമുണ്ടായിരുന്ന ആഹാബ് തന്റെ കന്നുകാലികൾക്കു പുല്ലുകണ്ടെത്താൻ ഓബദ്യാവിനെ പറഞ്ഞയച്ചു.
**വാ 8-11:** തനിക്കും രാജാവിനും ഇടയിൽ ഒരു മദ്ധ്യസ്ഥനായി ഏലിയാവും ഓബദ്യാവിനെ നിയമിക്കുന്നതുകാണാം.

തീർച്ചയായും പ്രവാചകരെ രക്ഷിക്കുന്ന കാര്യത്തിൽ ഓബദ്യാ ജീവൻമരണപ്പോരാട്ടമാണു നടത്തിയത്. എന്നാൽ പ്രകൃത്യാ ധൈര്യശാലിയായ ഒരുവനായിരുന്നോ ഈ ഓബദ്യാ? ഏലിയാവുമായുള്ള സംസാരം (1 രാജാക്കന്മാർ 18:9) കാണുമ്പോൾ നമുക്കപ്രകാരം കരുതാൻ കഴിയില്ല. മനുഷ്യരെക്കാൾ ഉപരിയായി അവൻ ദൈവത്തെ ഭയന്നതിനാലാണ് അപ്രകാരം പ്രവർത്തിക്കാൻ അവനു സാധിച്ചത്.

ദൈവത്തെക്കാൾ ഏറെ നിങ്ങൾ മനുഷ്യരെ ഭയപ്പെടുന്നുണ്ടോ? മനുഷ്യരുടെ എതിർപ്പു വകവയ്ക്കാതെ ദൈവത്തിനുവേണ്ടി ഉറച്ചു നിന്ന സമയങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ?

നിങ്ങളുടെ നായകരാൽ നിയോഗിക്കപ്പെടുമ്പോൾ മാത്രമാണോ ശരിയായതു പ്രവർത്തിക്കാൻ നിങ്ങൾക്കു മനസ്സുള്ളത്? ശരിയായതു ചെയ്തിട്ട് അതിനു മറ്റുള്ളവരിൽ നിന്നും അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ നിങ്ങൾക്കെന്നാണു തോന്നുക?

ദൈവത്തെ ഭയപ്പെട്ട ഓബദ്യാവിന് സ്വർഗ്ഗത്തിൽ എത്രമാത്രം മാനം ലഭിക്കുമെന്നാണു നിങ്ങൾക്കു തോന്നുന്നത്?

ബൈബിളിൽ കാണുന്ന മഹാത്മാക്കളിലെല്ലാം പൊതുവായി കാണുന്ന ഒരു കാര്യമാണ് ദൈവഭയം. സാധാരണതയിൽ നിന്നും അസാധാരണതയിലേക്കു ഉയർത്തപ്പെട്ട അവരുടെ ജീവിതത്തിൽ വലിയമാറ്റത്തിനു കാരണമായ ഗുണം.

**പ്രായോഗികത:**
-മനുഷ്യരിൽ നിന്നുള്ള മാനം കാംക്ഷിക്കാതെ ദൈവത്തിനെ പ്രസാദിപ്പിക്കുന്ന വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യുന്നവരാകുമെന്നു തീരുമാനിക്കുക –
–നിങ്ങൾക്കു സൗകര്യപ്രദമായി തോന്നാത്ത ഒരാളോടു വിശ്വാസം ഏറ്റുപറയുന്നതാകാം.
-ദൈവഭയത്തെക്കുറിച്ചോ, ദൈവഭയത്തിൽ ജീവിച്ച ആളുകളെക്കുറിച്ചോ ബൈബിളിൽ നിന്നും പഠിക്കുക.
-ദൈവഭയമുള്ള ദാനിയേൽ (ദാനിയേൽ 6), ദാവീദ്, ശിപ്രാ, പൂവാ (പുറപ്പാട് 1:15–17) എന്നിവരുമായി ഒബദ്യാവിനെ താരതമ്യപ്പെടുത്തുക.

ദിനം 11

# മീഖായാവ്

## 1 രാജാക്കന്മാർ 22:1–28

രാഷ്ട്രീയലക്ഷ്യത്താൽ പ്രേരിതരായി ഇസ്രായേൽ രാജാവായ ആഹാബും യൂദാ രാജാവായ യെഹോശഫാത്തും തമ്മിൽക്കണ്ടു. ആരാമ്യരാജാവിനെ പരാജയപ്പെടുത്തി ഗിലെയാദിലെ രാമോത്ത് ദേശം പിടിച്ചടക്കുന്നതിനായി.

ഇക്കാര്യത്തിൽ യെഹോശഫാത്തിനോടു സഹായം ചോദിച്ചപ്പോൾ ആദ്യം ദൈവത്തോട് ആലോചിക്കണമെന്നായിരുന്നു അവൻ പറഞ്ഞത്. അങ്ങനെയാണ് ആഹാബിന്റെ നാനൂറോളം പ്രവാചകരും യഹോവയുടെ ഏകപ്രവാചകനായ മീഖായാവും ഈ രംഗത്തേക്കു പ്രവേശനം ചെയ്യുന്നത്. മീഖായാവിനെക്കുറിച്ച് ആഹാബ് പറഞ്ഞത് ഇപ്രകാരമാണ്: നമുക്ക് യഹോവയോട് അരുളപ്പാടു ചോദിക്കാൻ തക്കവണ്ണം ഇനി യിമ്ലയുടെ മകനായ മീഖായാവ് എന്നൊരുവൻ ഉണ്ട്. പക്ഷേ അവൻ എന്നെക്കുറിച്ചു തിന്മയല്ലാതെ ഒരിക്കൽപ്പോലും നന്മ പ്രവചിച്ചിട്ടില്ല. (1 രാജാ 22: 8)

അരാമ്യരാജാവിനുമേൽ വിജയം കൈവരിക്കുമോ എന്ന രാജാക്കന്മാരുടെ ചോദ്യത്തിന് ഉത്തരം പ്രവചിക്കാനായി ദൈവത്തിന്റെ പ്രവാചകനായ മീഖായാവും മറ്റു 400 വ്യാജപ്രവാചകരും ഇവിടെ മുഖാമുഖം നിൽക്കുന്നു. ആഹാബിന്റെ 400 പേർ അവൻ കേൾക്കാൻ ഇഷ്ടപ്പെട്ടതു പ്രവചിച്ചു, എന്നാൽ മീഖായാവാകട്ടെ ദൈവഹിതം അവനെ ധരിപ്പിച്ചു – മറ്റുള്ളവരുടെ സമ്മർദ്ദത്തിനു വഴങ്ങാതെ. രാജാവിനിഷ്ടമുള്ളതു പറയുന്ന നാനൂറ്റിയൊന്നാമനായി നിന്നുകൊണ്ട് അവനു സുരക്ഷിതത്വം തേടാമായിരുന്നു. എന്നാൽ അവനതു ചെയ്തില്ല.

സത്യം പറഞ്ഞതിനാൽ അവന് സെദെക്കിയായിൽ നിന്നും ചെകിട്ടത്ത് അടികിട്ടി, കാരാഗൃഹത്തിൽ പോകേണ്ടിവന്നു, എങ്കിലും അവൻ ദൈവപുരുഷനായിത്തന്നെ നിലകൊണ്ടു, ദൈവത്തെമാത്രം പ്രീതിപ്പെടുത്തിക്കൊണ്ട്.

നിങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിൽ ഒരു ദൈവപുരുഷനോ/സ്ത്രീയോ ആണോ നിങ്ങൾ? ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളാണോ നിങ്ങൾ ഉയർത്തിപ്പിടിക്കാറ്? രാജാവിനു പ്രീതികരമല്ലാത്തതു സംസാരിച്ചിരുന്നതിനാൽ ആഹാബിന് അവനെ ഇഷ്ടമല്ലായിരുന്നു – സത്യം സംസാരിക്കുന്നതിനാൽ ആളുകൾ കാട്ടുന്ന വെറുപ്പു നിങ്ങൾക്ക് ഇഷ്ടമാണോ?

നിങ്ങളോടു പ്രീതികരമായതു സംസാരിക്കുന്നവരെയാണോ നിങ്ങൾക്കിഷ്ടം അതോ മുഖത്തുനോക്കി സത്യം സംസാരിക്കുന്നവരെയാണോ? മീഖായാവുമായി താദാത്മ്യം പ്രാപിക്കാവുന്ന മേഖലകൾ നിങ്ങളുടെ ജീവിതത്തിൽ ഏതൊക്കെയാണ്?

സത്യം പറഞ്ഞതിനുവേണ്ടി നിങ്ങൾക്ക് ഒരു വിലകൊടുക്കേണ്ടി വന്നിട്ടുണ്ടോ? അത് അർഹമായിരുന്നെന്നു തോന്നിയോ?

ഭിന്നാശയങ്ങൾ നേരിടുമ്പോൾ നിങ്ങൾ സുരക്ഷിതത്വം തേടുമോ അതോ വിലകൊടുക്കാൻ തയ്യാറാകുമോ? നിങ്ങൾ ഏകനാണെങ്കിൽപ്പോലും സത്യത്തിനുവേണ്ടി നിലകൊള്ളുമോ?

**പ്രായോഗികത:**
സത്യം പറയുന്നകാര്യത്തിൽ വിട്ടവീഴ്ച വരുത്തിയിട്ടുള്ള അവസരങ്ങളെക്കുറിച്ചു എഴുതുക - സത്യം പറയാനുള്ള ആത്മവിശ്വാസം ദൈവത്തിൽനിന്നും പ്രാർത്ഥിച്ചു നേടിയെടുക്കുക.
നിങ്ങളുടെയടുത്തു സത്യം സംസാരിക്കുന്നവരുടെ അടുക്കൽ പോയി അവരിൽ നിന്നും പഠിക്കുക.

ദിനം 12

# നയ്മാന്റെ ദാസി

## പരിഹാരത്തിന്റെ കാരണം

### 2 രാജാക്കന്മാർ 5:1–14

നയ്മാനെ നമുക്കു നന്നായറിയാം, അരാമ്യരാജാവിന്റെ സൈന്യത്തലവൻ. തന്റെ യജമാനനാൽ മാന്യനെന്നും മഹാനെന്നും പരിഗണിക്കപ്പെട്ടവൻ, അനേകം വിജയങ്ങൾ യഹോവയാൽ നല്കപ്പെടാൻ ഇടയായ സൈന്യാധിപൻ. തികഞ്ഞ പരാക്രമശാലി. എന്നാൽ ഒരേഒരു പ്രശ്നംമാത്രം – കുഷ്ഠരോഗബാധിതൻ.

ഇസ്രായേലിൽനിന്നും പിടിച്ചു കടത്തിക്കൊണ്ടുവന്ന ഒരു ബാലിക നയ്മാന്റെ ഭാര്യയുടെ ദാസിയായി ശുശ്രൂഷ ചെയ്തിരുന്നു. അസാധാരണമായ ഒന്ന് അവളിലുണ്ടായിരുന്നു, തന്റെ ജീവിതത്തിൽ അനേക കഷ്ടപ്പാടിലൂടെ അവൾ കടന്നു പോയിട്ടും ഈപ്രപഞ്ചത്തിന്റെ ദൈവത്തിൽ അവൾക്കുവിശ്വാസമുണ്ടായിരുന്നു - ചെറിയ വിഷമങ്ങൾ പോലും നേരിടുമ്പോൾ ദൈവത്തെ മറക്കുന്ന ഈ ലോകത്തിൽ. വലിയ ഒരു പ്രശ്നത്തിന് പരിഹാരമാകുവാൻ അവൾ കാരണമായിത്തീർന്നു.

പ്രശ്നങ്ങൾ നമ്മോടൊപ്പം എപ്പോഴുമുണ്ട്, മിക്ക സമയത്തും പ്രശ്നങ്ങളുടെ ഏകകാരണം നാം തന്നെയാണുതാനും. നാം നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമാകാൻ നമുക്കെങ്ങനെ കഴിയുമെന്നത് ഈ അടിമപെൺകിടാവിൽ നിന്നും നമുക്കു പഠിക്കാം.

പ്രവാചകന്റെ അടുക്കൽ ചെന്നിരുന്നുവെങ്കിൽ (വാ 3) എന്ന അവളുടെ പ്രസ്താവനയിൽ യജമാനനോടുള്ള ആദരവുമാത്രമല്ല, ദൈവത്തിലുള്ള പരിപൂർണ്ണവിശ്വാസവുമുണ്ട്. ഇസ്രായേലിന്റെ ദൈവമായ യഹോവയിങ്കൽ അവൾക്കുള്ള വിശ്വാസത്തിന്റെ പരിപൂർണ്ണതയാണിവിടെ കാണുന്നത്.

നയ്മാനും യഹോവയിൽ വിശ്വസിക്കുന്നവനായിരുന്നു, വാസ്തവത്തിൽ സിറിയ ദേശത്തുനിന്നുള്ള അവനെപ്രതി യഹോവ ആരാം രാജാവിനു ധാരാളം വിജയം നൽകിയിരുന്നു എന്നാണ് ഒന്നാം വാക്യത്തിൽ നാം കാണുന്നത്.

ആദ്യമായിട്ടാണ് ഈ ബാലിക തന്റെ വിശ്വാസം തുറന്നുപറഞ്ഞതെന്നു കരുതാൻ വകയില്ല, അവൾ പ്രവാചകനെപ്പറ്റി നിരന്തരം പറഞ്ഞിട്ടുണ്ടായിരിക്കണം. അവളുടെ നിർബന്ധത്തിനുവഴങ്ങാൻ യജമാനൻ തീരുമാനിച്ചു. എന്റെ യജമാനനേ എന്ന് അഭിസംബോധനചെയ്തുകൊണ്ട് അവൾ യജമാനനോടുകാണിക്കുന്ന കരുതലും സ്നേഹവും ശ്രദ്ധിക്കുക.

ഇസ്രായേൽരാജാവായ ആഹാബിനെ വകവരുത്തിയ അസ്ത്രം നയ്മാന്റേതായിരുന്നെന്ന് ചരിത്രം പറയുന്നു ( 1 രാജാക്കന്മാർ 22:31–35). ഇപ്പോൾ ഇസ്രായേൽ ഒരു ശത്രുരാജ്യമായിത്തീർന്നതിനാൽ നയ്മാനു കാര്യങ്ങൾ അത്ര എളുപ്പമല്ലായിരുന്നു. ആദ്യം സിറിയാദേശത്തെ രാജാവിന്റെ സമ്മതം നേടണമായിരുന്നു, അതിനുശേഷം ശത്രുരാജാവായ യെഹോരാമിനെ അഭിമുഖീകരിക്കണമായിരുന്നു. അവൻ അതെല്ലാം ചെയ്തു, എന്തുകൊണ്ട്? നമ്മുടെ അറിയപ്പെടാത്ത താരമായ ബാലികയിലൂടെ ദൈവം പ്രവർത്തിച്ചതുകൊണ്ട്.

നമ്മുടെ സകല പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ദൈവം മാത്രമാണ്, അതെത്ര വലുതായിരുന്നാലും. നിങ്ങൾ ഇതു വിശ്വസിക്കുന്നുവോ?

അസാധാരണമായ കാര്യം നടക്കുമെന്ന വിശ്വാസമാണ് അവൾക്കുണ്ടായിരുന്നത്. അടിമപ്പെൺകുട്ടിയായ അവൾ, തന്റെ യജമാനനെ സംബന്ധിച്ചു സങ്കല്പിക്കാൻപോലും കഴിയാത്ത ഒരുകാര്യം ചെയ്യാൻ – ശത്രുരാജാവിന്റെ സഹായം തേടാൻ – പോന്ന ഒരു പ്രേരണയായി.

നമ്മുടെ ചുറ്റുമുള്ള ആളുകൾ വലിയ പ്രതിസന്ധികളിൽകൂടി കടന്നുപോകുന്നതു നാം കാണുമ്പോൾ എന്താണു സാധാരണ ചെയ്യാറ്? ഓ എന്തുചെയ്യാൻ എന്നു വിചാരിച്ച് അവരെ അവഗണിക്കുമോ, അതോ ഈ ബാലികയെപ്പോലെ അവരോടു പറയുമോ – യേശുവിനെ ഒന്നു പരീക്ഷിച്ചു നോക്കാൻ.

ശത്രു രാജാവിന്റെ പരിഹാസവും ഏലീശാ പ്രവർത്തിച്ച രീതിയിലുള്ള അതൃപ്തിയും നയ്മാനുനേരിടേണ്ടിവന്നു. എങ്കിലും തന്റെ സേവകരുടെ ഉപദേശം ശ്രവിച്ച നയ്മാൻ സൗഖ്യം ലഭിച്ചവനായി. ഇസ്രായേലിന്റെ ദൈവത്തെ പരീക്ഷിച്ചു നോക്കിയ അവൻ വിജയശ്രീലാളിതനായി.

തിരശ്ശീലയ്ക്കു പിന്നിൽ നിന്നുകൊണ്ടു പ്രവർത്തിച്ച നമ്മുടെ താരത്തെക്കുറിച്ചു പറയാതെ ഈ വിജയകഥ പൂർത്തിയാക്കാൻ കഴിയില്ല.

**പ്രായോഗികത:**

നാം ആവശ്യപ്പെടുന്ന ഏതു പ്രശ്നപരിഹാരവും സാധ്യമാക്കുന്നവനാണു നമ്മുടെ ദൈവമെന്നു നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

യേശുവിലല്ലാത്ത നമ്മുടെ ചുറ്റുമുള്ളവരോടു യേശുവിനെ പരീക്ഷിച്ചുനോക്കാൻ പ്രചോദിപ്പിക്കാം. അവരുടെ ജീവിതത്തിലെ അറിയപ്പെടാത്ത താരമായി നമുക്കുമാറാൻ കഴിഞ്ഞേക്കും.

ദിനം 13

# രേഖാബ്യഗൃഹം

## യിരമ്യ 35

ഇസ്രായേൽ ദേശത്തെമുഴുവൻ ഒരു പാഠം പഠിപ്പിക്കാൻ ദൈവം രേഖാബ്യരെ ഉപയോഗിച്ചു. അവരുടെ അടുത്തേക്കുപോയി അവർക്കു കുറച്ചു വീഞ്ഞു കുടിക്കാൻ കൊടുക്കാൻ ദൈവം യിരമ്യാവിനോട് ആവശ്യപ്പെട്ടു. എന്നാൽ അവർ വീഞ്ഞുകുടിക്കുകയോ വീടു പണിയുകയോ വിത്തുവിതയ്ക്കുകയോ മുന്തിരിത്തോട്ടം വച്ചുപിടിപ്പിക്കുകയോ ചെയ്യുകയില്ലായെന്നായിരുന്നു അവരുടെ മറുപടി. ഇരുന്നൂറുവർഷം മുമ്പേ അവരുടെ പൂർവ്വപിതാവായ രേഖാബിന്റെ മകൻ യോനാദാബ് കൽപ്പിച്ചതുകൊണ്ടാണ് അവർ ഇപ്രകാരമെല്ലാം ജീവിച്ചിരുന്നത്.

രേഖാബ്യരും ഇസ്രായേൽക്കാരുമായുള്ള ഒരു താരതമ്യത്തിലൂടെ ദൈവം അവരോടു പ്രതികരിച്ചു (12-17 വാക്യങ്ങളിൽ). വ്യത്യാസങ്ങൾ നമുക്കു നോക്കാം:

1. പിഴവുവരുത്താവുന്ന ഒരു മനുഷ്യന്റെ കൽപ്പനയെ രേഖാബ്യർ വീഴ്ചവരുത്താതെ പരിപാലിച്ചു, **എന്നാൽ**, പിഴവുവരുത്താത്ത ദൈവത്തിന്റെ കൽപ്പനയെ ഇസ്രായേൽ ഗൃഹം തള്ളിക്കളഞ്ഞു.
2. വീഞ്ഞുകുടിക്കരുതെന്നുള്ള കൽപ്പന ഒരിക്കൽ നൽകിയത് രേഖാബ്യഗൃഹം ലംഘിക്കാതെ പരിപാലിച്ചു, **എന്നാൽ**, പാപത്തിൽ നിന്നും പിന്തിരിയാനുള്ള നിരന്തരമായ ദൈവകൽപ്പനയെ തന്റെ ജനം നിഷേധിച്ചു.
3. നശ്വരമായ കാര്യങ്ങളെക്കുറിച്ചുള്ള കൽപ്പനകളെ രേഖാബ്യർ പരിപാലിച്ചുവന്നു, **എന്നാൽ**, അനശ്വരമായ കാര്യങ്ങളെക്കുറിച്ചുള്ള ദൈവകൽപ്പനകളെ ഇസ്രായേൽ അനുസരിച്ചില്ല.
4. രേഖാബ്യർ ശതാബ്ദങ്ങൾ അനുസരണയിൽ തുടർന്നു, **എന്നാൽ**, ദൈവജനം ശതാബ്ദങ്ങൾ അനുസരണനിഷേധത്തിൽ തുടർന്നു.
5. രേഖാബ്യർക്കു പ്രതിഫലം ലഭിക്കും, **എന്നാൽ**, ഇസ്രായേൽ ജനത്തിനു ശിക്ഷയും ലഭിക്കും.

വീഞ്ഞുകുടിക്കുകയോ വീടു പണിയുകയോ വിത്തുവിതയ്ക്കുകയോ മുന്തിരിത്തോട്ടം വച്ചുപിടിപ്പിക്കുകയോ ചെയ്യാൻ പാടില്ല എന്ന കൽപ്പനകളായിരുന്നു യോനാദാബ് തന്റെ മക്കൾക്കു നൽകിയത്. ഈ കൽപ്പനകൾ തീർച്ചയായും കഠിനതരമായതാണ്, തികച്ചും ന്യായമായ അവകാശങ്ങൾ അവർക്കു നിഷേധിക്കപ്പെടുകയാണെന്ന് നമുക്കു തർക്കിക്കാൻ കഴിയും. തികഞ്ഞ ഒരു ദൈവഭക്തനാണ് യോനാദാബ് എന്ന കാര്യത്തിൽ തർക്കമില്ല. തനിക്കുചുറ്റും വിളയാടിയിരുന്ന തിന്മകണ്ടു വെറുത്ത അദ്ദേഹം തന്റെ മക്കളെ ഒരു വിശുദ്ധ ഉടമ്പടിയിലേക്കു വിളിക്കുകയായിരുന്നു.

അവരുടെ തീർത്ഥാടന ജീവിതം കൈമോശം വന്ന് എവിടെയെങ്കിലും പോയി വേരുറപ്പിക്കാൻ ഇടയാകരുതെന്ന ഉദ്ദേശ്യത്തോടെയാണ് ഈ കൽപ്പനകൾ നൽകിയത്. ഇസ്രായേലിലെ മഹാന്മാരായ പൂർവ്വപിതാക്കന്മാരെല്ലാം കൂടാരങ്ങളിൽ പാർത്ത് തീർത്ഥാടക ജീവിതമാണ് നയിച്ചിരുന്നത്, തന്റെ സന്തതിപരമ്പരയും അപ്രകാരം തന്നെ ചെയ്യണമെന്ന ബോധ്യം യോനാദാബിനുണ്ടായിരുന്നു. എന്നാൽ നീണ്ട ഇരുന്നൂറുവർഷങ്ങൾക്കു ശേഷവും യോനാദാബിന്റെ വംശം അവന്റെ ചട്ടങ്ങളിൽ ഉറച്ചു നിന്നു എന്നുള്ളതാണ് എടുത്തുപറയത്തക്കകാര്യം.

തലമുറകൾ കൈമാറി പരിപാലിച്ചു വരുന്ന ഒരു ആചാരമോ രീതിയോ ആണ് പാരമ്പര്യമെന്നത്. അവർ അത്രയ്ക്കധികം ആ ചട്ടങ്ങളിൽ നിലനിന്നതിനാൽ യിരമ്യാ അവരെ നിർബ്ബന്ധിച്ചപ്പോൾ അവർ നിഷേധിക്കുകയും അതുവഴി ഈ കഥകൾ പുറത്തുവരികയുമായിരുന്നു (യിരമ്യാവ് 35:8-10).

തങ്ങളുടെ ബോധ്യങ്ങളിൽ വിട്ടുവീഴ്ചവരുത്താൻ യിരമ്യാവ് അവരെ പ്രേരിപ്പിപ്പിച്ചില്ല, പകരം അവരുടെ ഭക്തിയെ ഒരു മാതൃകയാക്കി യൂദാദേശത്തിനുമുന്നിൽ അവതരിപ്പിക്കുകയാണ് അവൻ ചെയ്തത്. കാരണം യുദാദേശത്തിന്റെ അവിശ്വസ്തതയ്ക്കു മുന്നിൽ ഈ ആളുകളുടെ വിശ്വസ്തത രാവും പകലും പോലെ വ്യത്യസ്തമായിരുന്നു. നമ്മുടെ മുന്നിൽ ഈ വേദഭാഗം കൊണ്ടുവരുന്ന പാഠവും ഇതുതന്നെയാണ്.

**പ്രായോഗികത:**

എന്തൊക്കെ ആത്മീയ പാരമ്പര്യങ്ങളാണ് നാം നമ്മുടെ മക്കളിലേക്കു കൈമാറി കൊടുക്കുന്നത്? നമുക്കില്ലാത്ത ഒന്നിനെ നമുക്കു കൈമാറാൻ കഴിയുകയില്ല എന്നകാര്യം പ്രത്യേകം ഓർക്കുക.

ദിനം 14

# എഴുത്തുകാരനായ ബാരൂക്ക്

## യിരമ്യ 36:1-32

യിരമ്യാവിന്റെ സുഹൃത്തും യൂദാദേശത്ത് ദൈവവചനം പ്രഘോഷിക്കുന്നതിൽ പങ്കാളിയുമായിരുന്നു ബാരൂക്ക്. ബിസി 607ൽ ബാബിലോൻദേശക്കാർ വന്ന് യെരുശലേമിനെ നശിപ്പിച്ചു ബന്ദികളാക്കിക്കൊണ്ടു പോയതിന് ഇവർ രണ്ടുപേരും ദൃക്സാക്ഷിക ളായിരുന്നു. ഈ കാലഘട്ടത്തിൽ യിരമ്യാവിന് രാജസന്നിധിയിൽ പ്രവേശനം നിഷേധിച്ച് ബന്ധനത്തിലാക്കിയിക്കുകയാൽ, യിരമ്യാവ് ജനത്തിന്റെ ദുഷ്ടതയ്ക്കെതിരെ സംസാരിക്കാനുള്ള തന്റെ ദൗത്യം നിറവേറ്റാനായി ബാരൂക്കിന്റെ സഹായം തേടി.

യിരമ്യാവു പറഞ്ഞതു പ്രകാരം ബാരൂക് വചനങ്ങൾ ഒരു ചുരുളിൽ എഴുതി. വലിയ പീഡനങ്ങളുടെ നടുവിലും യിരമ്യാവി നോടു പങ്കാളിയാകാനുള്ള തീരുമാനത്തിലൂടെ ബാരൂക് തന്റെ ജീവിതം തന്നെ പണയപ്പെടുത്തി. വരുവാനിരിക്കുന്ന ദൈവവിധി യെക്കുറിച്ചുള്ളതായിരുന്നു ഈ വാക്കുകൾ. രാജാവ് യഹോവയ്ക്കെതിരെയായിരുന്നു, അതിനാൽത്തന്നെ പരസ്യമായി ഈ സന്ദേശത്തിലെ മുന്നറിയിപ്പുകൾ ജനത്തെ വായിച്ചു കേൾപ്പിക്കുന്നതും അപകടകരമായതായിരുന്നു.

ദൈവരാജ്യത്തിനുവേണ്ടി ഇതുപോലെ ഉത്സാഹഭരിതനായി പ്രവർത്തിക്കാൻ ഒരുക്കമുണ്ടായിരുന്ന ഒരു സമയത്തെക്കുറിച്ച് ഓർക്കു ക. എന്നായിരുന്നു അത്? നിങ്ങൾ എത്രമാത്രം പരസ്യമായാണ് നിങ്ങളുടെ വിശ്വാസം പങ്കുവയ്ക്കുന്നത്?
അവസാനമായി ഒരാളോട് ദൈവത്തെക്കുറിച്ചു തീക്ഷ്ണതയോടെ സംസാരിച്ചത് എപ്പോഴാണ്?

ചുരുൾ വായിച്ച രാജാവ് അതു തീയിൽ ഇട്ടു കത്തിച്ചുകളഞ്ഞതു നാം 27-32 വാക്യങ്ങളിൽ വായിക്കുന്നു. രാജാവിനെക്കുറി ച്ചുള്ള പ്രവചനങ്ങളും കൂട്ടിച്ചേർത്തുകൊണ്ടു വീണ്ടും എഴുതാൻ യിരമ്യാ കൽപ്പിച്ചപ്പോൾ ബാരൂക്ക് അതുമനുസരിച്ചുകൊണ്ട് തന്റെ സുഹൃദ്ബന്ധത്തിലുള്ള വിശ്വസ്തതയും പങ്കാളിത്തത്തിലുള്ള സമർപ്പണവും പ്രകടിപ്പിച്ചു. പീഢനങ്ങൾക്ക് നടുവിലായി രിന്നിട്ടും വിശ്വസ്തതയോടെ തുടർച്ചയായി ദൈവവചനം സംസാരിക്കുന്നതിൽനിന്നും ബാരൂക്ക് പിന്തിരിഞ്ഞില്ല.

നിങ്ങളുടെ വിശ്വസ്തതയും സമർപ്പണബോധവും അനുഭവിച്ചറിയാൻ കഴിയുന്നയാളുകൾ ആരൊക്കെയാണ്?
ഉത്സാഹം നൽകുന്ന പ്രതികരണങ്ങളില്ലാത്തപ്പോൾ പോലും വിശ്വാസം പങ്കുവയ്ക്കുവാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?

**പ്രായോഗികത:**
ആരെയെങ്കിലും ബൈബിൾ പഠിപ്പിക്കാനായി തീരുമാനിക്കുക. ഒരുങ്ങി, വചനങ്ങൾ പഠിച്ച്, മോശം പ്രതികരണത്താൽ സ്വാധീ നിക്കപ്പെടുകയില്ലെന്നു തീരുമാനിച്ച് ഈ ആഴ്ചതന്നെ അതു ചെയ്യുക.

മറ്റുള്ളവരുമായി ബൈബിൾ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ശിഷ്യനെ സഹായിക്കുക.

ദിനം 15

# ഏബെദ്-മേലെക്ക്

## ദൈവം നൽകുന്ന വിടുതൽ

## യിരമ്യ 38:1-13

യെരുശലേമിന്റെ നാശം പ്രവചിച്ചുകൊണ്ട് ആ ദേശത്തു വസിച്ചിരുന്ന ഏകപ്രവാചകൻ യിരമ്യാവായിരുന്നു. തന്റെ സമകാലീന രായ പ്രവാചകരെല്ലാം സമാധാനവും സുരക്ഷിതത്വവും പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ യിരമ്യാവ് നല്കിയ സന്ദേശം വ്യത്യ സ്തമായതായിരുന്നു, ആളുകളാകട്ടെ അതിനെ അംഗീകരിക്കുകയും ചെയ്തില്ല. അങ്ങനെ യിരമ്യാവിന് ജയിൽവാസവും പിന്നീട് ചെളിനിറഞ്ഞ ഒരു കിണറ്റിലുള്ള ഉപേക്ഷിക്കപ്പെടലും (വാ6) ദയലേശമില്ലാത്ത സെദക്കിയാ രാജാവിൽ നിന്നും (വാ 5) സഹി ക്കേണ്ടിവന്നു. അവന്റെ ജീവിതം ശരിക്കും അപകടത്തിലായിരുന്നു (വാ 4, 6, 9). കരുണയ്ക്കായി യാചിക്കുകമാത്രമാണ് അവന് സാദ്ധ്യമായുണ്ടായിരുന്നത്. ദൈവം വഴികാണിച്ചില്ലായിരുന്നെങ്കിൽ ആ ചെളിയിൽ അവന്റെ അന്ത്യവും സംഭവിക്കുമായിരുന്നു (സങ്കീർത്തനം 102:19-20).

തന്റെ ജനത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കാനുള്ള വിശേഷാൽ രീതികൾ ദൈവത്തിന്റെ കയ്യിലുണ്ട്. അവന്റെ വിളിക്കും കൽപ്പനയ്ക്കും കാതോർക്കുന്നവർ ഏതു മുക്കിലുമുണ്ട്.

എത്യോപ്യക്കാരനായ ഏബെദ്-മേലെക്ക് (രാജാവിന്റെ ദാസനെന്ന് പേരിനർത്ഥം) രാജസന്നിധിയിൽ ശുശ്രൂഷിച്ചിരുന്ന ഒരു ഷണ്ഢ ന്മാരിൽ ഒരുവനായിരുന്നു. യിരമ്യാവിന്റെ കാരാഗൃഹവാസമറിഞ്ഞ അവൻ രാജസന്നിധിയിൽചെന്ന് യിരമ്യാവിനനുകൂലമായി

സംസാരിച്ചു. രാജാവിന്റെ അനുമതിതേടിയതിനുശേഷം മറ്റു മുപ്പതുപേരേക്കൂടി കൂടെക്കൂട്ടി പഴയതുണിയും കയറുമൊക്കെയുപയോഗിച്ച് യിരമ്യാവിനെ രക്ഷിച്ചു.

- യിരമ്യാവിനെയും ഏബെദ്-മേലെക്കിനേയും പോലുള്ള ധീരന്മാർക്ക് ഇപ്രകാരം സംസാരിക്കാൻ കഴിയുന്നതെന്തുകൊണ്ടാണ്?
- ചെളിക്കുണ്ടിൽ അകപ്പെട്ട യിരമ്യാവിന്റെ അവസ്ഥയെന്തായിരിക്കും? പാപത്തിന്റെ ചെളിക്കുണ്ടിൽ അകപ്പെട്ടാൽ നമുക്കുണ്ടാകുന്ന തോന്നലുകളുമായി നമുക്കതിനെ താരതമ്യം ചെയ്യാനാകുമോ? (സങ്കീർത്തനം 37:7)
- അപകടകരമായ സാഹചര്യങ്ങളിൽപോലും സത്യത്തിന്റെ ഭാഗത്തുനിൽക്കാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?
- ഏബെദ്-മേലെക്കിന് നിരത്താമായിരുന്ന ഒഴികഴിവുകൾ അനേകമായിരുന്നു, എന്നാൽ എന്തുകൊണ്ട് അവൻ അതു ചെയ്തില്ല? ദൈവശുശ്രൂഷയുടെ കാര്യത്തിൽ നാം നിരത്തുന്ന ഒഴികഴിവുകൾ എന്തൊക്കെയാണ്?
- യിരമ്യാവിനെ സഹായിക്കാനായി ഏതറ്റവും വരെ പോകാൻ ഏബെദ്-മേലെക്കിനു കഴിഞ്ഞതെന്തുകൊണ്ടാണ്? അവന്റെ സ്വഭാവസവിശേഷതകൾ എഴുതിവയ്ക്കുക.
- ആരെയെങ്കിലും രക്ഷിക്കാനായി നിങ്ങളും ഇതുപോലെ മിനക്കിട്ടിറങ്ങിയിട്ടുണ്ടോ? എന്തായിരുന്നു നിങ്ങളെ അതിനു പ്രേരിപ്പിച്ചത്?
- യിരമ്യാവ് കടന്നുപോയ സഹനത്തിലൂടെ ദൈവം വിഭാവനം ചെയ്തതെന്തായിരുന്നു? അടുത്തകാലത്തു നിങ്ങൾ കടന്നുപോയ സഹനങ്ങളെക്കുറിച്ച് ഓർക്കുക, എന്തൊക്കെ പാഠങ്ങളാണ് ദൈവം അതിലൂടെ പഠിപ്പിക്കാൻ ശ്രമിച്ചത്?

ലോകം പരിത്യജിച്ചവരും, സമൂഹം ഉപയോഗശൂന്യമെന്നു കരുതുന്നവരും ആരുടെയും മുന്നിൽ ഒന്നുമല്ലാത്തവരുമായവരെ തന്റെ പദ്ധതികൾക്കായി ഉപയോഗിക്കുന്നതിൽ ദൈവം സന്തോഷം കണ്ടെത്തുന്നു. ദൈവവചനം പ്രഘോഷിച്ച ദൈവത്തിന്റെ പ്രവാചകനെ അപകടഘട്ടത്തിൽ രക്ഷിക്കാനായി ദൈവം ഏബെദ്-മേലെക്കിനെ ഉപയോഗിച്ചു.

- നിങ്ങളെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു? മോശപ്പെട്ടതെന്നോ, ചെറുതെന്നോ, തള്ളപ്പെട്ടതെന്നോ ഉപയോഗശൂന്യമെന്നോ പരിഗണിക്കപ്പെടാൻ യോഗ്യതയില്ലാത്തവനെന്നോ ഒക്കെയുള്ള തോന്നലുകൾ ഉണ്ടോ? ദൈവത്തിനു നിങ്ങളെ ശക്തമായി ഉപയോഗിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നുണ്ടോ? (1 കൊരിന്ത്യർ 1:27)
- നിങ്ങളുടെ ചുറ്റുമുള്ളവർ ഉത്സാഹരഹിതരായിരിക്കുമ്പോൾ നിങ്ങൾക്ക് ഊർജ്ജസ്വലനായി ഇരിക്കാൻ കഴിയുന്നുണ്ടോ? എന്താണു നിങ്ങളെ പ്രചോദിപ്പിക്കുന്നത്?

## യിരമ്യാവ് 39:15-18

ഏബെദ്-മേലെക്കിനെ ദൈവം അനുഗ്രഹിച്ചു. ദൈവം നമ്മെ മറന്നുകളയുന്നില്ല (ഏശയ്യാ 49:15).
- ഏബെദ്-മേലെക്കിന്റെ വിശ്വസ്തതയ്ക്ക് യിരമ്യാവിലൂടെ ദൈവം നൽകിയ അഞ്ചു വാഗ്ദാനങ്ങൾ ഏവ?

### പ്രായോഗികത:

- ആത്മീകമായി നോക്കുമ്പോൾ ഒരു ചെളിക്കുണ്ടിൽ ആയിരിക്കുന്ന അനേകം പേർ നമ്മുടെ ഇടയിലുണ്ട്. അവർ നിരാശരും, ഏകാന്തത അനുഭവിക്കുന്നവരും സഹായത്തിനായി കാംക്ഷിക്കുന്നവരുമാണ്. അത്തരത്തിലുള്ളവരെ രക്ഷിക്കാനായി ദൈവം നിങ്ങളെ ഉപയോഗിക്കാനായി പ്രാർത്ഥിക്കുക.

ദിനം 16

# ഹന്നാ

## ലൂക്കോസ് 2:36-38

1. ഹന്നായ്ക്ക് 84 വയസ്സു പ്രായമായെങ്കിലും അവൾ ദേവാലയം വിട്ടുപോയില്ല, രാവും പകലും അവൾ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി ദൈവത്തെ ആരാധിച്ചു പോന്നു.

ദൈവത്തിനായി എപ്പോഴും ലഭ്യമായ ഒരുവളായിരുന്നു ഹന്നാ എന്നു നമുക്കു കാണാൻ കഴിയും. നമ്മളെ സംബന്ധിച്ചോ? ദൈവത്തിനായി മാറ്റിവയ്ക്കാൻ നമുക്കെത്ര സമയമുണ്ട്?

ഞാൻ ആവശ്യത്തിനൊക്കെ ചെയ്തതാണ്, ഇനി മതി എന്ന ഒരു തോന്നൽ നമ്മിൽ വസിക്കുന്നുണ്ടോ? ഇനി പിറകോട്ടിരുന്നു വിശ്രമിക്കാം, അടുത്ത തലമുറ മുന്നോട്ടുവന്നു ദൈവശുശ്രൂഷചെയ്യട്ടേ എന്നൊക്കെയുള്ള ഒരു തോന്നൽ?

2. മിശിഹായുടെ വരവിനെ പ്രതീക്ഷിച്ചിരുന്ന അവൾ മിശിഹായുടെ വരവെപ്രകാരമെന്നു തിരിച്ചറിയുകയും മിശിഹായെ കണ്ടപ്പോൾ അതു മനസ്സിലാക്കിയെടുക്കുകയും ചെയ്തു. മറ്റു നിയമോപദേശകർ, നിയമങ്ങളുണ്ടാക്കലും പാരമ്പര്യങ്ങൾ പരിപാലിക്കലുമൊക്കെയായി, അവരുടെ ദൈനംദിന ജോലികളുമായി തിരക്കിലായിരുന്നു. (മത്തായി 15:9).

മിശിഹായെ അവഗണിക്കത്തക്കവിധം അല്ലങ്കിൽ അവിടത്തെ വിളികേൾക്കാൻ കഴിയാതവണ്ണം നാം തിരക്കുപിടിച്ചു ജീവിക്കുന്നവരാണോ? ദൈവത്തിനു നമ്മോടു സംസാരിക്കാനുള്ളതു നാം കേൾക്കാൻ കാതോർക്കുന്നുണ്ടോ?

3. ഹന്നാ യേശുവിനെക്കുറിച്ച് എല്ലാവരോടും പറഞ്ഞു. നിങ്ങൾ യേശുവിനെക്കുറിച്ച് ഈ ദിവസങ്ങളിൽ ആരോടാണു പങ്കുവയ്ക്കുന്നത്?

**പ്രായോഗികത:**

1. ഇന്നു നിങ്ങളുമായി ഇടപഴകുന്നവരോടെല്ലാം യേശുവിനെക്കുറിച്ചു പങ്കുവയ്ക്കുക.
2. നിങ്ങളുടെ വിലാപങ്ങളും പരാതികളും പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ കർത്താവിലേക്കു സമർപ്പിക്കുക, മിശിഹായെ നിങ്ങൾ കാണാതെപോകാൻ ഇടവരാതിരിക്കുക.

ദിനം 17

# യേശുവിനെ തൈലംപൂശിയ സ്ത്രീ

## ലൂക്കോസ് 7:36-50

ആളുകളുടെ വീട് മാറ്റത്തിനായുള്ള ഒരു വേദിയാക്കുന്നത് യേശുവിനു പതിവായിരുന്നു. കുടുംബങ്ങളെ ഒന്നായി മാറ്റത്തിലേക്കു നയിക്കാൻ അവരുടെ വീടുകൾ ശ്രേഷ്ടമായ ഒരു വേദിയാണ്. യേശുവിന്റെ കാലഘട്ടത്തിൽ അതിഥിസൽക്കാരങ്ങൾ പൊടിപൊടിക്കുന്ന സമയങ്ങൾതന്നെയായിരുന്നു, എങ്കിലും അത് ഒരേതലത്തിലുള്ള ആളുകളുടെയിടയ്ക്കായിരുന്നു എന്നുമാത്രം. എന്നാൽ ധനിക-ദരിദ്ര വ്യത്യാസമോ പാപി-ഭക്ത വ്യത്യാസമോ ഒന്നും യേശുവിനുണ്ടായിരുന്നില്ല.

ഇവിടെക്കാണുന്ന പരീശൻ ഒരു ഭക്തനായിരുന്നു, അവൻ സുനഗോഗിലെ ഒരു നായകനുമായിരുന്നെന്നു തോന്നുന്നു. ഈ സ്ത്രീയാകട്ടെ മോശപ്പെട്ട ഒരു ജീവിതമാണു നയിച്ചിരുന്നതെന്നു വ്യക്തമാണ്. പരീശൻ ഉന്നതനായി യേശുവിനു മുന്നിൽ നിലകൊണ്ടപ്പോൾ ഈ സ്ത്രീ തകർന്ന ഒരു മൺപാത്രമായി യേശുവിനെ സമീപിക്കുന്നു. നാം യേശുവിനെ സമീപിക്കുന്നത് എപ്രകാരമാണ്?

ഈ പരീശനേപ്പോലെയാണു നാം എന്നു വിചാരിക്കുകയാണെങ്കിൽ നമ്മുടെ ആത്മീയ നിലവാരത്തെപ്രതി നമുക്കുള്ള പ്രത്യാശയാണു നാം പ്രകടിപ്പിക്കുന്നത്. അതേസമയം ഈ സ്ത്രീയെപ്പോലെയാണു നാം എന്നുവിചാരിക്കുമ്പോഴാകട്ടെ, ആ ചിന്തകൾ ശരിയായതാണോ എന്ന് പലപ്രാവശ്യം നാം തന്നെ പരിശോധിക്കേണ്ടതായി വരുന്നു. കാരണം? യേശുവിന്റെ സന്നിധിയിൽ തനിക്ക് അംഗീകാരം ലഭിക്കാതിരിക്കില്ല എന്ന ഉറപ്പ് പരീശനുണ്ടായിരുന്നപ്പോൾ, തനിക്ക് ഒരു വിധത്തിലും അംഗീകാരം ലഭിക്കില്ലെന്ന ഉറപ്പായിരുന്നു ഈ സ്ത്രീക്കുണ്ടായിരുന്നത്.

യേശുവിന്റെ ഒരു ശുശ്രൂഷകയാവുകയെന്ന ഒരു ലക്ഷ്യമായിരുന്നു ഈ സ്ത്രീക്കുണ്ടായിരുന്നത്, തിരിച്ചൊന്നും യേശുവിൽ നിന്നും പ്രതീക്ഷിക്കാത്ത ഒരു ശുശ്രൂഷനൽകുന്ന സംതൃപ്തി. നാടുമുഴുവൻ നടന്നുവരുന്ന യേശുവിന്റെ കഴുകാത്ത പാദങ്ങളെ അവൾ തന്റെ കണ്ണീരുകൊണ്ടു കഴുകി തുടച്ചു, ചുംബിച്ചു, തൈലാഭിഷേകം ചെയ്തു.

നിങ്ങളുടെ സ്നേഹവും കൃതജ്ഞതയും പ്രകടിപ്പിക്കാനായി വിശേഷപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ യേശുവിനായി ചെയ്തിട്ട് എത്ര കാലമായി?
തനിക്കു നന്നായി ചെയ്യാൻ അറിയാവുന്ന കാര്യം പരീശൻ ഇവളോടും നന്നായിത്തന്നെ ചെയ്തു - അവളെ വിധിച്ചു. മറ്റുള്ളവരെ വിധിക്കുന്ന സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും വന്നുചേരുന്ന ഒന്നാണ്. എന്നാൽ സ്വയം വിധിക്കുന്നതിൽ നാം പരാജിതരാകുന്നു. ഇതുതന്നെയാണ് പരീശനായ ശിമയോനും പറ്റിയത്. യേശുവിനെ ചുംബിച്ചു സ്വീകരിക്കുകയോ, അവന്റെ കാൽ കഴുകാൻ വെള്ളം പകരുകയോ ശിമയോൻ ചെയ്തില്ല. ഈ സ്ത്രീയെ അപഹസിച്ചതു മാത്രമല്ല അവളെ നേരാംവണ്ണം മനസ്സിലാക്കിയെടുക്കുന്നതിൽ യേശു പരാജയപ്പെട്ടുവെന്നു വിചാരിച്ച അവൻ യേശുവിന്റെ കഴിവുകളെ ചോദ്യം ചെയ്യുകയുമായിരുന്നു.

യേശു ശിമയോനോട് ഒരു കഥപറഞ്ഞത് എന്തിനാണ്? നാഥാൻ ദാവീദിനോട് കഥപറഞ്ഞത് എന്തിനാണ്? ശിമയോനും ദാവീദും മറ്റുള്ളവരെ വിധിക്കുന്നതിൽ കേമരായിരുന്നു, എന്നാൽ സ്വയം മനസ്സിലാക്കുന്നതിൽ കഴിവുകുറഞ്ഞവരും. മറ്റുള്ളവരെ വിധിക്കാനുള്ള അവരുടെ കഴിവുകൾ ഉപയോഗിച്ചു തന്നെ ദൈവം അവരെ കുറ്റബോധമുള്ളവരാക്കി. യേശു നമ്മുടെയടുത്ത് വരുന്നത് ഏതു കഥയുമായിട്ടായിരിക്കും?

കഥയെന്തായിരുന്നു? ആരാണുകൂടുതൽ സ്നേഹിക്കാൻ തയ്യാറാകുന്നത്? കുറച്ചു കടം ഇളവുചെയ്തയാളോ അതോ കൂടുതൽ കടം ഇളവുചെയ്തയാളോ? കൂടുതൽ കടം ഇളവുചെയ്തുകിട്ടിയ ആൾ എന്ന നിലയിലാണോ നാം യേശുവിനോടു പെരുമാറുന്നത്? അതോ മറ്റുള്ളവരുടെ പാപങ്ങളാണ് മുന്തിയത് എന്ന രീതിയിൽ അവരെ വിധിക്കാനാണോ നാം തുനിയുന്നത്?

യേശുവിനോടു മാന്യമായ രീതിയിൽ ആതിഥ്യമര്യാദ കാണിക്കാതിരുന്ന ശീമോന്റെ ചെയ്തികളെ ചൂണ്ടിക്കാണിക്കാൻ കഴിയുമായിരുന്നിട്ടും അവൾ സ്വന്തം ചെയ്തികളിലും യേശുവിനോടു തനിക്കുള്ള സ്നേഹത്തിലുമാണ് ശ്രദ്ധകേന്ദ്രീകരിച്ചത്. അതിനുകിട്ടിയ പ്രതിഫലമോ? യേശുവിൽ നിന്നുലഭിച്ച പാപപ്പൊറുതിയും. മറ്റുള്ളവരോടു നാം ക്ഷമിക്കാതിരിക്കുന്നിടത്തോളം കാലം നാം തടവറയിൽത്തന്നെയാണ്, യേശുവിനുമാത്രം നമ്മെ സ്വതന്ത്രമാക്കാൻ കഴിയുന്ന തടവറയിൽ.

വിശ്വാസമാണ് സുരക്ഷിതത്വത്തിന്റെ അടിത്തറ. യേശുവിൽ ഈ സ്ത്രീക്കുവിശ്വാസമുണ്ടായിരുന്നു, അതിനാൽത്തന്നെ യേശു

വിൽ സുരക്ഷിതത്വം കണ്ടെത്താൻ അവൾക്കു സാധിച്ചു. എന്നാൽ തന്റെ സ്ഥാനമാനങ്ങളിൽ കൂടുതൽ വിശ്വാസമർപ്പിച്ച പരീശന് അതിൽത്തന്നെയാണ് സുരക്ഷിതത്വം കണ്ടെത്താൻ ശ്രമിച്ചത്.

അവസാനമായി, ഈ സ്ത്രീയുടെ വിശ്വാസം അവളെ രക്ഷിച്ചു. മഹത്തായ വിനയത്തോടെ പാപങ്ങൾക്കു ക്ഷമായാചനം നടത്തുന്നത് എപ്രകാരമെന്ന് അവൾ നമ്മെ പഠിപ്പിച്ചു. യേശു അവൾക്കു തന്റെ സമാധാനം പകർന്നു നൽകി, യാതൊരുവ്യവസ്ഥകളും മുന്നോട്ടുവയ്ക്കാതെ. ആശയക്കുഴപ്പവുമായി യേശുവിലേക്കുവന്ന അവൾ സമാധാനത്തോടെ തിരിച്ചുപോയി.

അങ്ങനെ അവളുടെ കഥ സുവിശേഷത്തിൽ സ്ഥാനം പിടിച്ചു. അറിയപ്പെടാത്ത ഒരു താരം തന്നെയാണവൾ.

**പ്രായോഗികത:**
സ്നാനസ്വീകരണത്തിനു മുമ്പും പിമ്പുമുള്ള പാപങ്ങളുടെ ഒരു പട്ടിക എഴുതി ആത്മപരിശോധന ചെയ്യുക. ക്ഷമലഭിക്കാതെ പോയ പരീശനാണോ അതോ ക്ഷമലഭിച്ചു സമാധാനത്തോടെ കഴിയുന്ന സ്ത്രീയാണോ നാമെന്നതു മനസ്സിലാക്കാനുള്ള ഉറപ്പായ വഴിയാണിത്.

ദിനം 18

# ജന്മനാ അന്ധനായവൻ

യോഹന്നാൻ 9:1-3

**വേദനയെക്കുറിച്ചുള്ള രണ്ടു കാഴ്ചപ്പാട്**
ഇത്തരമൊരു സംഭാഷണത്തിൽ നിങ്ങൾ ഭാഗഭാക്കായിട്ടുണ്ടോ? ആയിട്ടുണ്ടെങ്കിൽ നിങ്ങളുടെ അഭിപ്രായമെന്താകുമായിരുന്നു?
പാപത്തെക്കുറിച്ചും വേദനയെക്കുറിച്ചും ശ്രദ്ധിക്കാനാണ് ശിഷ്യന്മാർ ഒരുമ്പെട്ടത്, ദൈവത്തിന്റെ പ്രവർത്തിയെക്കുറിച്ചു മനസ്സിലാക്കാനല്ല. നമുക്കും ഈ അബദ്ധം പിണയാം.
ദൈവം നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതു മനസ്സിലാക്കാൻ ശ്രമിക്കാതെ വേദനയെ നേരിടാൻ നിങ്ങൾ അടുത്തിടെയെങ്ങാൻ ശ്രമിച്ചിട്ടുണ്ടോ? എന്തായിരുന്നു നിങ്ങൾക്കുണ്ടായ ചിന്തകൾ?
എന്റെ ജീവിതത്തിൽ ഇപ്രകാരം സംഭവിക്കാൻ ദൈവമനുവദിച്ചത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് ഈ ലോകത്തിൽ തിന്മവിളയാടുന്നത്? അനേകം പിഞ്ചുകുട്ടികൾ പട്ടിണികിടന്നു മരിക്കുന്നത് നോക്കിനിൽക്കാൻ സ്നേഹവാനായ ദൈവത്തിന് എങ്ങിനെ കഴിയുന്നു? ഈ ചോദ്യങ്ങൾക്കു സമാനമായ ചോദ്യങ്ങൾ നമ്മുടെ ഓരോരുത്തരുടെയും മനസ്സിൽ ഉണ്ടായിട്ടുണ്ട്?

തിന്മയുടെ ഉറവിടത്തെക്കുറിച്ച് കൂടുതലൊന്നും വെളിപ്പെടുത്തേണ്ട എന്ന തീരുമാനം ദൈവത്തിന്റെ ജ്ഞാനമാണ് (ആവർത്തനം 29:29)
ഈ നിഗൂഢതയെ മനസ്സിലാക്കാതെ അത്തരം ചിന്തകളിൽ മുഴുകുന്നവർ, ആ ചിന്തകളാൽ വഹിക്കപ്പെട്ട്, ദൈവമാണുകുറ്റക്കാരനെന്ന തോന്നലും കൊണ്ട് ദൈവത്തോടു ക്ഷമിക്കാതെ അവനെ പഴിപറഞ്ഞു ജീവിതം തള്ളിനീക്കുന്നു. ചിത്രത്തിന്റെ പൂർത്തിവരുത്താത്ത ഭാഗത്തു കണ്ണും നട്ടു കലുഷരായി കഴിയുന്ന അവർക്ക് പൂർത്തിയാക്കിയ ഭാഗത്തുനോക്കി സമാധാനിക്കുവാൻ സാധിക്കാതെ വരുന്നു.
എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവന്റെ ഉദ്ദേശ്യമനുസരിച്ചു വിളിക്കപ്പെട്ടവർക്കുതന്ന, സകല കാര്യങ്ങളും അവൻ നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്ന് നാം അറിയുന്നു (റോമർ 8:28)

രോഗത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനു പകരം രോഗസൗഖ്യമായ യേശുവിലാണ് നാം ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്. തന്റെ ശിഷ്യന്മാർ തെറ്റായകാര്യത്തിലേക്കാണു നോക്കുന്നതെന്ന് യേശു തിരുത്തിക്കൊടുത്തു. ദൈവത്തെ കുറ്റം ചാരാനുള്ള വകകൾക്കായല്ല നാം നോക്കേണ്ടത്, പകരം അവിടത്തെ സ്തുതിക്കുവാനുള്ള വകകൾക്കായാണ്. വേദനയെന്ന പ്രശ്നത്താൽ അവർ അന്ധതബാധിച്ചവരായി, ദൈവത്തിന്റെ മഹത്വം പ്രദർശിപ്പിച്ചിരിക്കുന്നതു കാണാൻ കഴിയാത്തവണ്ണം.

ഇതിനെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കുക. ദൈവത്തിന്റെ മഹത്വം പ്രദർശിപ്പിച്ചിരിക്കുന്നതു കാണപ്പെടാതെ പോകത്തക്കവണ്ണം നിങ്ങളുടെ ശ്രദ്ധ വേദനയിലും പ്രയാസങ്ങളിലും അകപ്പെട്ടുപോയിട്ടുണ്ടോ? കഠിനതകളിലൂടെ ദൈവം വലിയകാര്യങ്ങൾ ചെയ്യുമെന്ന പ്രത്യാശയാണ് ക്രിസ്ത്യാനികളായ നമ്മെ പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യാൻ പ്രാപ്തരാക്കുന്നത്. യോസെഫിന്റെ ജീവിതം ഇക്കാര്യത്തിൽ നമുക്കൊരു മാതൃകയാണ്. സഹോദരങ്ങളാൽ വില്ക്കപ്പെട്ടു, ഒരു അടിമയായി അന്യദേശത്തെത്തപ്പെട്ടു, കാരഗൃഹത്തിലടക്കപ്പെട്ടു, കാലത്തിന്റെ പൂർത്തീകരണത്തിൽ രാജാവിന്റെ വലതുകരസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു (ഉൽപ്പത്തി 50:20). യേശുവാകട്ടെ പാപത്തിന്റെ ഭീകരതമുഴുവൻ തന്നിലെടുത്തു, നിഷ്കളങ്കനായി കുരിശിലതു പ്രദർശിപ്പിച്ചു, ദൈവമഹത്വത്തിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമായി അതിനെ മാറ്റുകയും ചെയ്തു.

**പ്രായോഗികത:**
നിങ്ങളുടെ ചുറ്റും കാണുന്ന വേദനയോടു നിങ്ങൾക്കുള്ള കാഴ്ചപ്പാടുകൾ എന്താണ്?
നിങ്ങൾ കടന്നു പോകുന്ന വിഷമകരമായ സാഹചര്യങ്ങളിലൂടെ ദൈവം തന്റെ മഹത്വം പ്രദർശിപ്പിക്കാനായി പ്രാർത്ഥിക്കുക.

ദിനം 19

# റോമാക്കാരനായ ശതാധിപൻ

## യേശുവിനെ അതിശയിപ്പിച്ച താരം

### മത്തായി 8:5-13 / ലൂക്കോസ് 7:1-10

യഥാർത്ഥത്തിലുള്ള വിശ്വാസം യേശുവിനെ എപ്പോഴും അത്ഭുതപ്പെടുത്തിയിരുന്നു.
യേശുവിന്റെ അധികാരത്തെ തിരിച്ചറിയുമ്പോഴാണ് നമ്മിൽ യഥാർത്ഥവിശ്വാസം ഉടലെടുക്കുന്നത്.
തന്റെ ഭൃത്യന്റെ രോഗസൗഖ്യം തേടി യേശുവിലേക്കുവന്ന ഒരു ശതാധിപന്റെ കഥയാണു നാമിവിടെ കാണുന്നത്. യേശു അവനെ സഹായിക്കാൻ ചെല്ലാമെന്നേറ്റു, എന്നാൽ യേശുവിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് ശതാധിപൻ ആ സഹായവാഗ്ദാനം നിരസിച്ചിട്ട്, യേശുവിന്റെ ഒരു വാക്കുമാത്രം മതിയെന്ന് ആവശ്യപ്പെട്ടു. ഈ ലോകത്തിൽ അധികാരത്തിലുള്ള തന്റെ കൽപ്പനയ്ക്ക് ശക്തിയുണ്ടെങ്കിൽ അതിലും എത്രമാത്രം കൂടുതൽ ശക്തി സ്വർഗ്ഗീയാധികാരിയിൽ നിന്നും വരുന്ന ഒരു കൽപ്പനയ്ക്കുണ്ടെന്ന ചിന്തയായിരുന്നു അദ്ദേഹത്തെ സഹായിച്ചത്.

ശതാധിപന്റെ ഈ വിശ്വാസമായിരുന്നു യേശുവിൽ ആശ്ചര്യമുണർത്തിയത്. ഇദ്ദേഹത്തെ തനിക്കു പരിചയപ്പെടുത്തിത്തന്ന യഹൂദരിൽ പോലും ഇത്രയ്ക്കുള്ള വിശ്വാസം കാണാഞ്ഞത് യേശുവിനെ അത്ഭുതപ്പെടുത്തി (ലൂക്കോസ് 7). ഇസ്രായേലിൽപ്പോലും ഇത്രയും വിശ്വാസം താൻ കണ്ടിട്ടില്ലയെന്ന് യേശു സാക്ഷ്യപ്പെടുത്തി.

ഒരു വിജാതീയനും പാലസ്തീനായിൽ യഹൂദരെ ചക്രവർത്തിഭരണത്തിൻ കീഴിലാക്കാൻ അവരോധിക്കപ്പെട്ട റോമാക്കാരനുമായ ഇദ്ദേഹം യേശുവിന്റെ പ്രീതിപാത്രമാകാൻ യാതൊരുവിധത്തിലും പറ്റിയ ആളല്ല. ശതാധിപനെന്ന തന്റെ സ്ഥാനം തന്നെ ക്രൂരമായ റോമാക്കാരുടെ ആയോധനകലകളിലും യുദ്ധനിപുണതയിലും അയാൾക്കുണ്ടായിരുന്ന കഴിവുകളുടെ അംഗീകാരമാണ്. അദ്ദേഹം അണിഞ്ഞിരുന്ന പതക്കങ്ങളൊന്നും ബൈബിളിലെ ഒരു വിശ്വാസനായകനു യോഗ്യമായവയായിരുന്നില്ല.

എന്നാൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസം യേശുവിന്റെ അധികാരത്തെക്കുറിച്ചു തനിക്കുണ്ടായിരുന്ന തിരിച്ചറിവിൽ നിന്നും ഉദയം ചെയ്തതാണ്. യേശുവിനെ നാം മനസ്സിലാക്കുമ്പോൾ, അവിടത്തെ പരമാധികാരവും ദൈവീകത്വവും നാം മനസ്സിലാക്കുമ്പോൾ, അവയിൽ നാം വളരുമ്പോൾ, നമ്മുടെ പ്രാർത്ഥനാ ജീവിതവും വളരുന്നു.

**പ്രായോഗികത:**
1. യേശുവിന്റെ അധികാരത്തെക്കുറിച്ചു നിങ്ങൾക്കുള്ള ധാരണ എത്രമാത്രമാണ്? ഏതൊക്കെ മേഖലകളിലാണ് നിങ്ങൾ അവന്റെ അധികാരത്തിനു കീഴ്പ്പെട്ടു ജീവിക്കുന്നത്, ഏതൊക്കെ മേഖലകളിലാണ് കീഴ്പ്പെടാതെയുള്ളത്?
2. അനുദിനമുള്ള നിങ്ങളുടെ ബൈബിൾ പഠനം എപ്രകാരം പോകുന്നു? വചനത്തിനു കീഴടങ്ങി ജീവിക്കുന്ന ഒരു ജീവിതമാണു നിങ്ങളുടേതെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? ഏതൊക്കെ രീതിയിൽ?

ചില നിർദ്ദേശങ്ങൾ:
1. കുടുംബജീവിതം, വിവാഹം, ബന്ധങ്ങൾ, സഭ, മിനിസ്ട്രി തുടങ്ങിയ വിവിധ ജീവിത മേഖലകളിൽ നിങ്ങൾക്കുള്ള അധികാരമെന്തെന്ന് എഴുതുക.
2. ആ മേഖലകളിലും മറ്റു മേഖലകളിലും യേശുവിന്റെ അധികാരംകൊണ്ടു വരുത്താൻ കഴിയുന്ന മാറ്റങ്ങളെക്കുറിച്ചു ചിന്തിക്കുക.
3. എന്തുകൊണ്ടാണ് യേശു നിങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ നടപ്പിൽ വരുത്താത്തതെന്നും ചിന്തിക്കുക.

ദിനം 20

# കുറേനക്കാരനായ ശിമയോൻ

### മത്തായി 27:32, മർക്കോസ് 15:21-22, ലൂക്കോസ് 23:26

രാവും പകലും വിശ്രമമറിയാത്ത ഒരു ദിവസമായിരുന്നു അന്ന് യേശുവിന്റേത്. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട അവനെ അന്നാസിന്റെയടുത്തും കയ്യഫാവിന്റെയടുത്തും പീലാത്തോസിന്റെയടുത്തും മാറിമാറിവലിച്ചിഴച്ചു കൊണ്ടുപോയി. ഹെരോദോസിന്റെയടുത്തും പിന്നീട് പീലാത്തോസിനടുത്തേക്കും ബലപ്രയോഗത്തിലൂടെ നടത്തിച്ചു. ക്രൂരമായി ചാട്ടവാറടിപ്പിക്കുകയും പടയാളികളാൽ മർദ്ദിക്കപ്പെടുകയുമുണ്ടായി. രക്തവാർച്ചയും തളർച്ചയും മൂർദ്ധന്യത്തിലെത്തിക്കഴിഞ്ഞിരുന്നു. തറയ്ക്കപ്പെടാനുള്ളകുരിശിന്റെ കുറുകെയുള്ള ഭാഗവുമേന്തി യേശു കാൽവരിയിലേക്കുള്ള യാത്രയിലാണിവിടെ. നല്ല ഭാരമുള്ള ആ തടി യേശുവിന്റെ ചുമലിൽ കെട്ടിവച്ചിരിക്കുകയാണ്.
ഈ അവസ്ഥയിൽ ഈ ചുമടുംകൊണ്ട് നീണ്ട ഒരു നടത്തത്തിനുള്ള വക യേശുവിലില്ലായിരുന്നു. ആകയാൽ അവർ അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവായ കുറേനാക്കാരൻ ശിമയോനെ കുരിശുചുമക്കാൻ നിർബന്ധിച്ചു. ഈ ഒരു വരിയിലൂടെ (മർക്കോസ് 15:21) പുതിയ ഒരു കഥാപാത്രം രംഗപ്രവേശനം ചെയ്യുന്നു.

ഇപ്പോഴത്തെ ലിബിയാരാജ്യത്തെ ട്രിപ്പോലി ദേശമാണ് വടക്കൻ ആഫ്രിക്കയിലെ കുറേന. വർഷങ്ങളോളം ശേഖരിച്ചു വച്ച സമ്പാദ്യവുമായി പെസഹാതിരുന്നാളിൽ പങ്കെടുക്കാൻ വേണ്ടിയാണ് ഇത്രയും ദൂരം യാത്രചെയ്ത് ശിമയോൻ ആ സമയത്ത് അവിടെയെത്തിയത്. തന്റെ ജീവിതാഭിലാഷംതന്നെയായിരിക്കണം തന്റെ മക്കളുമൊരുമിച്ചുള്ള ഈ തീർത്ഥയാത്ര. കുരിശുചുമക്കാനായി അവനെ നിർബന്ധിച്ചപ്പോൾ അവനിലുണ്ടായ പ്രതികരണങ്ങൾ എന്തൊക്കെയായിരിക്കും:
- തന്നെ ഒറ്റപ്പെടുത്തിയതിലുള്ള ഞെട്ടൽ (ഇത്രയും ആളുകളുടെ നടുവിൽ ഒന്നുമറിയാത്ത എന്നെയെന്തിന്...)
- തന്റെ പദ്ധതികൾക്കിടയിൽ കയറിവന്ന ശല്യം (ഇതിനായിട്ടൊരുങ്ങിയല്ല അവൻ യെരുശലേമിലേക്കുവന്നത്).
- റോമാസാമ്രാജ്യത്തിന്റെയും യഹൂദപ്രമാണിമാരുടെയും കണ്ണിൽ കൊടും കുറ്റവാളിയെന്നു മുദ്രകുത്തപ്പെട്ട ഒരുവനുമായി സഹകരിക്കുന്നതിലുള്ള മനോവിഷമം.
- കുറ്റവാളികൾ മാത്രം ചുമക്കേണ്ട കുരിശും വഹിച്ചുകൊണ്ട് നഗരമദ്ധ്യത്തിലൂടെ നടന്നുപോകുന്നതിലുള്ള ജാള്യം.

ശിമയോനുണ്ടായ അനുഭവമായിരിക്കില്ല നമുക്കുണ്ടായവ, എന്നാൽ നമ്മുടെയും ശിമയോന്റെയും പ്രതികരണങ്ങളിൽ സമാനതകൾ ഏറെകാണാം.

നമുക്കു ചുമക്കേണ്ടിവരുന്ന കുരിശുകളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിനെ നമുക്കുപരിശോധിക്കാം. ശിമയോനു കിട്ടിയ കുരിശ് പ്രതീക്ഷിക്കാതെ വന്നതായിരുന്നു, നമുക്കു കിട്ടുന്ന കുരിശുകളും മിക്കവാറും അങ്ങനെതന്നെയാണ്. കുരിശിൽനിന്നും ഒഴിഞ്ഞുമാറാൻ അവനുകഴിഞ്ഞില്ല, നമ്മുടെ കാര്യത്തിലും അതുതന്നെയാണു സത്യം. കുരിശുചുമന്ന സംഭവത്തിലൂടെ ശിമയോന്റെ മനസ്സിലേക്കുവന്നേക്കാവുന്ന ചോദ്യങ്ങളെക്കുറിച്ചും അവയ്ക്കുള്ള ഉത്തരത്തെക്കുറിച്ചും നമുക്കറിയില്ലായെങ്കിലും, സമാനസാഹചര്യങ്ങളിൽ നമ്മിലുണ്ടാകാവുന്ന ചോദ്യങ്ങൾക്ക് ഉത്തരം തിരയുന്നത് ആത്മപരിശോധനയ്ക്കുതകുന്ന ഒന്നാണ്:
- കുരിശില്ലാതെ ഉയിർപ്പില്ല എന്ന വാസ്തവം നാം കാണാറുണ്ടോ? (ശിമയോന്റെ കാര്യത്തിൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല, കാരണം, അവൻ യേശുവിനെ സഹായിക്കുകയായിരുന്നു).
- നമ്മുടെ കുരിശു ചുമക്കാൻ നാം ചുറ്റുമുള്ളവരുടെ സഹായവും താങ്ങും സ്വീകരിക്കാറുണ്ടോ? അതോ മറ്റുള്ളവർ നമ്മുടെ ആത്മീയ ജീവിതത്തിൽ ഒരു തടസ്സമാണോ? കുരിശുചുമക്കുന്ന കാര്യത്തിൽ നാം ഒരു മാതൃകയാണോ?
- കുരിശു നൽകുന്നതിലൂടെ പരിശുദ്ധാത്മാവു നമ്മിൽ നടത്തുന്ന പ്രവർത്തികളെക്കുറിച്ചു നാം ബോധവാനാണോ, അവൻ നമ്മെ പരിപൂർണ്ണതയിലേക്കു നയിക്കുന്നതിനു നാം വഴങ്ങിക്കൊടുക്കുന്നുണ്ടോ? പ്രയാസങ്ങൾ വരുമെന്നറിഞ്ഞുകൊണ്ട് നാം അവയെ അതിജീവിക്കുവാനുള്ള കരുത്തിനായി പൗലോസിന്റെ മനോഭാവത്തോടെ പ്രാർത്ഥിക്കുന്നുണ്ടോ (കൊലോസ്യർ 1:24)?
- ഇത്തരം അനുഭവങ്ങളിലൂടെ നാം നേടിയ അനുഗ്രഹങ്ങളെക്കുറിച്ചു സംസാരിക്കാൻ തിടുക്കം കാണിക്കുന്നവരാണോ നാം? അതോ വിജയത്തിന്റെ അവകാശം നമ്മിൽ സ്ഥിരപ്പെടുത്തുന്നവരാണോ? മുന്നോട്ടു പോകുമ്പോൾ, ശിമയോനു സംഭവിച്ചതുപോലെ, നാം കടന്നുപോയ സാഹചര്യങ്ങളിൽ ജീവിതമാറ്റമുണ്ടാക്കി, യേശുവിനോട് കൂടുതൽ അടുക്കാനും, നമ്മുടെ കുടുംബത്തോടും പ്രത്യേകം കുട്ടികളോടും സുഹൃത്തുക്കളോടും പരിചയപ്പെടുന്നവരോടുമെല്ലാം നമ്മുടെ സാക്ഷ്യം നൽകാനും നാം തയ്യാറാകുന്നുണ്ടോ?

**മുന്നോട്ടുപോവുക, യേശുവിനെ പിന്തുടരുക.** ലൂക്കോസ് 9:23

ലൂക്കോസ് 23:26ൽ യേശുവിനു പിന്നിലായി ക്രൂശുചുമക്കാൻ അവർ ശിമയോനെ നിർബന്ധിച്ചതായി കാണുന്നു. നാമെല്ലാവരും ആഗ്രഹിക്കുന്നതും, പ്രാർത്ഥിക്കുന്നതും ഭാരങ്ങൾ നമ്മിൽ നിന്നും മാറ്റപ്പെടാനാണ്. ആശ്വാസത്തിനായി ദൈവത്തോടു യാചിക്കുന്നതിൽ യാതൊരു തെറ്റുമില്ല. വേദനയെകർത്താവു ശമിപ്പിക്കുമ്പോൾ നാം അതിനു നന്ദിപ്രകാശിപ്പിക്കുന്നവരുമാകണം. എന്നാൽ ദൈവം വേദന കുറച്ചില്ലെങ്കിൽപോലും, തന്റെ പദ്ധതിപ്രകാരം നാം കൂടുതൽ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വളർന്ന് അവനു പൂർണ്ണമായി കീഴടങ്ങാനായി നമ്മിൽ പ്രവർത്തിക്കുകയാണെന്നതു കാണാൻ നമുക്കു കഴിയണം.

ശിമയോന്റെ കാര്യം നോക്കുകയാണെങ്കിൽ, കുരിശിന്റെ പാതയിലുള്ള തന്റെ യാത്രയെ ശിമയോനെ തന്നോടടുപ്പിക്കാനായി യേശു ഉപയോഗിക്കുകയായിരുന്നു, ഒരു പക്ഷേ വേറൊരു വിധത്തിലും ഇതു സാദ്ധ്യമാകുമായിരുന്നില്ല. തന്റെ ജീവിതത്തിൽ മറ്റൊരിക്കലും സാദ്ധ്യമാകാനിടയില്ലാത്ത ക്രിസ്തുമാർഗ്ഗത്തെക്കുറിച്ച് മനസ്സിലാക്കാനുള്ള ഒരു അവസരം നല്കുകയായിരുന്നു. യേശുവിന്റെ പാതയിലേക്കുവരാനോ, സുവിശേഷസന്ദേശം കേൾക്കാനോ അവന്റെ ജീവിതകാലത്തിൽ മറ്റൊരു അവസരം ഉണ്ടാകുമായിരുന്നില്ല - അതുമൂലം തന്റെ മക്കൾ ക്രിസ്തീയ വിശ്വാസത്തിൽ സജീവരാകുവാനും (അവർ എത്രആത്മാക്കളുടെ രക്ഷയ്ക്കു കാരണഭൂതരായി എന്നാർക്കറിയാം)?

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്കു വഹിക്കാൻ കഴിയുന്ന കുരിശുകൾ ദൈവം നിങ്ങൾക്കായി തരുന്നു. കൃതാർത്ഥതയോടും വിശ്വാസത്തോടും ശരിയായമനോഭാവത്തോടും കൂടി നാമതു ക്ഷമയോടെ വഹിക്കുവാൻ തയ്യാറാകുമ്പോൾ നിത്യകിരീടത്തിനായി നമ്മുടെ ജീവിതം മാറുന്നു.

ദിനം 21

# കുരിശിലെ കുറ്റവാളി

ലൂക്കാ 23:26-43

പേരറിയാത്ത ഒരു കഥാപാത്രമാണ് ഈ കുറ്റവാളി, എങ്കിലും നമ്മുടെ ഹൃദയത്തിലേക്ക് ഒന്നു ഉറ്റുനോക്കാൻ ഇയാൾ ഇടയാക്കും. കുരിശിൽ തറച്ച ഇവരെ മൂന്നുപേരെയും കുരിശുചുമപ്പിച്ചു തെരുവിലൂടെ നടത്തിയിരുന്നു, കുറ്റമെഴുതിയ ഫലകം പരസ്യമായി പ്രദർശിപ്പിച്ചുകൊണ്ട് - അവരെപ്പോലെ ജീവിക്കുന്ന സകലർക്കും ഒരു മുന്നറിയിപ്പായിക്കൊണ്ട്.

അവർ മൂന്നുപേരും കുരിശിൽ തൂങ്ങിക്കിടക്കവേ, ആ മനുഷ്യന്റെ ശ്രദ്ധ തന്റെ കൂടെ കുരിശിലേറ്റപ്പെട്ട ഒരുവനിലേക്കു തിരിഞ്ഞു. അന്ധർക്കു കാഴ്ചനൽകിയവനും, കുഷ്ഠം സുഖപ്പെടുത്തിയവനും, കൊടുങ്കാറ്റിനെ ശമിപ്പിച്ചവനും, മരിച്ചവരെ ഉയിർപ്പിച്ചവനുമായ യേശുവെന്ന മനുഷ്യനിലേക്ക്. തന്നെപ്പോലെ തന്നെ അവനും ശ്വാസത്തിനുവേണ്ടി പിടഞ്ഞ് ആണിയിൽതൂങ്ങി നിസ്സഹായനായി മരണം കാത്തു കിടക്കുകയായിരുന്നു.
താഴെ നിന്നിരുന്നയാളുകൾ സഹക്രൂശിതനെ നോക്കി ആക്രോശിക്കുന്നതും, ഏലിയാവെ വിളിക്കാൻ വെല്ലുവിളിക്കുന്നതും, കുരിശിൽ നിന്നും താഴെയിറങ്ങി ദൈവപുത്രനാണെന്നു തെളിയിക്കാൻ അലറുന്നതും കേട്ടപ്പോൾ അവന്റെ മനസ്സിലും ചോദ്യങ്ങൾ ഉയരുന്നുണ്ടായിരിക്കണം. ഒരു അത്ഭുതം ഇയാൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ മൂന്നുപേരുടെയും യാതനയും മരണവുമെല്ലാം നീങ്ങിപ്പോകുമായിരുന്നു. മിന്നലേൽപ്പിച്ച് ഈ പീഢകരെ നശിപ്പിച്ചിരുന്നുവെങ്കിൽ, ഭൂമികുലുക്കി ആണികളാലുള്ള ഈ ബന്ധനം തകർത്തിരുന്നുവെങ്കിൽ എന്ന ചോദ്യങ്ങൾ. അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള ഇയാളുടെ കഴിവുകൾ നശിച്ചുപോയോ ഇനി?
കുറച്ചു സമയം പിന്നിട്ടപ്പോൾ അവനു തോന്നിക്കാണും, യഹൂദരാജാവെന്നു വിളിക്കുന്ന ഇയാൾ മരിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന്.
പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയാത്തതുകൊണ്ട് ഇവരോടു ക്ഷമിക്കേണമേ, എന്ന യാചനാസ്വരം അയാളിൽനിന്നുമുയർന്നതു കേട്ടു. അയാളെ ഇതുപോലെ പീഡിപ്പിക്കുന്നവരോടു ക്ഷമിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും മുതിർന്നപ്പോൾ, അയാൾ വ്യത്യസ്തനാണെന്ന ചിന്ത അവനിൽ ഉടലെടുത്തു.
വേദനയാൽ കോടിയമുഖവും, രക്തമൊലിക്കുന്ന മുറിവുകളും, യാതനയാൽ വിളറിയ കണ്ണുകളുമുള്ള അയാളിൽ നിറഞ്ഞിരിക്കുന്ന അനുകമ്പ അവൻ ദർശിച്ചു.

കുറ്റം വിധിക്കപ്പെട്ടവന്റെ ഹൃദയം ഉരുകി, വിവശമായി. മറ്റുള്ളവരോടു ക്ഷമിക്കാനുള്ള ആ നിഷ്കളങ്കന്റെ ഹൃദയം ഇയാളെ ബോധ്യമുള്ളവനാക്കി. സ്വന്തം പാപവും ദുഷ്ചെയ്തികളും കരുതലും ഭക്തിയുമില്ലാത്ത ജീവിതവും സുഖം തേടിയുള്ള പ്രയാണവും അവനേടിയെടുക്കാനായി നടത്തിയ ക്രൂരതകളും അവന്റെ ചിന്തയിൽ നിറഞ്ഞു. തന്റെ ചെയ്തികൾമൂലം മുറിവേറ്റവരുടെ മുഖങ്ങളും നീർനിറഞ്ഞ നയനങ്ങളും തകർന്ന ഹൃദയങ്ങളും തന്റെ കൂടെക്കിടന്ന് കഷ്ടതയനുഭവിക്കുന്നവന്റെ മുഖത്തയാൾ തെളിഞ്ഞുകണ്ടു. അവൻ രൂപാന്തരപ്പെടുത്തിയ വ്യക്തികളെക്കുറിച്ച് ഓർത്തു, പാപിനിയായ സ്ത്രീയും വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളും സഖായിയും ചുങ്കക്കാരുമെല്ലാം വരിവരിയായി അവന്റെ മനസ്സിലേക്കു വന്നു. തനിക്കും ഒരു അവസരവും കൂടി യേശുവിൽ നിന്നുമുണ്ടാകുമോ എന്നവൻ ആശിച്ചു. നിഷ്ഫലമാക്കിക്കളഞ്ഞ ഒരു ജീവിതത്തെക്കുറിച്ചുള്ള നിരാശയും മരണഭീതിയും നരകഭയവുമെല്ലാം കൂടി അവനിൽ നിറച്ച പശ്ചാത്താപം കണ്ണീരായി ഒഴുകി.

അവരോടൊപ്പമുണ്ടായിരുന്ന മൂന്നാമനിൽ നിന്നും ഉറക്കെ ഉയർന്ന അവഹേളനവാക്കുകൾ അവന്റെ കാതിൽ അപ്പോൾ പതിച്ചു. ദൈവഭയമില്ലാത്തവനെ ശക്തമായി അവൻ ശാസിച്ചു. എന്നിട്ടവൻ യേശുവിലേക്കു തിരിഞ്ഞ് അവന്റെ രാജ്യത്തിൽ തന്നേയും ഓർക്കേണമേ എന്നു യാചിച്ചു. തന്റെ ഹൃദയത്തിലെ മാറ്റം പ്രതിധ്വനിപ്പിക്കുന്ന വാക്കുകളായിരുന്നു അത്.
യേശുവിൽ നിന്നുമുള്ള പറുദീസാവാഗ്ദാനവും ദൈവീകമായ പാപക്ഷമയും അത്ഭുതകരമായ കൃപയും നേരിലനുഭവിക്കാൻ കഴിഞ്ഞ അവനിൽ നിന്നും ആദ്യമായി കൃതജ്ഞതയുടെയും അവർണ്ണനീയമായ സന്തോഷത്തിന്റെയും കണ്ണീർ ഒഴുകിയിറങ്ങി.

ആദ്യം യേശുവിനെ അവഹേളിക്കുന്നവരുടെ കൂട്ടത്തിലായിരുന്നു ഈ കുറ്റവാളിയെന്ന് നാം വചനത്തിൽ വായിക്കുന്നു (മത്തായി 27:39-44, മർക്കോസ് 15:32).
സ്വന്തനേട്ടത്തിനായി ഈ സാഹചര്യങ്ങളെ എപ്രകാരം തിരിക്കാമെന്നതായിരുന്നു അപ്പോൾ അവൻ ചിന്തിച്ചത്, മറ്റുള്ളവരുടെയോ ലോകത്തിന്റെയോ രക്ഷയെക്കുറിച്ചൊന്നുമല്ലായിരുന്നു.
നമ്മുടെ ഹിതത്തിനനുസരിച്ചു കാര്യങ്ങൾ വഴങ്ങുന്നില്ല എന്നുകാണുമ്പോഴോ, നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടുന്നില്ല എന്നു തോന്നുമ്പോഴോ ഒക്കെ നാം ദൈവത്തെ നിന്ദിക്കാറുണ്ടോ? ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ നാം ദൈവത്തെ ദുഷിക്കാറുണ്ടോ? പരാതിക്കാരനും പിറുപിറുക്കുന്നവനും ചോദ്യം ചെയ്യുന്നവനുമൊക്കെയായി തീരാറുണ്ടോ?

കുരിശിൽ നാം കാണുന്ന ഈ കുറ്റവാളിയിലുള്ള ഏറ്റവും ശ്രേഷ്ടമായകാര്യമെന്തെന്നാൽ, അവൻ മാനസാന്തരപ്പെട്ടു എന്നതാണ്.
കുരിശുനമ്മെ മാനസാന്തരത്തിലേക്കു കൊണ്ടുവരുന്നുണ്ടോ - അനുദിനം?
കുരിശാണോ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രം? അതോ തിരുവത്താഴ സമയത്ത് ഓർക്കുവാൻ മാത്രമായി മാറ്റിവച്ചിരിക്കുന്ന ഒരു കാര്യമാണോ കുരിശ്?
അനുദിനം സ്വയം ത്യജിക്കാനും, ഒരുമൈൽ കൂടുതൽ പോകാനും, നമ്മുടെ ഊർജ്ജവും സമയവും സമ്പത്തുമെല്ലാം പങ്കിടാനുമുള്ള പ്രചോദനം കുരിശിൽ നിന്നും നമുക്ക് ആർജ്ജിച്ചെടുക്കാം (2 കൊരിന്ത്യർ 5:14-15).

അർഹിക്കുന്ന ശിക്ഷയാണ് തനിക്കു ലഭിച്ചിരിക്കുന്നതെന്ന അവന്റെ ഏറ്റുപറച്ചിൽ നമുക്കു കാണാം. നമ്മുടെ പാപങ്ങളുടെയും കുറവുകളുടെയും ഉത്തരവാദത്വം നാം ഏറ്റെടുക്കാറുണ്ടോ? അതോ നമ്മൾ മറ്റുള്ളവരിൽ പഴി ചാരി, സ്വയം ന്യായീകരിച്ച്, സ്വാർത്ഥതയ്ക്കുവേണ്ടി വഴക്കാളിയാവുകയാണോ ചെയ്യുന്നത്?
പാപങ്ങൾ സ്വയം ഏറ്റെടുക്കാതെവരുന്നതും തർക്കിക്കുന്നതും പ്രതിരോധിക്കുന്നതും ക്ഷമായാചനം ചെയ്യാതിരിക്കുന്നതുമൊക്കെ എന്റെ ജീവിതത്തിൽ പലതവണ നടന്നിട്ടുള്ള കാര്യമാണ്.

ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം ധീരതയോടെ വിളിച്ചുപറഞ്ഞതും, ദൈവഭയമില്ലാത്തതിന് സഹക്രൂശിതനെ ശകാരിച്ചതും ഇദ്ദേഹത്തെ സംബന്ധിച്ചുള്ള മറ്റൊരു വലിയ കാര്യമാണ്. സ്വന്തം വേദനയുടെയും മരണത്തിന്റെയും കൂടിനിൽക്കുന്നവരുടെ ആക്രോശങ്ങളുടെയും നടുവിലാണ് അവനിതു ചെയ്തത്. അന്തരഫലങ്ങൾ നോക്കാതെ, ധൈര്യത്തോടെ സത്യം ഏറ്റുപറയുന്നവരാണോ നമ്മൾ? ഒറ്റപ്പെട്ടുപോയേക്കുമെന്ന ഭയമോ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാകുന്നതിനെക്കുറിച്ചുള്ള ആധിയോ നമ്മെ വേട്ടയാടുന്നുണ്ടോ? ക്ഷീണമോ രോഗമോ അസൗകര്യങ്ങളോ നമ്മുടെ വിശ്വാസപ്രഘോഷണത്തെ തടസ്സപ്പെടുത്തുന്നുണ്ടോ?

നമ്മുടെ ജീവിതവും നമുക്കു നൽകപ്പെട്ട വചനവും പങ്കുവയ്ക്കപ്പെടാനുള്ളതാണെന്ന ബോധ്യം നമ്മിൽ ശക്തമായി നില നിൽക്കുന്നുണ്ടോ?

നുറുങ്ങിയതും എളിമയുള്ളതുമായ ഒരു ഹൃദയമാണ് മാനസാന്തരപ്പെട്ട ഈ കുറ്റവാളി കുരിശിൽ കാണിച്ചത്. യേശു അവനു നൽകിയ കരുണയെ അവൻ ഇരുകയ്യും നീട്ടി സ്വീകരിക്കുകയും ചെയ്തു, ജീവിതത്തിന്റെ അവസാന നിമിഷത്തിലാണെ ങ്കിൽപോലും. നാം കുറ്റബോധത്തിലും ലജ്ജയിലും തുടർന്നു ജീവിക്കുന്നവരാണോ അതോ ദൈവകൃപയെ കയ്യുംനീട്ടി സ്വീക രിക്കുന്നവരാണോ? മറ്റുള്ളവർ ആവശ്യത്തിനു നല്ലപ്രവർത്തികൾ ചെയ്തു അർഹതനേടിയാലേ നാം അവരോടു ക്ഷമിക്കൂ എന്ന ഒരു മനോഭാവമാണോ നാം വച്ചുപുലർത്തുന്നത്? ദൈവം നമുക്കു ദാനമായി നൽകിയ കൃപ നാം ദാനമായിത്തന്നെ മറ്റു ള്ളവർക്കും വച്ചുനീട്ടുന്നവരാണോ?

**പ്രായോഗികത:**

1. ദൈവത്തോട് എന്തെങ്കിലും പിറുപിറുപ്പോ നീരസമോ വച്ചുപുലർത്തുന്നുണ്ടെങ്കിൽ അതേക്കുറിച്ച് എഴുതുക. വചനങ്ങളി ലൂടെ ധ്യാനിക്കുകയും സഹായമെടുക്കുകയും ചെയ്തുകൊണ്ട് ഹൃദയം നവീകരിക്കുക.
2. കുരിശിന്റെ സ്വാധീനത്താൽ ക്രിസ്തുവിന് അനുരൂപമായി അനുദിനജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ ഏതൊക്കെയെന്ന് എഴുതുക. ഉത്തരവാദിത്വം എടുക്കാത്ത പാപങ്ങളേതെന്നും തിരിച്ചറിയുക. ഏറ്റുപറയുകയും അതുമായി ബന്ധപ്പെട്ടവരോടു ക്ഷമായാചനം നടത്തുകയും ചെയ്യുക.
3. ആരുടെയടുത്തെങ്കിലും ഇന്നുതന്നെ വചനം പങ്കുവയ്ക്കുമെന്ന ഒരു ദൃഢനിശ്ചയമെടുത്തു പ്രാവർത്തികമാക്കുക.
4. ദൈവകൃപപ്രാപിച്ചെങ്കിലും കുറ്റബോധം വേട്ടയാടുകയും സ്വയം ക്ഷമിക്കാൻ കഴിയാതെ വരികയും ചെയ്യുന്ന ഒരു അവസ്ഥ യിലാണു നിങ്ങളെങ്കിൽ അതു തുറന്നുപറഞ്ഞു സഹായം തേടുക. ആരോടെങ്കിലും ക്ഷമിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നുണ്ടെ ങ്കൽ സഹായം തേടി, ബന്ധങ്ങളിൽ ദൈവീകത കൊണ്ടുവരുക.

ദിനം 22

# എത്യോപ്യക്കാരനായ ഷണ്ഢൻ

## അപ്പ പ്രവർത്തികൾ 8:26-40

ദൈവം നൽകിയ നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി താമസമൊട്ടും വരാതെ അനുസരിച്ച ഒരു വ്യക്തിയുടെ മാതൃക യാണ് ഇന്നു നമ്മുടെമുന്നിലുള്ളത്. യേശു നൽകിയ നിർദ്ദേശപ്രകാരം ഫിലിപ്പോസ് യെരുശലേം വിട്ട് ശമരിയാ ദേശത്തേക്ക് സദ്വാർത്തയുമായി പോയി. അവനിലൂടെ ദൈവം ശക്തമായി പ്രവർത്തിക്കുന്നതു കണ്ട ജനാവലികൾ യേശുവിന്റെ സുവി ശേഷം കേട്ടു വിശ്വസിച്ചു. യേശുവിനെ അനുസരിക്കാനുള്ള ഫിലിപ്പോസിന്റെ തീരുമാനം അനേകം ആത്മാക്കൾക്കു രക്ഷയായി പരിണമിച്ചു.

ശമരിയായിൽ ആയിരുന്നപ്പോൾ ദൈവം ഫിലിപ്പോസിനോട് ആവശ്യപ്പെട്ടത് എന്താണ്? (യെരുശലേമിൽ നിന്നും ഗാസ്സായിലേ ക്കുപോകുന്ന വഴിയിലേക്കു പോവുക എന്ന്).

ആ നിർദ്ദേശം കേട്ട ഫിലിപ്പോസ് അനുസരിക്കാൻ താമസം വരുത്തിയില്ല. ദൈവത്തോടു തിരിച്ചു ചോദ്യങ്ങൾ ചോദിക്കാനോ, തർക്കിക്കാനോ നിന്നില്ല, പിന്നീടു ശ്രമിക്കാമെന്നും പറഞ്ഞില്ല, ഉടനെ അനുസരിച്ചു.

ദൈവം നിങ്ങളോടുപറയുന്ന കാര്യങ്ങളെക്കുറിച്ചു നിങ്ങൾക്കുള്ള മനോഭാവമെന്താണ്? ഉടനെയുള്ള അനുസരണമോ അതോ നീട്ടിവയ്ക്കലോ?

ഏതുപ്രായത്തിലുള്ള ഒരു ആളായിരുന്നാലും, ദൈവം നമ്മോടു സംസാരിക്കുന്നു എന്നു നമുക്കുറപ്പിക്കാൻ കഴിയുന്നതെപ്പോ ഴാണ്? അക്കാര്യങ്ങൾ വചനത്തോടു ചേരുന്നതാകുമ്പോൾ.

മരുഭൂമിയിലേക്കുള്ള പാതയിലൂടെ നടക്കുമ്പോൾ ഒരു രഥം തന്റെ അതേ ദിശയിലേക്കു വരുന്നത് അവനുകാണാൻ കഴിഞ്ഞു. നീണ്ട ഒരു യാത്രയിലായിരുന്ന, എത്യോപ്യാ രാജ്ഞിയുടെ ധനകാര്യവിചാരകനും മന്ത്രിയുമായ ഒരാളായിരുന്നു ആ രഥത്തിൽ തന്റെ അടുക്കലേക്കു വന്നുകൊണ്ടിരുന്നത്. യേശുവിലുള്ള വിശ്വാസം അയാളിൽ ഉടലെടുത്തിട്ടില്ലായിരുന്നെങ്കിലും തികഞ്ഞ ഒരു ദൈവവിശ്വാസിയായിരുന്നു അദ്ദേഹം.

ദൈവവചനമാണ് വായിക്കുന്നതെന്നു ബോധ്യമായ ഫിലിപ്പോസിന് അവനോട് എന്തു ചോദിക്കണമെന്നതിനെക്കുറിച്ചുള്ള ജ്ഞാനമുണ്ടായിരുന്നു. നാം ദൈവത്തിന്റെ കൽപ്പനയനുസരിച്ചു നീങ്ങുന്ന സാഹചര്യങ്ങളിൽ എന്തു സംസാരിക്കണമെന്നതിനെക്കുറിച്ചുള്ള ജ്ഞാനം ദൈവം നമുക്കു നൽകും.

അദ്ദേഹം വായിച്ചിരുന്ന ഏശയ്യാപുസ്തകത്തിന്റെ അമ്പത്തിമൂന്നാം അദ്ധ്യായത്തിൽ നിന്നുതന്നെ ശരിയായ ചോദ്യം ചോദി ക്കാനും യേശുവിനെക്കുറിച്ചുള്ള സുവിശേഷം അവനെ അറിയിക്കാനും ഫിലിപ്പോസിനു കഴിഞ്ഞു. ഫിലിപ്പോസിന്റെ വിശദീക രണങ്ങൾ മനസ്സിലായ അദ്ദേഹം സ്നാനവും സ്വീകരിച്ചു.

യേശുവിൽ വിശ്വസിച്ചതിനാൽ മാറിയ അവന്റെ ജീവിതം എത്രപേരുടെ ജീവിതമാറ്റത്തിനു പ്രചോദനമായി എന്നു ചിന്തിച്ചു നോക്കുക. നമ്മുടെ ചുറ്റുമുള്ളവരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്ന വഴികളെക്കുറിച്ച് നമുക്കൊരു നിശ്ചയവുമില്ല. ദൈവം നമ്മോടു സംസാരിക്കുന്നതിനു കാതോർക്കാനും, അവനെ അനുസരിക്കുന്നതിൽ ധൃതികാണിക്കാനുമുള്ള ഒരു സ്വഭാവ രീതിനമ്മിൽ വളർന്നുവരാനും നമുക്കീയാഴ്ചയിൽ പ്രാർത്ഥിക്കാം.

**പ്രായോഗികത:**
- ആത്മാവിന്റെ നിർദ്ദേശങ്ങൾക്കു കാതോർക്കുക
- ആത്മാവു നമ്മെ ചൂണ്ടിക്കാണിക്കുന്നവരുടെയടുത്തു വിശ്വാസം പങ്കുവയ്ക്കുക.
- ദൈവവചനത്തെ അനുസരിക്കുന്നതിനു തടസ്സം നിൽക്കുന്ന വസ്തുതകളെ തിരിച്ചറിയുക, അവയെ എഴുതിവച്ചു നേരിടുക.

ദിനം 23

# തബീഥ

മറ്റുള്ളവരെ സ്നേഹിക്കാനായി നാം ജീവിതം സമർപ്പിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. യേശുവിന്റെ ജീവിതവും അവന്റെ സുഹൃത്തുക്കളുടെ ജീവിതവും നാം കണ്ടതാണ്. യേശു ജീവിച്ചു മരിച്ചതിനോടൊപ്പം തന്റെ സുഹൃത്തുക്കളും മറ്റുള്ളവർക്കായി ജീവിക്കാൻ അഭ്യാസം സിദ്ധിച്ചവരായി. ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന എല്ലാവർക്കുമറിയാം അവർ ഒരുദിവസം മരിക്കുമെന്നുള്ള കാര്യം. എന്നാൽ ആരുമതുവിശ്വസിക്കുന്നില്ല എന്നതാണ് ജീവിതത്തിലെ സങ്കടകരമായ ഒരു കാര്യം. അങ്ങനെയായിരുന്നുവെങ്കിൽ അവർ കുറച്ചുകൂടി മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നവരും പ്രയോജനപ്രദമായ ജീവിതം നയിക്കുന്നവരുമായേനേ. തബീഥായുടെ ജീവിതം കാണിക്കുന്നത് അതാണ്. പേടമാനെന്നു പേരുള്ള അവളുടെ ജീവിതം യേശുനമുക്കുതന്ന ജീവിതത്തെ എപ്രകാരം മാനിക്കണമെന്നുള്ളതിന് ഒരു ഉദാഹരണമാണ്.

## അപ്പ പ്രവർത്തികൾ 9:36-42

അവൾ സദാ നന്മപ്രവർത്തിക്കുന്നവളും ആവശ്യക്കാർക്ക് ഉപകാരങ്ങൾ ചെയ്യുന്നവളുമായിരുന്നെന്ന് ദൈവവചനം പറയുന്നു. ഇതുനാം വായിക്കുമ്പോൾ നമുക്കു നല്ല ഒരു തോന്നലുണ്ടാകുന്നു, അതിനുശേഷം അടുത്ത വചനത്തിലേക്കു വഴുതിനീങ്ങുന്നു. ഞാൻ വിചാരിച്ചു - അവൾ സദാ നന്മചെയ്തിരുന്നവളായിരുന്നു, ചിലപ്പോഴൊക്കെയെന്നല്ല പകരം എപ്പോഴും എന്നുതന്നെ എഴുതിയിരിക്കുന്നു. മക്കളുള്ള ഒരു അമ്മയാണു നിങ്ങളെങ്കിൽ, മക്കളോടു സദാ ക്ഷമയോടെ പെരുമാറാൻ നിങ്ങൾക്കു കഴിയുമോ? ജീവിത പങ്കാളിയോടു സദാ സ്നേഹവും ആദരവും കാണിക്കുവാൻ കഴിയുമോ? അയൽക്കാരോടു സദാ നന്മപ്രവർത്തിക്കാനാകുമോ? മുതലാളിയോടും വാടകക്കാരനോടുമൊക്കെ? അങ്ങനെയാകാൻ എങ്ങനെ കഴിയും? അമ്മായി അമ്മയ്ക്കും മരുമകൾക്കും സദാസമയവും നന്നായിപെരുമാറാൻ കഴിയുമോ? അസാദ്ധ്യമെന്നുതന്നെ പറയാം. ഈ സ്ത്രീയാകട്ടെ സദാ നന്മപ്രവർത്തിക്കുന്നവളായിരുന്നു എന്ന വാക്യം എന്നെ ചിന്തിപ്പിച്ചു. അവളെക്കുറിച്ചു നമുക്കു മനസ്സിലാക്കാവുന്നകാര്യങ്ങൾ:

### 1. അവളൊരു കുടുംബം സൃഷ്ടിച്ചു.

അവൾക്കു സ്വന്തമായി ഒരു കുടുംബമുണ്ടായിരുന്നോ എന്നകാര്യം വ്യക്തമല്ല, എന്നിരുന്നാലും അവളുടെ ചുറ്റുമുള്ളവരുമായി അവളൊരു കുടുംബം സൃഷ്ടിച്ചു. അവൾ രോഗിയാകാൻ പോകുന്നുവെന്നും അവൾക്കായി ഒരു കുടുംബം വേണമെന്നും അവൾക്കറിയാമായിരുന്നു. കുടുംബമുണ്ടാക്കുകയെന്നുവച്ചാൽ ഭർത്താവും കുട്ടികളുമൊക്കെയുണ്ടാകുകയെന്നതല്ല. കുടുംബം ഒരു അനുഭവമാണ്. മറ്റുള്ളവരുമായി താദാത്മ്യം പ്രാപിക്കാൻ അവൾക്കു കഴിഞ്ഞിരുന്നു. യോപ്പായിലെ ശിഷ്യന്മാരുടെ ഹൃദയത്തിൽ സമുന്നതസ്ഥാനം നേടാൻ അവൾക്കു കഴിഞ്ഞു.

എഫേസ്യർ 5:21-33 വാക്യങ്ങളിൽ വചനം സംസാരിക്കുന്നതും അതുതന്നെയാണ്. മറ്റുള്ളവരെ സ്നേഹിക്കാനും ആദരിക്കാനും നമുക്കുകഴിയുകയില്ലെങ്കിൽ നാം തീർച്ചയായും വലിയ പ്രശ്നത്തിൽത്തന്നെയാണ്. മൂല്യങ്ങളിലും ബോധ്യങ്ങളിലും ഐക്യമുണ്ടായിരിക്കുകയെന്നത് വിവാഹബന്ധത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. എന്നാൽ വിവാഹത്തിലെ മർമ്മപ്രധാനമായ കാര്യമായി ഞാൻ കരുതുന്നത് വിവാഹത്തിലെ വിശ്വാസം തന്നെയാണ്. നിങ്ങൾക്കു നിങ്ങളുടെ വിവാഹത്തിൽ വിശ്വാസമുണ്ടോ? ജീവിതപങ്കാളിയിലും കുട്ടികളിലുമെല്ലാം? നിങ്ങളുടെ മരണസമയത്തും നിങ്ങൾ ജീവിച്ചിരിക്കണമെന്ന ആഗ്രഹവുമായി നിങ്ങളുടെ കിടക്കയ്ക്കരികിൽ ഉണ്ടാകാൻ പോകുന്നത് ആരാണ്? തബീഥായുടെ മരണം എല്ലാവർക്കും ഒരു നഷ്ടമായി. എന്നാൽ അവിടെ കൂടിയിരുന്ന സഹോദരിമാർക്ക് അവളെ നഷ്ടപ്പെടാൻ മനസ്സില്ലായിരുന്നു, അവർക്ക് അവളെ ജീവനോടെ വേണമായിരുന്നു.

നമ്മുടെ മരണശേഷം നാം ജീവനോടെയുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്ന എത്രപേർ ഉണ്ടാകും? ജീവനുള്ള ഓർമ്മകൾ അവരിൽ സൃഷ്ടിക്കേണ്ടത് നാമോരുത്തരുമാണ്, ജീവിതം മുഴുവൻ തബീഥ ചെയ്തതും അതുതന്നെയാണ്.

### 2. ഊർജ്ജം മുഴുവൻ ജനത്തിനായി നൽകി

ആളുകളോടുള്ള അവളുടെ സമർപ്പണമനോഭാവം എത്രമാത്രമുണ്ടെന്ന് നിങ്ങൾക്കു കാണാൻ കഴിഞ്ഞോ? ഉന്നതസ്ഥാനീയനായ പത്രോസ് അപ്പസ്തോലനെ അവർ വിളിച്ചു വരുത്തി. തങ്ങളുടെ കൂടെയുണ്ടായിരുന്ന ശ്രേഷ്ഠയായ ഒരു ശിഷ്യയെ പത്രോസിനു

കാണിച്ചുകൊടുക്കാൻ അവർ ആഗ്രഹിച്ചു. വിശ്വാസജീവിതത്തിൽ അവൾ മുറുകെപിടിച്ച ഒരുകാര്യം വ്യവസ്ഥകളില്ലാത്ത സ്നേഹമായിരുന്നു. ആദ്യനൂറ്റാണ്ടിലെ ക്രിസ്തീയജീവിതം എത്ര അപകടം പിടിച്ചതായിരുന്നു എന്ന് ആലോചിച്ചു നോക്കുക - കൊല്ലപ്പെട്ടേക്കാം, കാരാഗൃഹത്തിലടയ്ക്കപ്പെട്ടേക്കാം, സ്വന്തമായുള്ളതെല്ലാം കണ്ടുകെട്ടപ്പെട്ടേക്കാം, റോമായിലേക്കു നാടുകടത്തപ്പെട്ടേക്കാം - ഇതിനെല്ലാമിടയിലും മറ്റുള്ളവരെ പ്രധമസ്ഥാനീയരായികണ്ട് അവരെ സ്നേഹിക്കാൻ തബീഥായ്ക്കു കഴിഞ്ഞു.

സ്നേഹമെന്നത് വ്യത്യസ്തമായ ഒരു വികാരമാണ്. നമ്മുടെ ആവശ്യങ്ങളെപ്പോലെതന്നെ മറ്റുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്ന, തരംതിരിവുകൾ കാണിക്കാത്ത ഒന്ന്.

### യോഹന്നാൻ 15:9-13

നിങ്ങൾക്കുള്ളതു സമർപ്പിക്കുക. പണത്തെക്കുറിച്ചല്ല ഇവിടെ സംസാരിക്കുന്നത്, സമയത്തെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചുള്ള താത്പര്യത്തെപ്പറ്റിയുമാണ്, പങ്കുവയ്ക്കാനുള്ള നമ്മുടെ കഴിവിനെക്കുറിച്ചാണ്. മറ്റുള്ളവർക്കു സന്തോഷം പകരുക, മൂല്യവത്തായതും അർത്ഥമുള്ളതുമായ കാര്യങ്ങൾക്കായി നമ്മുടെ ജീവിതം ഉഴിഞ്ഞുവയ്ക്കുക. തബീഥ തനിക്കായി ഒന്നും മാറ്റിവച്ചില്ല, മറ്റുള്ളവർക്ക് അവൾ എല്ലാം നൽകി, അതിനുള്ള ഒരു തുറന്ന ഹൃദയം അവൾക്കുണ്ടായിരുന്നു.
മറ്റുള്ളവരുടെ പ്രശ്നങ്ങളിലേക്ക് തലയിടുന്നതെന്തിനാണ്, എനിക്കുതന്നെ ധാരാളം പ്രശ്നങ്ങൾ സ്വന്തമായുണ്ടല്ലോ എന്ന ഒരു മനോഭാവം നമ്മിലുണ്ടായേക്കാം. എന്നിരിക്കിലും പ്രയാസങ്ങളിലൂടെ കടന്നുപോകുന്നവരുടെ സമീപത്തായിരിക്കുന്നതും അവരുടെ മുഖത്ത് ഒരു പുഞ്ചിരികാണിക്കാൻ കഴിയുന്നതും വിലപിടിപ്പുള്ള കാര്യങ്ങൾതന്നെയാണെന്ന് നമുക്കറിയാം. പ്രത്യാശയില്ലാത്തവരുടെയടുത്ത് ബൈബിൾ തുറന്നു നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ പങ്കുവയ്ക്കാൻ കഴിയുന്നത് അമൂല്യമായ ഒരു പ്രവർത്തിയാണെന്നത് നമുക്കറിയാം.

**3. മറ്റുള്ളവരെക്കൂടാതെ അവൾക്കു നിലനിൽപ്പില്ലായിരുന്നു.**

സ്നേഹമുള്ള ഒരു കൂട്ടായ്മയിൽ അവൾ മുഴുകിയിരുന്നെങ്കിലും കൂടുതലായി സ്നേഹം പങ്കുവയ്ക്കപ്പെടണമെന്ന മനോഭാവം അവളിൽ വേരൂന്നിയിരുന്നു. അവളുടെ വേർപാട് നികത്താൻ പറ്റാത്ത ഒരു നഷ്ടമായി അവർക്കു തോന്നിയതും അതിനാലാണ്. കയ്പും നീരസവും കോപവും നിറഞ്ഞ ഒരു വ്യക്തിയായിരുന്നു അവളെങ്കിൽ ആളുകൾ അവളെ തിരിച്ചു കിട്ടണമെന്ന് ആഗ്രഹിക്കുമായിരുന്നോ? നമ്മുടെ മരണശേഷം മറ്റുള്ളവർ നമ്മെക്കുറിച്ച് എന്താണു ചിന്തിക്കാൻ പോകുന്നതെന്നറിയുന്നത് താത്പര്യമുണ്ടാക്കുന്ന ഒന്നാണ്. അതുകേൾക്കാനായി എന്റെ കാതുകൾ ഇപ്പഴേ ഒരുക്കമുള്ളതാണ്, എന്നെക്കുറിച്ചുള്ള വാസ്തവങ്ങൾ മറനീക്കിപുറത്തുവരുന്ന ഒരു അനുഭവമാകുമത്.

ചിലസമയത്ത് മറ്റുള്ളവർ ഒരു ഭാരമായി നമുക്കു തോന്നും. നമ്മോടുപോലും ക്ഷമിക്കാൻ കഴിയാത്ത ചിലസന്ദർഭങ്ങളിൽ മറ്റുള്ളവരോടു ക്ഷമിക്കുകയെന്നത് അസാദ്ധ്യമായി തോന്നും. നിങ്ങളോടുതന്നെ ക്ഷമിക്കാൻ കഴിയാത്ത അവസരങ്ങൾ ഏതാണ്? ചെയ്യാതിരുന്ന കാര്യങ്ങളെക്കുറിച്ചോ, മെച്ചപ്പെടുത്താൻ കഴിയാതിരുന്ന കാര്യങ്ങളെക്കുറിച്ചോ ഒക്കെ ചിന്തിക്കുമ്പോഴാണ് നമുക്കു നമ്മോടുതന്നെ നീരസം തോന്നുന്നത്.

മരണം അവസാനിപ്പിക്കുന്നതു ജീവിതം മാത്രമാണ്, ബന്ധങ്ങളല്ല, ഇന്നു തബീഥയിലേക്കു നോക്കുമ്പോൾ നമ്മുടെ ജീവിതം ആകുലതകളാലും സംശയങ്ങളാലും നിറച്ച് ഉപയോഗശൂന്യമാക്കിയിരിക്കുന്ന ഒന്നാണ് എന്നു തോന്നുന്നുണ്ടോ? അനിവാര്യമായ ഒരു ദുരന്തമായാണ് പൊതുവേ മരണത്തെ കാണുന്നത്, എന്നാൽ അതു ഒരു പ്രകൃതിനിയമമാണ്. ജീവിതം നമ്മിൽ തുടിക്കുന്ന കാലത്തോളം അതുമായി സമാധാന ഉടമ്പടിയുണ്ടാക്കുക, മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങാനും അവരെ പരിപോഷിപ്പിക്കാനും സ്പർശിക്കാനുമുള്ള സമയമെടുക്കുക, അവരിൽ ശ്രേഷ്ടമായ ഓർമ്മകൾ സൃഷ്ടിക്കുക - ക്രിസ്തുവിന്റെ സ്നേഹത്തിൽ പ്രചോദിതരായി.

**പ്രായോഗികത:**
നിങ്ങളുടെ കുടുബത്തെ പ്രോത്സാഹിപ്പിക്കുക. ഈ ആഴ്ചയിൽ തന്നെ, നിങ്ങളുടെ കൂട്ടുജോലിക്കാരനേയോ, ബന്ധുവിനേയോ, സുഹൃത്തിനേയോ, അപരിചിതനായ ഒരാളേയോ ഒപ്പം സമയം ചിലവഴിക്കാൻ അവസരം കണ്ടെത്തി അയാളെ പ്രോത്സാഹിപ്പിക്കുക.

ദിനം 24

# കാരാഗൃഹപ്രമാണി

### അപ്പ പ്രവർത്തികൾ 16:16-40

ഫിലിപ്യയിലെ അശുദ്ധാത്മബാധിതബാലികയെ പൗലോസ് സൗഖ്യപ്പെടുത്തി. ആ ബാലികയെ സാമ്പത്തികനേട്ടത്തിനായി ഉപയോഗിച്ചിരുന്ന യജമാനന്മാർ പട്ടണത്തിൽ വലിയ ഒരു ലഹളയുണ്ടാക്കി. പൗലോസിനെയും സീലാസിനെയും ബന്ധിതരാക്കി, വിവസ്ത്രരാക്കി വടികൊണ്ടു വളരെയധികം അടിച്ചതിനുശേഷം കാരാഗൃഹത്തിലടച്ചു. അവരുടെ സുരക്ഷ കാരാഗൃഹപ്രമാണിയെ ഏൽപ്പിച്ചു. മാരകമായി മുറിവേറ്റു രക്തം വമിക്കുന്ന അവരെ കാരഗൃഹപ്രമാണി അകത്തളത്തിലേക്കു കൊണ്ടുപോയി ആമമിട്ടു പൂട്ടി ബന്ധിച്ചു. പൗലോസും സീലാസുമാകട്ടെ സ്തുതിഗീതങ്ങൾ ആലപിച്ചും പ്രാർത്ഥിച്ചും കൊണ്ട് തടവിൽ കഴിഞ്ഞു. അവരുടെ സഹതടവുകാർ അവർചെയ്യുന്നതു ശ്രദ്ധിച്ചു വന്നു. വചനം പ്രസംഗിക്കാനും ആരാധിക്കാനും പറ്റിയ അവസരവും സ്ഥലവും?!!

- ഈ സഹോദരന്മാർക്കുണ്ടായ പീഡനത്തെപ്പറ്റി നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്? ഇത്തരം വേദനകളിലൂടെ കടന്നുപോകാൻ ദൈവം അവരെ അനുവദിച്ചതെന്തിനാണ്?
- ദൈവവേലചെയ്തതിനാൽ നിങ്ങൾക്കു പീഡനമുണ്ടായ ഒരു സന്ദർഭത്തെക്കുറിച്ചു ചിന്തിച്ചു ധ്യാനിക്കുക.
- മുറിവും ക്ഷതവുമേറ്റു ക്ഷീണിച്ചവരും അവശരും ആമത്തിനാൽ ബന്ധിതരായി അസ്വസ്ഥരും ഉറക്കക്ഷീണമുള്ളവരുമായിരുന്നിട്ടും പാതിരാസമയത്തുപോലും ആരാധനയിലും പ്രാർത്ഥനയിലും മുഴുകിയിരുന്ന പൗലോസിനെയും സീലാസിനെയും കുറിച്ചു നിങ്ങൾക്കെന്തു തോന്നുന്നു?
- വേദനയും അസ്വസ്ഥതയും നിങ്ങളെ അലട്ടുമ്പോഴും നിങ്ങൾ പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണോ?
- എന്തിനുവേണ്ടിയായിരുന്നു പൗലോസും സീലാസും പ്രാർത്ഥിച്ചത്? തങ്ങളെ വിടുവിക്കാനായിരുന്നോ? അതായിരുന്നെങ്കിൽ ബന്ധനങ്ങൾ അഴിഞ്ഞുവീണമാത്രയിൽ അവർക്കു രക്ഷപെടാമായിരുന്നില്ലേ? അധിപതികൾ അവരെ വിട്ടയക്കാൻ തീരുമാനിച്ചപ്പോഴും അവർ പോകാതെനിന്നതെന്തുകൊണ്ടാണ്?
- ദൈവം അന്നുരാത്രിയിൽ പ്രവർത്തിച്ച അത്ഭുതമെന്തായിരുന്നു? ചങ്ങലകൾ അഴിഞ്ഞുവീണതോ അതോ കാരാഗൃഹപ്രമാണിയും കുടുംബവും രക്ഷയിലേക്കു വന്നതോ?
- ദൈവം പ്രവർത്തിച്ച അത്ഭുതത്തെ പൗലോസും സീലാസും എപ്രകാരം ഉപയോഗിച്ചു?
- ഫിലിപ്യയിലെ കാരാഗൃഹപ്രമാണി ചോദിച്ച ചോദ്യമെന്തായിരുന്നു (വാ 29)? - പൗലോസിന്റെയും സീലാസിന്റെയും പക്കൽ തന്റെ ചോദ്യത്തിനുള്ള ഉത്തരമുണ്ടെന്ന് അദ്ദേഹത്തിനെങ്ങനെ അറിയാമായിരുന്നു? (അവർ ആ ദേശത്തു പ്രസംഗിച്ചതെന്തിനെക്കുറിച്ചാണെന്നു മനസ്സിലാക്കാൻ വാക്യം 17 വായിക്കുക).
- പൗലോസിന്റെ മറുപടിയെന്തായിരുന്നു?
- ദൈവവചനം കേട്ടപ്പോൾ പ്രമാണി എന്താണു ചെയ്തത്? എന്തുകൊണ്ടാണിത്?
- മാനസാന്തരപ്പെട്ടതിനുശേഷം പൗലോസിനോടും സീലാസിനോടുമുള്ള തന്റെ സമീപനമെന്തായിരുന്നു?
- ആ രാത്രിതന്നെ അവർ സ്നാനം സ്വീകരിക്കാനുള്ള കാരണമെന്തായിരുന്നു? തക്കതായ ഒരു സമയവും സ്ഥലവും അവർക്കു തിരഞ്ഞെടുക്കാമായിരുന്നില്ലേ? (സഭായോഗത്തിനായി അവരൊന്നിച്ചുകൂടുന്ന ഞായറാഴ്ചയോ മറ്റോ തിരഞ്ഞെടുക്കാമായിരുന്നില്ലേ? സ്നാനമെടുക്കാനുള്ള ഏറ്റവും ഉചിതമായ സമയമേതാണ്?)
- ഇത്രയും നമ്മളെത്തിയ നിലയ്ക്ക് പൗലോസും സീലാസും ആ രാത്രിയിൽ പ്രാർത്ഥിച്ചിരുന്നത് എന്തിനുവേണ്ടിയായിരിക്കണം?
- മറ്റുള്ളവരോടു നാം ദൈവവചനം പങ്കുവയ്ക്കുന്നത് എപ്രകാരമാണ്? അവരെ രക്ഷയിലേക്കു നയിക്കാൻ ഉതകുന്ന വിധത്തിലാണോ?
- ഇന്നു നാം പ്രാർത്ഥിക്കുകയും രക്ഷയിലേക്കു നയിക്കാൻ ഉദ്യമിക്കുകയും ചെയ്യുന്ന ആളുകൾ ആരൊക്കെയാണ്?

**പ്രായോഗികത:**
- രക്ഷയിലേക്കു നയിക്കാൻ നാം ഇറങ്ങിച്ചെല്ലണമെന്നു വിചാരിക്കുന്ന ആളുകളുടെ ഒരു പട്ടിക എഴുതിയുണ്ടാക്കുക.
- അവരിലേക്ക് ഇറങ്ങിച്ചെല്ലാൻ പറ്റിയ രീതിയിൽ ഒരു അത്ഭുതം ദൈവം പ്രവർത്തിക്കാനും, അതിനുള്ള അവസരങ്ങളും ധൈര്യവും ഉണ്ടാകുവാനുമായി പ്രാർത്ഥിക്കുക.

ദിനം 25

# അപ്പല്ലോസ്

## അപ്പ പ്രവർത്തികൾ 18:24-28, 19:1

പൗലോസിന്റെ സുഹൃത്തായിരുന്ന അപ്പല്ലോസ് സുവിശേഷകനും പഥ്യോപദേശകനും സഭ നായകനുമായിരുന്നു. റോമാസാമ്രാജ്യത്തിലെ രണ്ടാമത്തെ നഗരവും ഉന്നതശ്രേണിയിലുള്ള ഒരു സർവ്വകലാശാല സ്ഥിതിചെയ്യുന്നിടവും യഹൂദർ തിങ്ങിപ്പാർത്തിരുന്ന ഇടവുമായ ഈജിപ്തിലെ അലക്സാണ്ട്രിയദേശക്കാരനായിരുന്നു അവൻ. പണ്ഡിതനും പ്രാസംഗികനും പഠിപ്പിക്കാൻ വൈദഗ്ദ്യമുള്ളവനുമായിരുന്ന അദ്ദേഹം യേശുവിനെക്കുറിച്ചും അവിടുത്തെ ക്രൂശുമരണത്തെക്കുറിച്ചുമുള്ള പഥ്യോപദേശത്തെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ കൂടുതൽ ഒരുക്കപ്പെട്ടവനായി യേശുവിനെക്കുറിച്ചു പങ്കുവയ്ക്കാൻ തുടങ്ങി. അവന്റെ സംസാരത്തെക്കുറിച്ച് പ്രാഗല്ഭ്യത്തോടെ പ്രസംഗിക്കുന്നവനെന്നും സൂക്ഷമതോടെ പ്രസ്താവിക്കുന്നവനെന്നും ആത്മാവിൽ തീക്ഷ്ണതയുള്ളവനെന്നും തിരുവെഴുത്തുകളിൽ സാമർത്ഥ്യമുള്ളവനെന്നും വചനം സാക്ഷിക്കുന്നു.

തന്റെ ജന്മദേശത്തുനിന്നും വളരെ അകലുള്ള ദേശമായ എഫേസൂസിൽ യേശുവിനെക്കുറിച്ച് അവനറിയാവുന്ന കാര്യങ്ങൾ പ്രസംഗിച്ചുപോന്നു. വിശ്വാസസത്യങ്ങളെക്കുറിച്ച് അവനുള്ള അറിവുപൂർണ്ണമായിരുന്നില്ല - സ്നാനത്തെപ്പറ്റിയും മറ്റും. സുവിശേഷത്തെക്കുറിച്ച് വ്യക്തമായ അറിവ് അവനുലഭിക്കേണ്ടതുണ്ടായിരുന്നു.

അപ്പല്ലോസ് സുനഗോഗിൽ പ്രസംഗിക്കുന്നതുകേട്ട പ്രിസ്കില്ലായും അക്വില്ലായും അവനെ തങ്ങളുടെ വീട്ടിൽ വിളിച്ചു വരുത്തി - പക്വതയോടുകൂടിയ ഒരു രീതിയിൽ. പരസ്യമായി അവനെതിരെ തർക്കിക്കുകയോ അപമാനിക്കുകയോ ചെയ്യാതെ സൗഹൃദം നിറഞ്ഞ ഒരു കൂട്ടായ്മയുടെ അന്തരീക്ഷത്തിൽ അവർ അവനെ തിരുത്തി, ദൈവവചനം ശരിയായ രീതിയിൽ വ്യക്തമാക്കിക്കൊടുത്തു.

വീട്ടിൽപോയി തങ്ങളോടു സംസാരിച്ച പ്രാസംഗികനെ വിമർശിക്കുകയയോ, തങ്ങളുടെ കുടുംബ കൂട്ടായ്മയിൽ ദൂഷണം പറയുകയോ ചെയ്യുന്നതിനുപകരം, അവനെ നേരിട്ടു സമീപിച്ച് അവനുവേണ്ടി സമയം കൊടുത്ത് സ്നേഹബന്ധം ഉണ്ടാക്കി ഒരു സഹസുവിശേഷകനായി അവനെ മാറ്റുകയായിരുന്നു അവർ ചെയ്തത്.

പ്രസ്കില്ലായിൽനിന്നും അകില്ലായിൽ നിന്നും കാര്യങ്ങൾ വ്യക്തമായി പഠിച്ച അപ്പല്ലോസ് കൂടുതൽ വ്യക്തതയോടും കൃത്യതയോടും കൂടി ദൈവവചനം സംസാരിക്കാൻ തുടങ്ങി. അവനു ലഭിച്ച തെറ്റുതിരുത്തൽ അവനെ കൂടുതൽ ഫലപ്രദമായി ശുശ്രൂഷചെയ്യാനുള്ള പ്രോത്സാഹനവും ശക്തിപ്പെടുത്തലുമായി മാറി.

സ്നേഹപൂർണ്ണമായ ഒരു കൂട്ടായ്മായിൽ പരസ്പരം സഹായിക്കുന്നവരാണു നാമെങ്കിൽ, നമ്മുടെ സഭയുടെയും കൂട്ടായ്മയുടെയും അവസ്ഥയെന്താകുമായിരുന്നു? നമുക്കൊരുമിച്ച് ഈ ആളുകളുടെ ജീവിതം പരിശോധിക്കാം:

അപ്പല്ലോസിൽ നിന്നും നമുക്കു പഠിക്കാൻ കഴിയുന്ന നല്ലഗുണങ്ങൾ എന്തൊക്കെയാണ്?
നിങ്ങൾക്കു തെറ്റു പറ്റുമ്പോൾ അതു തിരുത്തപ്പെടുന്നതിനെ എളിമയുള്ള ഒരു ഹൃദയത്തോടെ സ്വീകരിക്കാൻ തയ്യാറാണോ?
വചനം സംസാരിക്കുന്നകാര്യത്തിൽ അപ്പല്ലോസ് കാണിക്കുന്ന ധീരത നമുക്കിന്നുണ്ടോ?
അഖയായിൽ അപ്പല്ലോസ് എത്രമാത്രം ഉപയോഗമുള്ളവനായിരുന്നു (വാ 27, 28)? നിങ്ങളുടെ കുടുംബകൂട്ടായ്മയിൽ നിങ്ങൾ എത്രമാത്രം ഉപയോഗമുള്ളവരാണ്? കൂടുതൽ ഉപയോഗമുള്ളവരാകാൻ കഴിയുന്ന മേഖലകൾ ഏതൊക്കെയാണ്? കൂടുതൽ ശുശ്രൂഷചെയ്യാൻ നിങ്ങൾക്കുള്ള താത്പര്യം നായകരോടു സംസാരിക്കാനുള്ള സന്നദ്ധത നിങ്ങൾക്കുണ്ടോ?

**പ്രാർത്ഥന:**
കർത്താവേ, മറ്റുള്ളവരെ അനുകമ്പയോടെ കാണാനും അവരോടു സ്നേഹത്തിൽ സത്യം സംസാരിക്കാനുമുള്ള ഹൃദയം ഞങ്ങൾക്കു തരേണമേ. പ്രോത്സാഹനത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ തിരുത്തുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. മറ്റുള്ളവരുടെ ജീവിതത്തിലേക്കു സമയം നൽകാനും സ്നേഹത്തിൽ അവരെ കരുതാനും ഞങ്ങളെ സഹായിക്കേണമേ. തെറ്റുകൾ തിരുത്തപ്പെടുമ്പോൾ വിനയമനോഭാവത്തോടെ അതെടുക്കുവാൻ നീ ഞങ്ങളെ സഹായിക്കേണമേ. എന്റെ മിനിസ്ട്രിയിലുള്ളവർക്കു വലിയ സഹായമായിത്തീരാൻ തക്കവിധത്തിൽ നീ എന്നെ നയിക്കേണമേ. യേശുവിൻ നാമത്തിൽ, ആമേൻ.

ദിനം 26

# തുഖിക്കോസ് - പ്രിയ സഹോദരൻ

പൗലോസിന്റെ കൂട്ടുവേലക്കാരനിൽ ഒരാളായാണ് നാം തുഖിക്കോസിനെ കാണുന്നത്. പുതിയ നിയമത്തിൽ അഞ്ചിടത്ത് അവനെക്കുറിച്ചു സംസാരിക്കുന്നതു നാം കാണുന്നു (അപ്പ 20:4, കൊലോ 4:7, എഫേസ്യർ 6:21, 2 തിമോത്തി 4:12, തിത്തൂസ് 3:12)

പൗലോസിന്റെ മൂന്നാം ദൗത്യയാത്രയിലാണ് തുഖിക്കോസ് അവനോടു ചേരുന്നത് (അപ്പ 18:23, 21:26), സോപത്രോസ്, അരിസ്റ്റാർക്കസ്, സെക്കുന്തോസ്, ഗായോസ്, തിമോഥെയോസ് ത്രോഫിമോസ് തുടങ്ങിയ ആറുപേരോടൊപ്പം (അപ്പ 20:4). സഭയെശക്തിപ്പെടുത്തിയും പ്രോത്സാഹിപ്പിച്ചും അവർ യെരുശലേം വരെ യാത്രചെയ്തു. വളരെയധികം അപകടകരമായ ഈ യാത്രയ്ക്ക് വലിയ സമർപ്പണം തുഖിക്കോസിന്റെ ഭാഗത്തുനിന്നും വേണമായിരുന്നു എന്നാലും അവൻ അതിനു തയ്യാറായി. തന്റെ ദേശത്തുനിന്നും കുടുംബത്തിൽ നിന്നും ആളുകളിൽനിന്നുമെല്ലാം ഏറെമാറിനിന്നു ദൈവവേലചെയ്യാൻ അവൻ തയ്യാറായി.

നിങ്ങളുടെ ഇപ്പോഴത്തെ ജീവിതത്തിൽ എത്രമാത്രം ദൈവത്തോടുള്ള സമർപ്പണം കാണാൻ സാധിക്കുന്നുണ്ട്?

തുഖിക്കോസിന്റെ സ്ഥാനത്തായിരുന്നു നിങ്ങളെങ്കിൽ, അപകടം നിറഞ്ഞ ഈ വഴിത്താര സ്വീകരിച്ചു പൗലോസിനൊപ്പം പോകുമായിരുന്നോ? ദൈവരാജ്യം പടുതുയർത്താനായി ഞാൻ പോയിട്ടുള്ള മിഷണറിയാത്രകൾ ഏതൊക്കെയാണ്? മിഷൻടീമിന്റെ നായകനല്ലാത്ത ഒരു അവസ്ഥയിലും മറ്റൊരു ദേശത്തുചെന്നു സഭയെ ശുശ്രൂഷിക്കാൻ ഞാൻ തയ്യാറാകുമോ? ദൈവം വിളിക്കുന്ന ഒരു ദേശത്തേക്കു ചെന്ന് ദൗത്യശുശ്രൂഷചെയ്യാൻ ഞാനിന്ന് ഒരുക്കമാണോ?

പൗലോസും ലൂക്കോസും അടങ്ങിയ മഹത്തായ ഒരു സംഘം സഹോദരന്മാരോടുകൂടെ പ്രവർത്തിക്കാൻ കഴിയുകയെന്നത് തുഖിക്കോസിനെ സംബന്ധിച്ച് വലിയ ഒരു അവസരമായിരുന്നിരിക്കണം. ഈ സഹോദരന്മാർ പരസ്പരം ചെലുത്തിയിരുന്ന സ്വാധീനവും വളരെ വലുതായിരുന്നിരിക്കണം.

ഞാൻ കൂട്ടുകൂടുന്ന ആളുകൾ എങ്ങിനെയുള്ളവരാണ്? അവർ എന്നിൽ ചെലുത്തുന്ന സ്വാധീനം എത്രമാത്രമാണ്?

## എഫേസ്യർ 6:21–22, കൊലോസ്യർ 4:7–9

പൗലോസും മറ്റുസഹോദരരും കാരാഗൃഹത്തിലാണ്. ആ സമയം മറ്റുസഭകളിലേക്കു സന്ദേശവാഹകനായും അവരെ പ്രോത്സാഹിപ്പിച്ച് പൗലോസിന്റെയും കൂട്ടാളികളുടെയും വിശേഷങ്ങൾ അവരെ ധരിപ്പിക്കുന്നതിനായും തുഖിക്കോസ് അയക്കപ്പെടുന്നു. പ്രിയ സഹോദരനെന്നും, കർത്താവിൽ വിശ്വസ്തനായ ശുശ്രുഷകനെന്നും സഹവേലക്കാരനെന്നുമാണ് പൗലോസ് തുഖിക്കോസിനെ വിശേഷിപ്പിക്കുന്നത്.

നമ്മുടെ സഹവിശ്വാസികൾ ഇന്നു നമ്മെ വിളിക്കുന്നതെപ്രകാരമാണ്? പ്രിയപ്പെട്ട സഹോദരൻ/സഹോദരി? കർത്താവിൽ വിശ്വസ്തദാസൻ? വിശ്വസ്തനായ ശുശ്രൂഷകൻ? കർത്താവിൽ സഹ സേവകൻ?

എന്തൊക്കെ മാറ്റങ്ങളാണ് ഞാൻ വരുത്തേണ്ടത്?

### 2 തിമോത്തി 4:12, തിത്തൂസ് 3:12

ഒരു സഭയിലേക്ക് ആരെ അയക്കുമെന്നു ചിന്തിച്ച പൗലോസിന് മറുപടിയായിരുന്നു വിശ്വസ്തനായ തുഖിക്കോസ്. അവനെ ആശ്രയിക്കാനും ചുമതലകൾ വിശ്വസിച്ചേൽപ്പിക്കുവാനും കഴിയുമായിരുന്നു. ആദിമസഭയുടെ വിശ്വസ്തനായ ഒരു സേവക നാണ് ഇയാൾ എന്നകാര്യം, പൗലോസ് അവന്റെ പേരുപയോഗിക്കുമ്പോൾത്തന്നെ നമുക്കു മനസ്സിലാക്കാം.

എന്റെ ശുശ്രൂഷ ഇന്ന് എത്രമാത്രമുണ്ട്? മറ്റുള്ളവരാണോ ജോലികളെല്ലാം ചെയ്യുന്നത്, അതോ ഞാനും അതിൽ പങ്കാളിയാണോ? അല്ലങ്കിൽ എന്താണ് എന്നെ പിറകോട്ടു പിടിച്ചു നിർത്തുന്നത്?

മറ്റുള്ളവരെ ശുശ്രൂഷിക്കാനുള്ള അനേകവഴികൾ നമുക്കുമുമ്പിലുണ്ട്. മറ്റുള്ളവരുമായി പ്രാർത്ഥിക്കുക, അവരെ സന്ദർശിക്കുക, പ്രോത്സാഹിപ്പിക്കുക, അസുഖത്തിലുള്ളവരെ ശുശ്രൂഷിക്കുക, കരയുന്നവരെ ആശ്വസിപ്പിക്കുക, ആതിഥ്യമർപ്പിക്കുക, സഭ ായോഗത്തിൽ സ്വയം സേവകനാവുക — ഇന്നുതന്നെ തുടങ്ങാം നമുക്ക്.

**പ്രായോഗികത:**
ഒരു മിഷൻ ടീമിൽ പോകാൻ സമർപ്പിക്കുക. കുറച്ചു സമയത്തേക്കെങ്കിലും വേറെയൊരു ദേശത്തുപോയി അവിടെ വിശ്വാസം പങ്കുവയ്ക്കുകയും, അവിടത്തെ സഹോദരങ്ങളെ ശക്തീകരിക്കുകയും ചെയ്യുക.

ദിനം 27

# തീത്തുസ്

പൗലോസ് യേശുവിങ്കലേക്കു കൂട്ടിച്ചേർത്ത യവനദേശക്കാരനായ തീത്തൂസ്, പൗലോസിന്റെ ശുശ്രൂഷയിൽ വലിയ സഹായിയാ യിരുന്നു. തിമോത്തിയോടും മറ്റു കുറച്ചുപേരോടുമൊപ്പം തിത്തൂസിനെയും കഠിനമായ ജോലികൾക്കും ആത്മീയ താങ്ങിനുമായി പൗലോസ് കൂടെക്കൂട്ടി.

### തീത്തൂസിന്റെ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങൾ:

- ഗലാത്യർ 2:13 വിജാതീയരോടു ദൈവം കാണിച്ച കൃപയുടെ ദൃഷ്ടാന്തമായി പൗലോസിനോടൊപ്പം യെരുശലേമിലേക്കു പോയി.
- 2 കൊരിന്ത്യർ 8:16-18 കൊരിന്ത്യയിലെ സഭകളോടു കർക്കശമായി സംസാരിക്കുന്ന ലേഖനങ്ങൾ പൗലോസിന്റെ പ്രതിപുരുഷ നെന്ന സ്ഥാനത്തുനിന്ന് കൊണ്ടുപോയി കൊടുത്തു.
-തീത്തൂസ് 1:4-5 വേണ്ട ശിക്ഷണം നൽകി സഭയെ വളർത്താനായി ക്രേത്തിൽ നിയമിച്ചു.
- 2 തിമോത്തി 4:10 അവസാനമായി എഴുതപ്പെടുമ്പോൾ ഡാൽമേഷ്യയിൽ ശുശ്രൂഷചെയ്യുന്നുവെന്നു കാണുന്നു.

### ചിന്തിക്കേണ്ടതിനായി:

1. വിജാതീയരിൽനിന്നും ക്രിസ്തുവിലേക്കുവന്ന അനേകർ പൗലോസിനൊപ്പമുണ്ടായിട്ടും എന്തുകൊണ്ടായിരിക്കും അദ്ദേഹം തീത്തൂസിനെ തിരഞ്ഞെടുത്തത്?
2. കൊരിന്ത്യയിലെ സഭ കടന്നുപോയിരുന്ന വിഷമസന്ധികൾ പരിഗണിക്കുമ്പോൾ, അവർക്കുള്ള ലേഖനമെത്തിക്കാനും അവ രുടെ പ്രതികരണം തിരികെ അറിയിക്കാനുമായി തീത്തൂസിനെത്തന്നെ നിയമിച്ചതെന്തുകൊണ്ടായിരിക്കും?
3. ക്രേത്തിൽ ഒരു നായകമാറ്റം വേണ്ടിവന്നപ്പോൾ തീത്തൂസിനെ പറഞ്ഞയച്ചതെന്തുകൊണ്ടാണ്?
4. പൗലോസും തീത്തുസും തമ്മിലുള്ള ബന്ധത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?
5. കഴിവുറ്റവനും കാര്യശേഷിയുള്ളവനുമെന്ന നിലയിൽ തീത്തൂസിൽ കണ്ടുവരുന്ന മൂന്നു പ്രധാനപ്പെട്ട സ്വഭാവസവിശേഷത കൾ എന്തൊക്കെയാണ്?

### പ്രായോഗികത:

- ആത്മീയമായി മരിച്ച ഈ ലോകത്തിൽ ദൈവത്തിന്റെ രൂപാന്തരപ്രവർത്തിയുടെ ഉദാഹരണമായി നമ്മെ കണക്കാക്കപ്പെടാൻ എന്തൊക്കെ മാറ്റങ്ങൾ വരുത്തണം?
- തീത്തൂസിന്റെ ഏതു സ്വഭാവസവിശേഷതയാണ് നിങ്ങൾ അനുകരിക്കാൻ ആഗ്രഹിക്കുന്നത്?
- മിഷൻ വേലക്കായി പോകണമെങ്കിൽ നാം ഉണ്ടാക്കിയെടുക്കേണ്ട സ്വഭാവ സവിശേഷതകൾ എന്തൊക്കെയായിരിക്കും?

ദിനം 28

# സീലാസ്

ആദിമ ക്രിസ്തുസഭയിലെ ഒരു സജ്ജീവ നായകനായാണ് നാം അപ്പ 15:22ൽ സീലാസിനെ കാണുന്നത്. യഹൂദപശ്ചാത്തലത്തിൽ നിന്നുമുള്ള ശിഷ്യന്മാർ, വിജാതീയപശ്ചാത്തലത്തിൽ നിന്നും വരുന്നവർ പരിച്ഛേദനം സ്വീകരിക്കണമെന്ന തെറ്റായപഠിപ്പിക്കലുമായി സഭയിൽ അക്കാലത്ത് ആശയക്കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അന്ത്യോക്യയിലുള്ള സഭയിൽ അപ്പസ്തോലകൂട്ടായ്മയുടെ തീരുമാനങ്ങൾ അറിയിക്കുവാനായി പൗലോസിന്റെയും ബർണ്ണാബാസിന്റെയും കൂടെ സീലാസും നിയമിക്കപ്പെട്ടു. പ്രവാചകരെ എന്നപോലെ അവരെ ദൈവം എത്രമാത്രം ശക്തമായി ഉപയോഗിച്ചു, അന്ത്യോക്യയിലുള്ള സഹോദരീസഹോദരന്മാരെ ധൈര്യപ്പെടുത്തിയെന്ന് 30-32 വാക്യങ്ങളിൽ എഴുതിയിരിക്കുന്നു. ആദിമസഭയിലെ ശ്രേഷ്ഠരായ നായകരുടെ തലപ്പൊക്കത്തിൽ നിൽക്കുന്ന ഒരാളല്ല ഈ വേദഭാഗത്തു നാം കാണുന്ന സീലാസ് - പിന്നീട് അവൻ തലപ്പത്തുള്ള ഒരു നായകനായിക്കാണുമായിരിക്കും - പകരം സഭയെ നിസ്തുലമായി സേവിച്ച അറിയപ്പെടാത്ത ഒരു താരമാണ് സീലാസ്. താഴ്ന്ന ഒരു സ്ഥാനത്തു വിശ്വസ്തതയോടെ ശുശ്രൂഷചെയ്തുകൊണ്ട് ദൈവപദ്ധതികളുടെ നിറവേറ്റലിനായി അവൻ പൗലോസിന്റെയും ബർണ്ണാബാസിന്റെയും സഹയാത്രികനായി.

സീലാസിന്റെ ആ ഹൃദയം കാണാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? സ്ഥാനമാനങ്ങളെക്കുറിച്ചു ആകുലപ്പെടാതെ, മനുഷ്യരെ ശ്രദ്ധിക്കാതെ, ദൈവത്തെ ശ്രദ്ധിച്ചു പ്രവർത്തിച്ച ഒരു ഹൃദയം. ജീവിതത്തിലെ പ്രഥമസ്ഥാനം ദൈവരാജ്യത്തിനായിരുന്നു.
മറ്റുള്ളവരോടൊത്തു സൗഹൃദക്കൂട്ടായ്മകളുമായി മാത്രം മുന്നോട്ടുപോകുന്നവനായിരുന്നോ സീലാസ്, അതോ തനിക്കു ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ചെയ്യുന്നവനായിരുന്നോ? നിങ്ങളായിരിക്കുന്ന സഭയിലെ സഹോദരീസഹോദരന്മാരെ വിശ്വാസത്തിൽ ധൈര്യപ്പെടുത്താൻ നിങ്ങൾക്കു എന്തൊക്കെ ചെയ്യാൻ കഴിയും? നിങ്ങളുടെ ജീവിതത്തിലോ മറ്റുള്ളവരുടെ ജീവിതത്തിലോ സഭയിലോ വലിയ കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ സീലാസു നിലകൊണ്ടതുപോലെ നിങ്ങളും നിലകൊള്ളുമോ?

കഥ ഇവിടെ തീരുന്നില്ല. പൗലോസിന്റെ രണ്ടാമത്തെ ദൗത്യയാത്രയിൽ പോകുവാനായി സീലാസിനെ തിരഞ്ഞെടുത്തു. വചനപ്രഘോഷണത്തിന് പൗലോസിനുണ്ടായിരുന്ന അതേ നിശ്ചയദാർഢ്യം സീലാസിനുമുണ്ടായിരുന്നു (അപ്പ 15:40).

മറ്റൊരു പീഡനപർവ്വത്തിലുംകൂടി അവർക്കു കടന്നുപോകേണ്ടിവന്നു, ഫിലിപ്യയിൽ വച്ച് അവർ മർദ്ദിക്കപ്പെടുകയും ചാട്ടവാറടിക്കപ്പെടുകയും കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു. ദൈവത്തെകുറ്റപ്പെടുത്തുന്നതിനു പകരം പൗലോസും സീലാസും പാട്ടുപാടുകയും ദൈവത്തെസ്തുതിക്കുകയുമാണു ചെയ്തത് (അപ്പ 16:22-34).
തെസ്സലോനിക്യയിൽ വച്ച്, തങ്ങളെ കൊല്ലാൻ ഇച്ഛിച്ചു ചുറ്റും കൂടിയ ഒരു ജനക്കൂട്ടത്തിനു നടുവിൽ അവർ അകപ്പെട്ടു (അപ്പ 17:4-5), അവിടെനിന്നും രക്ഷപെട്ടു ബെറോവയിൽ എത്തിയതും പീഡനമദ്ധ്യത്തിലേക്കാണ് (അപ്പ 17:10-14). തങ്ങളെപ്പറ്റി ദൂഷണം പറഞ്ഞ യഹൂദരെ അവർക്കു കൊരിന്തിൽ നേരിടേണ്ടിവന്നു (അപ്പ 18:5-8).

തനിക്കു നേരിടേണ്ടിവന്ന സകല കൊടുങ്കാറ്റിലും വലുതായി യേശുവിനെ കാണാനും, കൂടുതൽ ശക്തമായി തന്നെ മുന്നോട്ടു നയിക്കുന്ന കൊടുങ്കാറ്റായി തന്റെ ദൗത്യത്തെ കാണാനും സീലാസിനു കഴിഞ്ഞു.
താൻ നേരിട്ട പീഡനങ്ങളിൽ ഓരോന്നിലും തനിക്കുനേടിയെടുക്കാൻ കഴിഞ്ഞ ആത്മാക്കളുടെ രക്ഷയെ ഓർത്തുള്ള ആനന്ദമായിരുന്നു സീലാസിന്റെ ഹൃദയത്തിലുണ്ടായിരുന്നത്, അല്ലാതെ തനിക്കു സഹിക്കേണ്ടിവന്ന യാതനകളും ശാരീരിക വേദനയും ഓർത്തുള്ള ദുഃഖമല്ലായിരുന്നു.

ജീവിതത്തിലേക്കു പ്രതിസന്ധികളും പ്രയാസങ്ങളും കൂടെക്കൂടെ കടന്നുവരുമ്പോൾ നമ്മുടെ മനോഭാവമെന്താണ്? ആരുടെ മേൽ പഴിചാരണമെന്ന ചിന്തയാണോ?

സീലാസിനെക്കുറിച്ചുള്ള അവസാനനിഗമനങ്ങളൊന്നും നമുക്കു വചനത്തിൽ കാണുവാൻ കഴിയുന്നില്ല, 1 പത്രോസ് 5:12ൽ വിശ്വസ്തനായ സഹോദരനെന്ന പത്രോസിന്റെ വിശേഷണമൊഴികെ.
ശ്രദ്ധിക്കപ്പെടാത്തവരും പുകഴ്ത്തപ്പെടാത്തവരുമായ സീലാസിനെപ്പോലുള്ള താരങ്ങളിലൂടെ ദൈവം തനിക്കു മഹത്വം കൂട്ടുന്നു. എന്നെയും നിങ്ങളെയും ഇതുപോലെതന്നെ ഉപയോഗിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. അവന്റെ ഹിതത്തിനു വഴങ്ങാനുള്ള ഒരുക്കം നമ്മൾക്കുണ്ടോ?

നമ്മുടെ കഴിവുകളെക്കാളുപരിയായി ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നതു നമ്മുടെ ലഭ്യതയാണ്. ദൈവത്തിന്റെ ആവശ്യങ്ങൾക്കായി ഏതു സാഹചര്യത്തിലും എന്തുരീതിയിലും ലഭ്യമാകാൻ തയ്യാറായിരുന്ന ഒരാളായിരുന്നു സീലാസ്. തന്റെ സ്ഥാനമാനങ്ങൾ ഏതായിരുന്നാലും താൻ ചെയ്യുന്ന കാര്യങ്ങളിൽ ഏറ്റവും മികച്ചതുനൽകാൻ കഴിഞ്ഞതിനാലാണ് നല്ലവനും വിശ്വസ്തനുമായ ഭൃത്യനെന്ന പേര് സീലാസിനു വീണത്.

### പ്രായോഗികത:

- നിങ്ങൾ കടന്നുപോയിട്ടുള്ളതും ഇപ്പോൾ കടന്നു പോകുന്നതുമായ ഓരോ വിഷമഘട്ടങ്ങളെക്കുറിച്ചും ഓർത്തു ദൈവത്തിനു നന്ദിപറയുക, കാരണം അവ നിങ്ങളെ ദൈവത്തോട് അടുപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളൂ.
- തന്റെ ദൗത്യത്തിനായി നിങ്ങളെ കൂടുതൽ ദൈവം ഉപയോഗിക്കുന്നതിനായി ലഭ്യമാകാൻ തീരുമാനിക്കുക.
- പുതിയ ആളുകൾ സഭയിലേക്കു കടന്നുവരുമ്പോൾ അവരെ വചനം പഠിപ്പിക്കുന്നതിൽ സജീവ പങ്കാളിയാവുക.
- ആരെയെങ്കിലും പ്രോത്സാഹിപ്പിച്ച് ധൈര്യപ്പെടുത്തുക - ഇന്നുതന്നെ.

നല്ലവനും വിശ്വസ്തനുമായ ഭൃത്യാ.. എന്നു ദൈവം നിങ്ങളെ വിളിക്കാൻ ഇടയാകട്ടെ.

ദിനം 29

# വൈദ്യനായ ലൂക്കോസ്

**ചരിത്രം:**
യഹൂദനല്ലായിരുന്ന അവൻ, അക്കാലത്തെ യവന (ഗ്രീക്കു) രീതികളിൽ വളർന്നു വന്ന ഒരുവനായിരുന്നു. യേശുവിലേക്കുവന്ന യവനന്മാരിൽ ബൈബിൾ പുസ്തകങ്ങളിൽ സ്ഥാനം പിടിക്കാൻ സാധിച്ച ഏകൻ. അക്കാലത്ത് വൈദ്യനെന്നുഗണിച്ചിരുന്നവനും, ക്രിസ്തു ശിഷ്യനും, പൗലോസിന്റെ ദൗത്യപ്രയാണങ്ങളിൽ സഹയാത്രികനുമായിരുന്നു ലൂക്കോസ്. താനെഴുതിയ സുവിശേഷത്തിൽ 35 ഉപമകൾ നമുക്കു കാണാം, അതിൽ 19 ഉപമകൾ മറ്റൊരു സുവിശേഷത്തിലും കാണാത്തതാണ്. മറ്റാരും പറയായാത്ത ആറു അത്ഭുതങ്ങളെക്കുറിച്ചും ലൂക്കോസ് പറയുന്നു. പരിശുദ്ധാത്മാവു അവനെ പ്രചോദിപ്പിച്ചില്ലായിരുന്നെങ്കിൽ നല്ല ശമര്യാക്കാരനെക്കുറിച്ചും, ധനികനായ വിഡ്ഢിയെക്കുറിച്ചും, ധൂർത്ത പുത്രനെക്കുറിച്ചും, ധനവാനെയും ലാസറിനെയുംകുറിച്ചുമൊന്നും നമുക്കു വായിക്കുവാനേ കഴിയുമായിരുന്നില്ല.

സുവിശേഷങ്ങളും ലേഖനങ്ങളും തമ്മിൽ ബന്ധിക്കുന്ന ഒഴിച്ചുകൂടാനാവാത്ത ഒരു കണ്ണിയായി അപ്പസ്തോലപ്രവർത്തി പുസ്തകം നിലനിൽക്കുന്നു. ആദിമനൂറ്റാണ്ടിലെ സഭകൾ എങ്ങനെ സ്ഥാപിക്കപ്പെട്ടു എന്നതിനെക്കുറിച്ചു നമുക്കു യാതൊരു വിവരവും ഈ പുസ്തകമില്ലെങ്കിൽ ലഭ്യമാകുമായിരുന്നില്ല.

ഞങ്ങൾ എന്ന വാക്കുപയോഗിക്കുന്ന മൂന്നു ഭാഗങ്ങൾ അപ്പസ്തോലപ്രവർത്തി പുസ്തകത്തിൽ നാം കാണുന്നു (അപ്പ 16:10-40, 20:5-21, 27:1-28). ഈ ഭാഗങ്ങളിലെ വിവരണത്തിലൂടെയാണ് പൗലോസിനൊടൊപ്പമുള്ള തന്റെ യാത്രാപങ്കാളിത്തം ലൂക്കോസ് വ്യക്തമാക്കുന്നത്.

**ബോധ്യങ്ങൾ:**
1. വൈദ്യശാസ്ത്രത്തിലുള്ള തന്റെ പ്രാവീണ്യവും ഒരു ചരിത്രരചയിതാവ് എന്ന രീതിയുള്ള തന്റെ കഴിവുകളും ദൈവരാജ്യത്തിന്റെ മുന്നേറ്റത്തിനായി ലൂക്കോസ് ഉപയോഗപ്പെടുത്തി - ഈ കഴിവുകൾ തനിക്കു സമ്പദ് വർദ്ധനയ്ക്കായി ഉപയോഗപ്പെടുത്താമായിരുന്നെങ്കിലും.
2. തന്നിലേക്ക് ശ്രദ്ധകൊണ്ടുവരുന്ന രീതിയിൽ ലൂക്കോസ് പെരുമാറുന്നതുനാം കാണുന്നില്ല, പകരം യേശുവിലേക്കും പരിശുദ്ധാത്മാവിന്റെ പ്രവർത്തിയിലേക്കും അവൻ ശ്രദ്ധക്ഷണിക്കുന്നു.
3. തന്റെ സുഹൃത്തായ പൗലോസിനോടുള്ള വിശ്വസ്തത അദ്ദേഹം ഉടനീളം പ്രദർശിപ്പിക്കുന്നു. മറ്റെല്ലാരും അവനെവിട്ടുപോയ ഇരുണ്ട കാലങ്ങളിൽ ലൂക്കോസ് പൗലോസിനോടൊപ്പം നിന്നു (2തിമോത്തി 4:11). ഇത്തരത്തിലുള്ള കഠിനതകളിലൂടെ കടന്നുപോകുന്ന നാളുകളിൽ (2 കൊരിന്ത്യർ 11:23-27) ഇതുപോലെ വിശ്വസ്തനായ ഒരു സുഹൃത്തും സഹപ്രവർത്തകനും കൂടെയുണ്ടായിരുന്നതിൽ പൗലോസ് എത്ര കൃതാർത്ഥനായിരിക്കണം?
4. ഒരു സഹ വേലക്കാരനായി പൗലോസിന്റെ കൂടെക്കൂടിയ ലൂക്കോസ് (കൊലോസ്യർ 4:14, ഫിലെമോൻ 24) തന്റെ രചനാവൈഭവം അനേകഹൃദയങ്ങളെ സ്പർശിക്കാനായി ഉപയോഗിച്ചു. തന്റെ സുവിശേഷവും അപ്പസ്തോല പ്രവർത്തി പുസ്തകവും ലോകമാസകലം സഭയെ പടുത്തുയർത്തുന്നതിന് ഉപയോഗപ്രദവുമായി.
5. യേശുവിന്റെ കർതൃത്ത്വത്തിന് അദ്ദേഹം കീഴടങ്ങിയിരുന്നു. കർത്താവ് തന്നെ അയക്കുന്നിടത്തേക്കു പോകാനും ശുശ്രൂഷിക്കാനും.

**പ്രായോഗികത:**
- ദൈവം നമുക്കു തന്നിട്ടുള്ള വരങ്ങളെക്കുറിച്ചും കഴിവുകളെക്കുറിച്ചും നമുക്കു തിരിച്ചറിവുണ്ടോ? അവയെ തിരിച്ചറിഞ്ഞ് ദൈവമഹത്വത്തിനായി സഭയിൽ ഉപയോഗിക്കുക.
- ലൂക്കോസിന്റെ സാന്നിദ്ധ്യം പൗലോസിനെ സംബന്ധിച്ച് വലിയ ഒരു പ്രോത്സാഹനമായിരുന്നു. നമ്മെ ആത്മീയമായി നയിക്കുന്നവരുമായി ഇതുപോലൊരു ബന്ധം വളർത്തിയെടുക്കാനും ഒരുമിച്ചു പ്രവർത്തിച്ച് ദൈവത്തിനു മഹത്വം കരേറ്റാനുമായി നമുക്കു തീരുമാനിക്കാമോ?

ദിനം 30

# ഒനേസിമൊസ് - പ്രയോജനമുള്ളവൻ

## ഫിലേമോൻ 10-11

ഫിലേമോന്റെ പക്കൽനിന്നും ഒളിച്ചോടിപ്പോയ ഒനേസിമൊസ് (പ്രയോജനമുള്ളവൻ എന്നർത്ഥം) എന്ന അടിമയെ പുനഃരവതരിപ്പിക്കാനാണ് പൗലോസ് ഫിലമോന്റെ പേർക്ക് ഈ കത്തെഴുതുന്നത്. റോമാസാമ്രാജ്യത്തിൽ ഏകദേശം ആറുകോടി അടിമകൾ അക്കാലത്ത് ഉണ്ടായിരുന്നെന്നാണ് പറയപ്പെടുന്നത്. യജമാനനെ വിട്ട് ഓടിപ്പോകുന്ന അടിമകളോടുള്ള പെരുമാറ്റം നിഷ്ഠൂരമായ രീതിയിലായിരുന്നു - പഴുപ്പിച്ച ഇരുമ്പുകൊണ്ട് നെറ്റിയിൽ അടയാളമിടുകയോ ചിലപ്പോൾ ക്രൂശിൽ തറച്ചുകൊല്ലുകയോ ഒക്കെ

യാണ് അവരെ കാത്തിരുന്ന പ്രതികരണരീതികൾ. റോമായിൽ തടവറയിലായിരുന്ന പൗലോസിന്റെ അടുക്കലെത്താൻ ഭാഗ്യം ലഭിച്ച ഒനേസിമൊസിന്റെ ജീവിതം വേറൊന്നായി. ഒരു ശിഷ്യനെന്ന നിലയിൽ അവന്റെ പേര് അന്വർത്ഥമാക്കാൻ അവനു കഴിഞ്ഞു (വാ 11).

## മൂല്യമറ്റ ഭൂതകാലം

തങ്ങളുടെ അടിമകളോടു നീതിപൂർണ്ണമായി പെരുമാറണമെന്ന് ദൈവം ഇസ്രായേൽ മക്കളോടു കൽപ്പിച്ചു, നല്ലവരെയാകട്ടെ അവർ ശ്രേഷ്ടമായ രീതിയിൽത്തന്നെ കണ്ടു. എന്നാൽ ഇവിടത്തെ ഒനേസിമോസിനു ലഭിച്ചത് സൽപേരല്ലായിരുന്നു. മോഷണവും (വാക്യം 18-19 സൂചിപ്പിക്കുന്നതുപോലെ), അലസതയും (വാക്യം 11), അതിനെല്ലാം മേൽ യജമാനനെ ചതിച്ചു കടന്നുകളഞ്ഞതും അവനുസ്വന്തമായുണ്ടായിരുന്ന വകകളായിരുന്നു. അവനെകയ്യിൽ കിട്ടിയാൽ കൊടുക്കാവുന്നതിൽ ഏറ്റവും കൂടിയ ശിക്ഷ കൊടുക്കണമെന്നു മാത്രമേ ഫിലെമോൻ ചിന്തിക്കാൻ വഴിയുള്ളൂ.

യേശുവിന്റെ നാമത്തിൽ തന്റെ ജീവിതത്തിൽ മാറ്റം വരുത്താനുള്ള ഒരു അവസരം ഒനേസിമൊസിനു കൈവന്നപ്പോൾ അവൻ അതും കരസ്ഥമാക്കി. നമ്മുടെ ജീവിതത്തിൽ, കഴിഞ്ഞകാലത്തിൽ കടിച്ചു തൂങ്ങിക്കിടക്കുന്നവരായി എത്ര തവണ നാം നമ്മെ കണ്ടിട്ടുണ്ട് (ഏശയ്യ 43:18)? നിങ്ങളുടെ ഉപയോഗ്യശൂന്യമായ ഭൂതകാലത്തെ അമൂല്യമായ ഭാവികാലമാക്കിമാറ്റാൻ കഴിയുന്ന പൗലോസിനെപ്പോലെ ഒരാൾ നിങ്ങളുടെ ജീവിതത്തിലുണ്ടോ? ഒരു മാറ്റത്തിന് നിങ്ങൾ എത്രമാത്രം തയ്യാറെടുപ്പുള്ളവനാണ്?

## മൂല്യമുള്ള ജീവിതം

റോമായിൽ താൻ നേടിയെടുത്ത സ്വാതന്ത്ര്യവും സുഖങ്ങളും വിട്ടുപേക്ഷിച്ച് - അവ തെറ്റായ രീതിയിൽ നേടിയെടുത്തതാണെങ്കിലും - തന്റെ നാട്ടിലേക്കും യജമാനന്റെ പക്കലേക്കും തിരികെച്ചെല്ലാൻ ഒനേസിമൊസ് തയ്യാറായി. വളരെയധികം അപകടസാധ്യതയുള്ള ഈ നീക്കം വചനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ അത്യധികം താരപദവിയുള്ളതാണ് (മത്തായി 5:9).

ഈ കഥയിലെ മറ്റൊരു അറിയപ്പെടാത്ത താരം ഫിലെമോൻതന്നെയാണ്. തന്റെ മുറിവുകളും അവകാശങ്ങളും വലിച്ചെറിഞ്ഞുകളഞ്ഞ്, തന്നെ ചതിച്ച് ഓടിപ്പോയ ഒനേസിമസിനെ ഒരു പ്രിയ സഹോദരനായി മനസ്സാ സ്വീകരിക്കാനുള്ള ആ ഹൃദയവിശാലതയാണ്. തനിക്കെതിരെ കുറ്റം ചെയ്തവനോടു ക്ഷമിക്കണമെന്നു പ്രതീക്ഷിക്കുകമാത്രമല്ല, താൻ വെറുക്കപ്പെട്ടവനെന്നു കരുതുന്നവനെ തിരിച്ചു സ്വീകരിക്കാനും കൂടിയാണ് ഫിലെമോനോട് ഇവിടെ ആവശ്യപ്പെടുന്നത്. രണ്ടുപേരേ സംബന്ധിച്ചും ഇത് എളുപ്പമായ ഒരു കാര്യമാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

നമ്മുടെ മുറിവുകൾ ക്ഷമിച്ചു, നമ്മോടു ചെയ്ത തെറ്റുകൾ പോകട്ടെയെന്നു വച്ച്, യേശുവിനു മഹത്വം കരേറ്റുന്നതിനും ആത്മാക്കളെ രക്ഷയിലേക്കു നയിക്കുന്നതിനും ശ്രദ്ധയർപ്പിച്ചു ജീവിക്കുമ്പോൾ നമ്മളും ഇവരെപ്പോലെ പുകഴ്ത്തപ്പെടാത്ത താരങ്ങളായി തീരുകയാണു ചെയ്യുക - ഈ കാലഘട്ടത്തിലും.

വരും കാലങ്ങളിൽ സഭയെ പിടിച്ചുലയ്ക്കാനും നശിപ്പിക്കാനും പര്യാപ്തമായ പീഡനങ്ങൾ വരാൻപോകുന്നത് സഭയ്ക്കുള്ളിൽ നിന്നുതന്നെയാണ് - ബന്ധങ്ങളിലുള്ള പരിഹരിക്കപ്പെടാത്ത വിള്ളലുകളായും പ്രശ്നങ്ങളായും വേദനകളായുമൊക്കെ. ഇന്നു നിങ്ങളുടെ ജീവിതത്തിൽ അങ്ങനെയൊരു കാര്യം നിലനിൽക്കുന്നുണ്ടോ? അതു നിങ്ങളെ നശിപ്പിച്ചു തുടങ്ങിയിരിക്കുന്നു എന്നു കാണാൻ നിങ്ങൾക്കാവുന്നുണ്ടോ? നിങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരാൾ ആരാണ് - ഒനേസിമൊസിനെ സംബന്ധിച്ചു പൗലോസു വഹിച്ച സ്ഥാനം പോലെ?

യഥാർത്ഥ ധൈര്യവും ബോധ്യവുമുള്ള, പ്രശ്നപരിഹാരത്തിനായി നീതിക്കുനിരക്കുന്ന എന്തും സൂര്യാസ്തമനത്തിനുമുന്നേ ചെയ്യുന്ന, സഭയ്ക്കു മഹത്വം കൂട്ടുന്ന യഥാർത്ഥ താരങ്ങളായി നമുക്കു മാറാം (എഫേസ്യർ 4:26).

ദിനം 31

# എപ്പഫ്രോദിത്തോസ്

## പ്രാണനെ അപകടപ്പെടുത്തിയ ശുശ്രൂഷകൻ

### ഫിലിപ്പിയർ 2:25-30, 4:18

നമ്മുടെ മനസ്സിലേക്കു പെട്ടെന്ന് ഓടിവരുന്ന ഒരു പ്രശസ്തി എപ്പഫ്രോദിത്തോസിനില്ലെങ്കിലും, ബൈബിൾ ചരിത്രത്തിൽ അവനും പ്രധാനപ്പെട്ട ഒരു ഭാഗമുണ്ട്. തടവറയിലായിരുന്ന പൗലോസ് ഫിലിപ്യർക്കായി എഴുതിയലേഖനത്തിൽ അവന്റെ പേര് രണ്ടു തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ ലേഖനം ഫിലപ്യയിലെ സഭയിൽ കൊണ്ടെത്തിച്ചത് എപ്പഫ്രോദിത്തോസ് ആയിരുന്നു.

റോമായിൽ വീട്ടുതടങ്കലിലായിരുന്ന പൗലോസിന് ഒരു സമ്മാനം കൊടുത്തയക്കാൻ ഫിലിപ്യയിലുള്ള സഭ തീരുമാനിച്ചു.

ദൈവത്തെ പ്രസാദിപ്പിക്കുന്ന സ്വീകാര്യമായ ഒരു സമ്മാനമെന്ന് പൗലോസ് ഇതേക്കുറിച്ചു പറഞ്ഞിരിക്കുന്നു. അവർ തങ്ങൾ കൊടുക്കാനുദ്ദേശിച്ച സമ്മാനം ശേഖരിച്ച് പൗലോസിന്റെയടുത്തേക്ക് എത്തിക്കാനായി ഉത്തരവാദപ്പെടുത്തിയത് എപ്പഫ്രൊദിത്തൊസിനെയായിരുന്നു.

തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിലും ഉപരിയായുള്ള ആത്മാർത്ഥത തന്റെ ശുശ്രൂഷയിൽ എപ്പഫ്രൊദിത്തൊസ് പ്രകടിപ്പിച്ചു. സഭയെയും പൗലോസിനെയും ശുശ്രൂഷിക്കുന്നതിനിടയിൽ അദ്ദേഹം അപകടകരമായ രീതിയിൽ അസുഖബാധിതനായി മരണത്തോടടുത്ത നിലയിലായി. അവനോടു കരുണ കാണിച്ച ദൈവം അവന്റെ ആയുസ്സു നീട്ടി കൊടുത്തതിനാൽ പൗലോസ് അവന്റെയടുക്കൽ സഭയ്ക്കുള്ള ലേഖനവുമായി തിരിച്ചു പറഞ്ഞച്ചു.

ഫിലിപ്യയിലുള്ളവരെ സംബന്ധിച്ച് എപ്പഫ്രൊദിത്തൊസ് ഒരു പ്രതിനിധി മാത്രമാണ് എന്ന രീതിയിലാണുനാം കാണുന്നത്, എന്നാൽ പൗലോസിനെ സംബന്ധിച്ചാകട്ടെ എപ്പഫ്രൊദിത്തൊസ് ഒരു സഹോദരനും (കുടുംബാംഗം), സഹശുശ്രൂഷകനും (ഒരേ ലക്ഷ്യത്തിനായി കഠിനാധ്വാനം ചെയ്യുന്നവൻ), സഹപടയാളിയും (ഒരേ കഠിനതകൾ പങ്കുവയ്ക്കുന്നവൻ) എല്ലാമാണ്.

ഭക്തനും വിശ്വസ്തനും ത്യാഗഭരിതമായ ജീവിതം നയിക്കുന്നവനുമാണ് എപ്പഫ്രൊദിത്തൊസ് എന്നു നമുക്ക് അനുമാനിക്കാൻ കഴിയും. സ്വതാത്പര്യങ്ങളേക്കാൾ ഉപരിയായി മറ്റുള്ളവരുടെ താത്പര്യങ്ങളെ മുൻനിറുത്തി പ്രവർത്തിച്ച അവൻ ക്രിസ്തുവിന്റെ ഹൃദയത്തിന് ഒരു ദൃഷ്ടാന്തമായിത്തീർന്നു (ഫിലിപ്യർ 2:4-5).

പൗലോസിനൊപ്പം രോഗബാധിതനായി വീഴുവോളം കഠിനാധ്വാനം ചെയ്യാൻ തയ്യാറായ എപ്പഫ്രൊദിത്തൊസ്, ഫിലിപ്യയിലുള്ള തന്റെ സഹോദരങ്ങൾ അവന്റെ രോഗവിവരമറിഞ്ഞതിലാണ് ആകുലപ്പെട്ടത്, അവർ വിഷമിക്കുമല്ലോ എന്നോർത്ത്.

കത്തിന്റെ അവസാനഭാഗത്ത് എപ്പഫ്രൊദിത്തൊസിനെക്കുറിച്ച് പൗലോസ് വീണ്ടും സൂചിപ്പിക്കുന്നു (4:18). ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് എന്നും പ്രചോദനമേകുന്ന ഒരു വചനമാണ് പൗലോസ് തൊട്ടുപിന്നാലെ എഴുതിയത്: എന്റെ ദൈവമോ നിങ്ങളുടെ ആവശ്യങ്ങളൊക്കെയും തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുവേശുവിൽ മഹത്വത്തോടെ നിറവേറ്റിത്തരും (വാ 19).

എപ്പഫ്രൊദിത്തൊസിനെപ്പോലെ പലയാളുകൾ സഭാശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുമ്പോൾ അനേകരുടെജീവിതം ധന്യമായതായിത്തീരും. അത്തരം ആളുകൾ മാനിക്കത്തക്കവരും, അവരുടെ സാന്നിദ്ധ്യം സന്തോഷം പ്രദാനം ചെയ്യുന്നതുമാണ്.

### പ്രായോഗിക ചിന്തകൾ:

എപ്പഫ്രൊദിത്തൊസിനെ പൗലോസ് സഹപോരാളിയെന്നും സഹപ്രവർത്തകനെന്നുമൊക്കെയാണ് അഭിസംബോധനചെയ്തത്. നിങ്ങളെ അറിയപ്പെടുന്നത് ഏതൊക്കെ രീതികളിലാണ്?
തന്റെ ജീവിതം തന്നെ അപകടത്തിലാക്കി എപ്പഫ്രൊദിത്തൊസ് പൗലോസിനെ സഹായിക്കാൻ തയ്യാറായി. സൗകര്യപ്രദമല്ലെങ്കിൽ പോലും സഭയെയും സഭാശുശ്രൂഷകരെയും നിങ്ങൾ സഹായിക്കുന്ന മേഖലകൾ ഏതൊക്കെയാണ്?

കുടുതൽ ചിന്തകൾക്ക്: ഫിലിപ്യർ 2:14, കൊലോസ്യർ 3:17, 23-24.

**വ്യക്തിഗത തീരുമാനങ്ങൾ:**